കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2018 മാർച്ച്
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**ഹെലൻ കെല്ലർ**
(ജീവചരിത്രം)
**രാധാകൃഷ്ണൻ അടുത്തില**
വില ₹45




**സുകുമാർ അഴീക്കോട്**
(ജീവചരിത്രം)
**വി ദത്തൻ**
വില ₹80




**മഴത്തുള്ളികൾ**
(കവിത)
**എസ് സതീദേവി**
വില ₹65



**ഞങ്ങൾ അമ്പിളിമാമന്റെ ഫാനാ ... നിങ്ങളോ?** (പ്രൈമറി വിഭാഗം)
**സൈജ എസ്**
വില ₹45




**അനിയൻ പഴംപൊരി**
(പ്രൈമറി വിഭാഗം)
**ഷിനോജ് രാജ്**
വില ₹40




**കടലിൽ പോയ അപ്പൂപ്പൻ**
(പുനരാഖ്യാനം)
**ജോസ് വഴുതനപ്പിള്ളി**
വില ₹60




**നേരിന്റെ വെളിച്ചം**
(നോവൽ)
**എസ് ഡി ചുള്ളിമാനൂർ**
വില ₹60




**മിന്നാമിന്നി**
(കവിത)
**ലതീഷ് കീഴല്ലൂർ**
വില ₹55

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
www.ksicl.org, e-mail : thaliru@ksicl.org, director@ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

മാർച്ച് 2018
വില ₹20
വാർഷികവരിസംഖ്യ ₹200

ഉള്ളടക്കം

## പരീക്ഷാക്കാലം - കുട്ടിക്കാലപേടികളും വിജയങ്ങളും 6

**ഡോ. അമർ ഫെറ്റിൽ**



കുട്ടികൾക്കിത് പരീക്ഷാക്കാലം. അവർക്ക് താങ്ങും തണലുമായി നിന്ന് ആത്മവിശ്വാസം പകർന്നു നൽകാൻ രക്ഷകർത്താക്കൾക്കു കഴിഞ്ഞാൽ അവർ നിശ്ചയമായും വിജയപഥത്തിലെത്തും. പരീക്ഷാക്കാലത്തെ കുറിച്ചുള്ള ഈ ലേഖനം വായിക്കൂ...

## ഇന്ത്യയുടെ തിളക്കമുള്ള രണ്ടു നക്ഷത്രങ്ങൾ



12

**കെ പി ലക്ഷ്മണൻ**

സസ്യശാസ്ത്രമേഖലയിൽ ഗവേഷണം നടത്തിയ വനിതാ ശാസ്ത്രജ്ഞരിൽ പ്രമുഖരായിരുന്നു ഡോ. ജാനകി അമ്മാളും ഡോ.കമല സൊഹോണിയും. അവരെക്കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുകയാണ് ഈ ലേഖനം.

## പൂച്ചവര

**ബി മുരളി**

16



പടംവര അവനു പ്രിയപ്പെട്ടൊരു വിനോദമായിരുന്നു. പക്ഷേ പൂച്ചയെ മാത്രമേ അവൻ വരയ്ക്കുകയുള്ളൂ. എപ്പോഴും കുറ്റപ്പെടുത്താറുള്ള അച്ഛനെ പോലും ഒരിക്കൽ അവൻ അമ്പരിപ്പിച്ചു. രസകരമായ ഈ കഥ വായിക്കൂ.


**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം**....................5
രാജീവ് എൻ ടി
**കവിതാപരിചയം**....................10
സുഗതകുമാരി
**സ്കൂൾഡെയ്സ്**....................15
രാജീവ് എൻ ടി
**തെയ്യം** ....................18
ഡോ. എ കെ നമ്പ്യാർ
**നാദിയാ കൊമനേച്ചി**....................22
സനിൽ പി തോമസ്
**ഫ്രാങ്കെൻസ്റ്റീൻ**....................24
എൻ എസ് അരുൺകുമാർ
**അമ്മപ്പക്ഷിപോലെ...**....................27
രാജഗോപാലൻ നാട്ടുകൽ
**വലിയവീട്ടിലെ കുട്ടി**....................28
**കടപയാദി**....................31
പള്ളിയറ ശ്രീധരൻ
**ചാർമിനാർ**....................32
കെ യതീന്ദ്രനാഥൻ
**വീട്ടുമുറ്റത്തെ പക്ഷികളും പഴങ്ങളും**....................36
കെ എസ് പുരുഷോത്തമൻ
**അക്ഷരപ്രാർഥന**....................39
ദിവാകരൻ വിഷ്ണുമംഗലം
**ശൈലി വന്ന വഴി**....................40
എം ഗീതാഞ്ജലി
**കൊതുക്**....................43
മനോഹർ ഇരിങ്ങൽ
**ഗാന്ധിജി** ....................44
ഡി പ്രദീപ്കുമാർ
**രണ്ടു മമ്മിമാർ**....................47
രാജേശ്വരി തോന്നയ്ക്കൽ
**സ്റ്റെതസ്കോപ്പിന്റെ കഥ**....................48
പി പി കെ പൊതുവാൾ
**മഹാഭാരതം**....................50
സുഗതകുമാരി
**ഇളംതളിര്**....................52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ....................54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**കവിത ഭാമ**

ആർട്ട് & ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

കവർ
**ബോബി എം പ്രഭ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

# ദൈവമേ കൈതൊഴാം

ഞങ്ങളുടെ കുട്ടിക്കാലത്ത് കോട്ടൺഹിൽ സ്കൂളിൽ പ്രഭാത അസംബ്ലിക്കു പാടുന്ന ഒരു പാട്ടാണ് ഇത്തവണത്തെ മുൻമൊഴി. അർഥപൂർണവും ലളിതവുമായ ഒരു കൊച്ചുപ്രാർഥന. ഇതിന്റെ വിശദമായ അർഥം പറഞ്ഞുതരാൻ നിങ്ങളുടെ അധ്യാപകരോട് ആവശ്യപ്പെടുക. നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണിത്.



വര: സുധീർ പി വൈ

''ദൈവമേ കൈതൊഴാം കാക്കുമാറാകണം
നിന്നെ ഞാനെന്നുമേ ഓർക്കുമാറാകണം
ദുഷ്ടസംസർഗം വരാതെയായീടണം
ശിഷ്ടരായുള്ളവർ തോഴരായീടണം
നല്ല കാര്യങ്ങളിൽ പ്രേമമുണ്ടാകണം
നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം
കൃത്യങ്ങൾ ചെയ്യുവാൻ സക്തിയുണ്ടാകണം
സത്യം പറഞ്ഞിടാൻ ശക്തിയുണ്ടാകണം.''


(മഹാകവി എ ആർ രാജാരാജവർമ)




സ്നേഹത്തോടെ,
**സുഗതകുമാരി**

| | | |
|---|---|---|
| *ദുഷ്ടസംസർഗം* | - | *ചീത്തയാളുകളുമായുള്ള ബന്ധം* |
| *ശിഷ്ടർ* | - | *നല്ലവർ* |
| *ത്രാണി* | - | *കഴിവ്* |
| *സക്തി* | - | *താത്പര്യം, ആഗ്രഹം* |







# പരീക്ഷാക്കാലം -

# 6 കുട്ടിക്കാല പേടികളും വിജയങ്ങളും

**ഡോ. അമർ ഫെറ്റിൽ**

സ്കൂളിലും കോളജിലും പഠിക്കുന്ന കാലം മുഴുവൻ മിക്കവാറും എല്ലാ കുട്ടികൾക്കും 'പരീക്ഷ' എന്ന വാക്ക് തന്നെ ഒരു പേടിസ്വപ്നമാണ്. ടെൻഷൻ, ഭയം, ഉത്കണ്ഠ, വെപ്രാളം/മാനസിക സമ്മർദ്ദം. നിസ്സഹായത, വിഷാദം തുടങ്ങിയ വികാരങ്ങളാൽ പല കുട്ടികളുടെയും മനസ്സ് സംഘർഷഭരിതമായിരിക്കും. എന്നാൽ കുട്ടികളിൽ തന്നെ മറ്റൊരു വിഭാഗം കൂടിയുണ്ട്. യാതൊരു ടെൻഷനുമില്ലാതെ 'കിട്ടിയാൽ ഊട്ടി, അല്ലെങ്കിൽ ചട്ടി' എന്ന ഭാവത്തിൽ നടക്കുന്നവർ.

പരീക്ഷയുടെ ദിനങ്ങൾ അടുക്കുമ്പോഴാണ് ഒട്ടുമിക്കവാറും വിദ്യാർഥികൾക്കും 'എനിക്ക് ഒന്നും അറിഞ്ഞുകൂടാ', എന്നെക്കൊണ്ട് ഇതു മുഴുവൻ പഠിച്ചുതീർക്കാൻ പറ്റില്ല.' 'റിസൾട്ട് വരുമ്പോൾ എന്തു ചെയ്യും?' എന്നൊക്കെയുള്ള ചിന്തകൾ ഉടലെടുക്കുക. ഇതിനുപുറമേ രക്ഷകർത്താക്കളുടെയും ടീച്ചർമാരുടെയും ചില ഇടപെടലുകൾ കൂടിയാകുമ്പോൾ കുട്ടികളുടെ ഇത്തരം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാവുകയും ചെയ്യും. 'നല്ല മാർക്കു വാങ്ങിയില്ലെങ്കിൽ കാണിച്ചു തരാം' 'തോറ്റിട്ടിങ്ങോട്ടു വാ!', 'അപ്പുറത്തെ രാകേഷിനെ കണ്ടു പഠിച്ചൂടേ!,' 'നിന്റെ കൂട്ടുകാരി സുപ്രിയ നിന്നേക്കാൾ എന്തു മെച്ചം!' ഇത്തരം ഡയലോഗുകൾ കേട്ടാൽ ഏതു കുട്ടിക്കാണ് വെപ്രാളവും പേടിയും മടുപ്പും വരുത്താത്തത്? ഓടിക്കളയാൻ തോന്നാത്തത്?

പക്ഷേ അങ്ങനെയങ്ങ് തോറ്റ് പിൻമാറാൻ പറ്റുമോ? ഈ പരീക്ഷകൾ പിന്നേം പിന്നേം വരൂലേ? കൊച്ചുപരീക്ഷ, ബോർഡ് പരീക്ഷ, എൻട്രൻസ് പരീക്ഷ, യൂണിവേഴ്സിറ്റിപരീക്ഷ, പി എസ് സി പരീക്ഷ, ബാങ്ക് പരീക്ഷ, ഐ എ എസ് പരീക്ഷ..എന്തായാലും ആദ്യം പൊരുതാം പിന്നെ 'റിലാക്സ്'ചെയ്യാം....

ഏതു പ്രശ്നത്തിനും ഒരു പരിഹാരം ഉണ്ട്. ഏതു

**സമയമെടുത്ത് നല്ലവണ്ണം വയർ നിറയുന്നതുവരെ സമാധാനമായി ചവച്ചരച്ച്, രുചി അറിഞ്ഞ് പ്രാതൽ കഴിക്കണം. കൃത്രിമ പദാർഥങ്ങൾ ഒന്നും ഉൾപ്പെടുത്താതെ കുട്ടികൾക്കിഷ്ടമുള്ള ഭക്ഷണം ഉണ്ടാക്കാൻ അച്ഛനമ്മമാർ ശ്രദ്ധിച്ചാൽ നന്ന്. രുചിയിലും രൂപത്തിലും ചില വ്യതിയാനങ്ങൾ വരുത്തിയില്ലെങ്കിൽ കൗമാരക്കാർക്ക് ഇത് പഥ്യമാകണമെന്നില്ല.**

വെല്ലുവിളിക്കും ഒരു വിജയ ഗാഥയുണ്ട്. പരീക്ഷകളെ ഒരു പട്ടാളമേധാവിയെപ്പോലെ തന്ത്രപരമായി കീഴ്പ്പെടുത്താൻ സാധിക്കും

പരീക്ഷയ്ക്കുള്ള ഒരുക്കം ഒരു വീട് നിർമിക്കുന്നതുപോലെയാണ്. വീട് നിർമിക്കുമ്പോൾ കരിങ്കല്ലുകൊണ്ടുള്ള ഉറച്ച അസ്തിവാരമാണല്ലോ ആദ്യം വേണ്ടത്. തുടർന്ന് വീടിന്റെ മുകൾക്കെട്ട്, പിന്നെ പെയിന്റടിച്ച് മോടിപിടിപ്പിക്കൽ.

വർഷം മുഴുവനുള്ള കൃത്യതയോടുള്ള പഠനം തന്നെയാണ് അസ്തിവാരംകൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂളിൽ വച്ചും വീട്ടിൽ വന്നതിനുശേഷവുമുള്ള പഠനം, നോട്ടുകളും, വീട്ടിലിരുന്ന് പഠിക്കുമ്പോൾ സ്വയം തയ്യാറാക്കുന്ന ബുള്ളറ്റ് പോയിന്റ് നോട്ടുകളും എല്ലാം ഈ അടിത്തട്ടിൽ ഉൾപ്പെടുന്നു.

വീടിന്റെ മുകൾക്കെട്ടാണ് പരീക്ഷയ്ക്കു തൊട്ടുമുൻപുള്ള 1-2-3 ദിവസങ്ങളും പരീക്ഷാദിനവും പരീക്ഷയും.

ഇനി പെയിന്റടിച്ച് മോടിപിടിപ്പിക്കുന്നത് എങ്ങനെയാണ്? നമ്മുടെ ഉത്തരക്കടലാസ് കാണുമ്പോൾ തന്നെ, പേപ്പർ നോക്കി മാർക്കിടുന്ന ടീച്ചറുടെ ശ്രദ്ധയും മതിപ്പും പ്രശംസയും പിടിച്ചു പറ്റാൻ കഴിയണം.

പരീക്ഷാക്കാലം ആരോഗ്യപരമായി കൂടി ശ്രദ്ധിക്കേണ്ട സമയമാണ്. എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത് എന്നു നോക്കാം.

1 കുശാലായ പ്രാതൽ : സമയമെടുത്ത് നല്ലവണ്ണം വയർ നിറയുന്നതുവരെ സമാധാനമായി ചവച്ചരച്ച്, രുചി അറിഞ്ഞ് പ്രാതൽ കഴിക്കണം. കൃത്രിമ പദാർഥങ്ങൾ ഒന്നും ഉൾപ്പെടുത്താതെ കുട്ടികൾക്കിഷ്ടമുള്ള ഭക്ഷണം ഉണ്ടാക്കാൻ അച്ഛനമ്മമാർ ശ്രദ്ധിച്ചാൽ നന്ന്. രുചിയിലും രൂപത്തിലും ചില വ്യതിയാനങ്ങൾ വരുത്തിയില്ലെങ്കിൽ കുട്ടികൾക്ക് പ്രത്യേകിച്ചും കൗമാരക്കാർക്ക് ഇത് പഥ്യമാകണമെന്നില്ല.

2 ഇരുമ്പ് അംശം നന്നായി അടങ്ങിയ ആഹാരം (ഉദാ: മാംസം, മത്സ്യം, ഈന്തപ്പഴം, ശർക്കര, പച്ചിലക്കറികൾ) കഴിക്കാൻ പ്രത്യേകം





ശ്രദ്ധിക്കണം. കുട്ടികളിൽ കാണപ്പെടുന്ന വിളർച്ച ഇല്ലാതാക്കുവാൻ ആരോഗ്യവകുപ്പ് കേരളത്തിലെ എല്ലാ ഗവ. എയ്ഡഡ് സ്കൂളുകളിലും 6 മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികൾക്കു സൗജന്യമായി മരുന്നു വിതരണം ചെയ്തുവരുന്നു. ബുദ്ധിശക്തി, ഊർജവും ഉണർവും, ദൈനംദിന രോഗപ്രതിരോധശക്തി, മുഖ/ചർമസൗന്ദര്യം എന്നിവ ഉറപ്പാക്കാൻ സഹായിക്കുന്ന WIFS Blue ( Weekly Iron Folic Acid Supplement) ഗുളികയാണ് നൽകിവരുന്നത്. ഇത് എല്ലാ കുട്ടികളും കഴിക്കുന്നു എന്ന് ഉറപ്പുവരുത്താൻ രക്ഷാകർത്താക്കളും അധ്യാപകരും ശ്രദ്ധിക്കുന്നത് നന്നായിരിക്കും.



ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാവെള്ളം

3 പഠിത്തത്തിനുപുറമേ വ്യായാമവും ശീലിക്കുക

4 ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാവെള്ളം ഒരു ഇൻസ്റ്റന്റ് ബാറ്ററി ചാർജർ പോലുള്ള പാനീയമാണ്. സ്കൂളിൽ പോകുമ്പോഴും കൊണ്ടുപോയി കുടിക്കുക, വീട്ടിൽ തിരികെ എത്തുമ്പോഴും ആദ്യം കുടിക്കുക.

5 ആവശ്യത്തിനുള്ള ഉറക്കം പുത്തനുണർവ് നൽകുന്നു. കിടപ്പുമുറിയിലെ ജനലുകൾ തുറന്നിടുക, കൊതുകിനെ അകറ്റാൻ കൊതുകുവല ഉപയോഗിക്കുക, കിടക്കുന്നതിനുമുമ്പ് കുളിക്കുക, 6-8 മണിക്കൂർ ഉറങ്ങുക മുതലായവ ശരീരത്തിനും മനസ്സിനും അർഹിക്കുന്ന വിശ്രമവും അതിശയപരമായ ഓജസ് നൽകുന്നതിനും സഹായിക്കുന്നു.

6 ബോറടിക്കുന്ന നിമിഷം പഠനം നിറുത്തി ഒരു 'ചെറിയ ഇടവേള' (ഷോർട്ട് ബ്രേക്ക്) എടുക്കുക. പിന്നീട് തുടർന്ന് അതേ വിഷയമോ അല്ലെങ്കിൽ മറ്റു വിഷയങ്ങളോ പഠിക്കുക.



## പരീക്ഷാദിനം

പരീക്ഷയുടെ തലേദിവസം കൂടുതൽ ഉറക്കമിളയ്ക്കരുത്. അങ്ങനെ ചെയ്താൽ പരീക്ഷാസമയത്ത് ഏകാഗ്രത നഷ്ടപ്പെടാനും ഓർമകൾ പാളിപ്പോകാനും ഇടയുണ്ട്.

'ഞാനൊന്നും പഠിച്ചിട്ടില്ല. എനിക്കൊന്നും അറിഞ്ഞുകൂടാ' എന്നൊക്കെ പറയുന്ന ചില 'പഠിപ്പിസ്റ്റുകൾ' എല്ലാ സ്കൂളുകളിലും കാണും. ശരിക്കും ഇത്തരക്കാർ മറ്റുള്ളവരുടെ മനോവീര്യം കെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇവർ അറിയുന്നില്ല. അതുകൊണ്ട് ഇത്തരം സ്വഭാ

വരീതികൾ ഉപേക്ഷിക്കുക.

പരീക്ഷ എഴുതിയശേഷം അതേക്കുറിച്ച് ഓർത്ത് വിഷമിക്കുക പതിവാണ്. കഴിഞ്ഞതു കഴിഞ്ഞു. എന്തെങ്കിലും അബദ്ധങ്ങൾ പിണഞ്ഞിട്ടുണ്ടെങ്കിൽ അടുത്ത പരീക്ഷയ്ക്ക് അത് ഒഴിവാക്കാൻ ശ്രമിക്കുക.

നെഗറ്റീവ് ചിന്തകളും പരീക്ഷാഫലത്തെക്കുറിച്ചുള്ള ഭയവും ഇന്ന് കുട്ടികളിൽ സർവസാധാരണമാണ്.

നമ്മുടെ കുട്ടികൾക്ക് പ്രത്യേകിച്ചും കൗമാരപ്രായക്കാരിൽ കാണുന്ന എല്ലാത്തരം പ്രശ്നങ്ങൾക്കും പരിഹാരം നൽകുന്നതിന് ഇന്ന് ആരോഗ്യവകുപ്പ്/ ആരോഗ്യകേരളം കൂട്ടിനുണ്ട്. എൻ എച്ച് എം കൗമാര ആരോഗ്യ വിഭാഗം കേരളത്തിൽ നടത്തുന്ന നൂതനമായ കൗമാര കേന്ദ്രങ്ങൾ ഇന്ന് കേരളത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## വാൽനക്ഷത്രം

പരീക്ഷാഹാളിൽ ചോദ്യപേപ്പർ കിട്ടുമ്പോൾ കൈകാലുകൾ തണുത്തു മരവിക്കുന്നവരുണ്ട്. ടെൻഷൻ മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. കൈരണ്ടും ഒന്നുതിരുമ്മി പത്ത് ദീർഘശ്വാസം മെല്ലെ അകത്തേക്കും പുറത്തേക്കും എടുക്കുക. എന്നിട്ട് ശുഭാപ്തി വിശ്വാസത്തോടെ ചോദ്യപേപ്പർ തുറക്കുക. ആദ്യം എല്ലാ ചോദ്യങ്ങളും തന്നിരിക്കുന്ന നിർദേശങ്ങളും സമാധാനമായി വായിക്കുക. പിന്നീട് മനസ്സിൽ ഒരു ചെറിയ 'ആക്ഷൻ പ്ലാൻ' തയ്യാറാക്കുക ഈശ്വരനെ പ്രാർഥിച്ച് എഴുതിത്തുടങ്ങുക. ഓർമയും ശക്തിയും മനസാന്നിധ്യവും ഒക്കെ താനേ വന്നു ചേരും. വിജയം സുനിശ്ചിതം. എല്ലാ കൂട്ടുകാർക്കും നന്നായി പരീക്ഷയെഴുതാൻ കഴിയട്ടെ എന്നാശംസിക്കുന്നു. ഒപ്പം എല്ലാവർക്കും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

## 2017 ലെ കേരള സാഹിത്യ അക്കാദമി അവാർഡുകൾക്ക് ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു.

കേരള സാഹിത്യ അക്കാദമി അവാർഡുകൾക്കുള്ള ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു. 2014,2015,2016 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളാണ് 2017 ലെ അക്കാദമി അവാർഡിനും എൻഡോവ്മെന്റ് അവാർഡിനും പരിഗണിക്കുന്നത്. കവിത, നോവൽ, നാടകം, ചെറുകഥാസമാഹാരം, സാഹിത്യവിമർശം (വിമർശനം പഠനം), വൈജ്ഞാനികസാഹിത്യം (ശാസ്ത്ര മാനവിക വിഭാഗങ്ങളിൽപ്പെട്ട വിജ്ഞാന ഗ്രന്ഥങ്ങൾ), ജീവചരിത്രം (ആത്മകഥ-തൂലികാചിത്രങ്ങൾ), ഹാസസാഹിത്യം, ശ്രീപത്മനാഭ സ്വാമി സമ്മാനം (ബാലസാഹിത്യം), യാത്രാവിവരണം, വിവർത്തനം എന്നിങ്ങനെ പതിനൊന്ന് സാഹിത്യ വിഭാഗങ്ങളിൽ അക്കാദമി അവാർഡുകൾ നൽകുന്നു. 25,000/- രൂപയും സാക്ഷ്യപത്രവും അവാർഡ് ശിൽപ്പവുമാണ് സമ്മാനം.

ഈ അക്കാദമി അവാർഡുകൾക്ക് പുറമെ നാല് എൻഡോവ്മെന്റ് അവാർഡുകൾ ഉണ്ടായിരിക്കും. ഉപന്യാസം, വ്യാകരണം, വൈദികസാഹിത്യം, വൈജ്ഞാനികസാഹിത്യം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഇതിനുപുറമെ 35 വയസ്സിനു താഴെ ഉള്ളവർ രചിച്ച കഥ, കവിത, നാടകം എന്നീ ഗ്രന്ഥങ്ങൾക്ക് മൂന്ന് എൻഡോവ്മെന്റ് അവാർഡുകളും നൽകുന്നു. അവാർഡിന്റെ വിശദാംശങ്ങൾ അക്കാദമിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (www.keralasahityaakademi.org). ഇതിനു മുമ്പ് ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവരുടെ ഗ്രന്ഥങ്ങൾ ആ വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

ഗ്രന്ഥകർത്താക്കൾക്കോ, അവരുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ, പ്രസാധകർക്കോ സാഹിത്യസാംസ്കാരിക സംഘടനകൾക്കോ, അവാർഡ് പരിഗണനയ്ക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതാണെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ കെ പി മോഹനൻ അറിയിക്കുന്നു. മേൽപ്പറഞ്ഞ 3 വർഷങ്ങളിലെ കൃതികളുടെ 3 പ്രതികൾ വീതം 2018 മാർച്ച് 31ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, ടൗൺ ഹാൾ റോഡ്, തൃശ്ശൂർ-20 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്.

# കുറിഞ്ഞിപ്പൂക്കൾ

സുഗതകുമാരി

കിഴക്കൻ മാമലമുകളിൽ, എന്നാളും
എനിക്കു കേറുവാൻ കഴിവെഴാദിക്കിൽ
കടലുപോൽ നീലക്കുറിഞ്ഞി പൂക്കുന്നോ-
രിടമൊന്നുണ്ടെന്നാണവർ പറയുന്നൂ!

അവിടെക്കാറ്റല്ല, അവിടെപ്പൂങ്കാറ്റാ-
ണതിന്നു കണ്ണന്റെയുടലൊളിയുമാ-
ണതു കോരികോരിക്കുടിക്കാൻ തോന്നിടും!
മതിവരില്ല,യെന്നവർ പറയുന്നൂ!

അവിടെയാകാശം ഹരിതമാകുന്നൂ,
പ്രകൃതി പുഞ്ചിരിയടക്കി നിൽക്കുന്നൂ,
അവിടം ദൈവത്തിൻ മനസ്സുപോൽ തെളി-
ഞ്ഞലിഞ്ഞതാണെന്നുമവർ പറയുന്നൂ.

ഇരുണ്ട മാമല കിടന്നു മൂകമായ്
തപംചെയ്യുംപോലും വളരെനാൾ, പിന്നെ-
യൊരു പന്തീരാണ്ടു കഴിയവേ, മിന്നി-
ച്ചുകന്നു നീലിച്ച വെളിച്ചം വീശിക്കൊ-
ണ്ടെഴുന്നള്ളും വീണ്ടും കുറിഞ്ഞിപ്പൂവുകൾ!

വിളിച്ചുവോ പൂക്കൾ? പൊടുന്നനെച്ചിറ-
കിളക്കങ്ങൾ! മിന്നിത്തിളക്കങ്ങൾ! ജീവ-
ചലനകോടികൾ! മുഴങ്ങും തംബുരു-
ധ്വനികൾ! ഉത്സവം കൊടിയേറും വീണ്ടും!

ഒരു പന്തീരാണ്ടിലൊരിക്കൽമാത്രം! ഞാ-
നറിയുന്നൂ, വീണ്ടും കുറിഞ്ഞി പൂക്കുമ്പോൾ
മലനിരകളിൽ കയറിച്ചെല്ലുവാനെൻ
കഴലുകൾക്കാമോ?പതുക്കെ വാർധക്യം
പടിവാതിൽക്കൽ വന്നിരിക്കുന്നൂ... മോഹം
മതി, അടങ്ങെന്നു മതി ശാസിക്കുന്നൂ.

നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ
വസന്തമെന്നു ഞാൻ ജപിക്കുന്നൂ, പക്ഷേ
മഴുവും തീയുമായ്, കഴുകൻകണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ?

അവിടെ റബ്ബറിൻ നിരകൾ നീളുമോ?
അവിടെപ്പദ്ധതിയിരമ്പിയെത്തുമോ?
ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
കിഴക്കൻ മേട്ടിലാക്കുറിഞ്ഞി പൂക്കുമോ?...

ഇനിപ്പന്തീരാണ്ടു കഴിയണം! കാത്തി-
ങ്ങിരിക്കവയ്യെന്നു പുലമ്പിയുന്മത്തം
കിളി പറക്കുംപോൽ മനസ്സു പാഞ്ഞങ്ങോ-
ട്ടണയുന്നൂ! പതഞ്ഞിളകും പൂങ്കടൽ-
ത്തിരകളിൽ ചെന്നു പതിക്കുന്നൂ! നറും
നിലാവിലെന്നപോലതിൽ കുളിക്കുന്നൂ!
ചിറകിളക്കുന്നൂ! പറഞ്ഞയയ്ക്കുന്നൂ
കദനവും ചൂടും പുകയും വിങ്ങുമീ
നഗരത്തിൻ ശൂന്യമനസ്സിൻ നേർക്കിതാ
വിദൂരമാമൊരു മധുരകൂജനം
അപൂർവമാമൊരു സുനീലചൈതന്യം!



വര: സുധീർ പി വൈ

# ഇന്ത്യയുടെ തിളക്കമുള്ള രണ്ട് നക്ഷത്രങ്ങൾ

കെ പി ലക്ഷ്മണൻ

**സസ്യശാസ്ത്രമേഖലയിൽ ഗവേഷണം നടത്തിയ വനിതാശാസ്ത്രജ്ഞരിൽ പ്രമുഖരായിരുന്നു ഡോ. ജാനകി അമ്മാളും ഡോ. കമല സൊഹോണിയും. ശാസ്ത്രവിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ആദ്യ ഇന്ത്യൻവനിത എന്ന ബഹുമതിക്കർഹയായത് ജാനകി അമ്മാൾ ആയിരുന്നു. അക്കാലത്ത് സ്ത്രീകൾ അധികം കടന്നുവരാത്ത ഈ മേഖലകളിൽ വിജയക്കൊടി പാറിച്ച രണ്ടു വനിതകളെ കുറിച്ച് പ്രതിപാദിക്കുന്ന ഈ ലേഖനം വായിക്കൂ....**

ഇന്ത്യയുടെ ശാസ്ത്രരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച രണ്ട് വനിതാ ശാസ്ത്ര പ്രതിഭകളാണ് ഡോ. ജാനകി അമ്മാളും. ഡോ. കമലാ സൊഹോണിയും. ഉന്നത വിദ്യാഭ്യാസത്തിനും ശാസ്ത്ര മേഖലയിലും കടന്നു ചെല്ലാൻ വളരെയധികം വിലക്കുകളുള്ള ഒരു കാലഘട്ടത്തിൽ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചുകൊണ്ട് ഗവേഷണരംഗത്ത് തങ്ങളുടേതായ നേട്ടങ്ങൾ കൊയ്തെടുത്തവരാണ് ഇവർ രണ്ടുപേരും. സസ്യ ശാസ്ത്രമേഖലയിലാണ് ഒട്ടേറെ ഗവേഷണങ്ങൾ നടത്തിയിട്ടുള്ളത്.

ഡോ. ജാനകി അമ്മാൾ കേരളത്തിലെ തലശ്ശേരിയിൽ 1897 ൽ ഇടവലത്ത് കക്കട്ട് കൃഷ്ണന്റെയും ദേവിയുടെയും മകളായി ജനിച്ചു. വിദ്യാഭ്യാസമേഖലയിൽ പിന്നാക്കം നിന്നിരുന്ന മലബാർ മേഖലയിൽ നിന്നുമാണ് ഡോ. ജാനകി അമ്മാൾ ലോകം കണ്ട സസ്യശാസ്ത്രജ്ഞയായി വളർന്നത്. മദ്രാസ് ക്വീൻസ് മേരി കോളജ്, പ്രസിഡൻസി കോളജ് എന്നിവിടങ്ങളിൽ നിന്നുമാണ് ബിരുദപഠനം പൂർത്തീകരിച്ചത്. തുടർന്ന് ഉന്നതപഠനത്തിനായി അമേരിക്കയിലെ മിച്ചിഗൺ സർവകലാശാലയിൽ ചേർന്ന ഡോ. ജാനകി അമ്മാൾ പി എച്ച് ഡി ബിരുദവും ഡോക്ടർ ഓഫ് സയൻസ് ബിരുദവും നേടി. 1932 ൽ ഇന്ത്യയിൽ തിരിച്ചെത്തി. 1932 മുതൽ 1934 വരെ തിരുവന




ഡോ. ജാനകി അമ്മാൾ ചെറുപ്പത്തിൽ

ന്തപുരം മഹാരാജാസ് കോളജിൽ പ്രൊഫസറായി തുടർന്ന അവർ പിന്നീട് കോയമ്പത്തൂർ കരിമ്പ് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അക്കാലത്ത് ഇന്ത്യയിൽ കരിമ്പ് കൃഷി ഏറെ പിന്നിലായിരുന്നു. നല്ല കരിമ്പിനവും ലഭ്യമായിരുന്നില്ല. ഡോ. ജാനകി അമ്മാൾ വികസിപ്പിച്ചെടുത്ത കരിമ്പിനം ഇന്ത്യയിലെ കരിമ്പ് കൃഷിയിൽ വൻ മുന്നേറ്റം സൃഷ്ടിച്ചു. കരിമ്പിൽ മാത്രമല്ല വഴുതന, പേര, മുളക്, കടുക്, വെളുത്തുള്ളി തുടങ്ങിയ സസ്യങ്ങളുടെയും പുതിയ ഇനങ്ങൾ അവർ ഗവേഷണത്തിലൂടെ വികസിപ്പിച്ചിട്ടുണ്ട്. പിന്നീട് ഒരു ദശാബ്ദ കാലത്തോളം ലണ്ടനിലെ വിവിധ സർവകലാശാലകളിൽ ഗവേഷണം തുടർന്നു. ഇക്കാലത്താണ് പ്രശസ്ത ശാസ്ത്രജ്ഞനായ സി ഡി ഡാർലിങ്ടണുമായി ചേർന്നുകൊണ്ട് ക്രോമസോം അറ്റ്ലസ് ഓഫ് കൾട്ടിവേറ്റഡ് പ്ലാന്റ്സ് എന്ന പ്രശസ്ത ഗ്രന്ഥം രചിച്ചത്. പ്രസ്തുത ഗ്രന്ഥം ഇന്നും സസ്യശാസ്ത്ര വിദ്യാർഥികളുടെ പ്രമാണ ഗ്രന്ഥമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ക്ഷണപ്രകാരം ഇന്ത്യയിലെത്തിയ ജാനകി അമ്മാൾ ബൊട്ടാണിക്കൽ സർവെ ഓഫ് ഇന്ത്യയുടെ സ്പെഷ്യൽ ഓഫീസറായി നിയമിതയായി. ബൊട്ടാണിക്കൽ സർവെ ഒഫ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ വികസനത്തിന് അക്ഷീണം പ്രയത്നിച്ച ജാനകി അമ്മാൾ അതിന്റെ ഡയറക്ടർ ഇനറലായി. സസ്യശാസ്ത്രമേഖലയിൽ നിസ്തുല സംഭാവനകൾ നൽകിയ ഡോ. ജാനകി അമ്മാൾ 1984 ഫെബ്രുവരി ഏഴിന് അന്തരിച്ചു. 1977 ൽ രാജ്യം അവർക്ക് പത്മശ്രീ ബഹുമതി നൽകി ആദരിച്ചിരുന്നു.

ഡോ. ജാനകി അമ്മാളിനെപ്പോലെ സസ്യശാസ്ത്രമേഖലയിലാണ് കമല സൊഹോണിയും ഗവേഷണംതുടങ്ങിയത്. പയറുവർഗങ്ങളിലെ പ്രോട്ടീനുകളുടെ പഠനത്തിനാണ് കമല സോഹോണിക്ക് പി എച്ച്ഡി ബിരുദം ലഭിച്ചത്. ഒരു ശാസ്ത്രവിഷയത്തിൽ പി എച്ച് ഡി ബിരുദം നേടുന്ന രണ്ടാമത്തെ വനിതയായിരുന്നു കമല.

1912 ൽ മധ്യപ്രദേശിലെ ഇൻഡോറിലാണ് കമല ജനിച്ചത്. ബോംബെ സർവകലാശാലയിൽ നിന്നും ബിരുദപഠനം പൂർത്തിയാക്കിയ കമല ബംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിൽ ചേർന്ന് ഗവേഷണം നടത്താൻ ആഗ്രഹിച്ചെങ്കിലും ഒരു സ്ത്രീ ആയതുകൊണ്ടു മാത്രം അവർക്കതിന് സാധിച്ചില്ല. തോറ്റു പിന്മാറാൻ തയ്യാറായിരുന്നില്ല കമല. ഡോ. സി വി രാമന്റെ മുൻപിൽ അവർ നിരന്തര സമ്മർദം ചെലുത്തി. ഇതേ തുടർന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിൽ ഗവേഷണത്തിന് ചേരുവാൻ സാധിച്ചു. ഡോ. സി വി രാമൻപോലും സ്ത്രീകളെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർക്കുന്നതിനെ എതിർത്തിരുന്നുവത്രേ. പാൽ, ധാന്യങ്ങൾ, പയറുവർഗങ്ങൾ എന്നിവയിലെ മാംസ്യത്തെക്കുറിച്ചുള്ള ഗവേഷണമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിൽ കമല നടത്തിയത്. ഈ ഗവേഷണപഠനത്തിന് ബോംബെ സർവകലാശാലയിൽ നിന്നും എം എസ് സി ബിരുദം ഉയർന്ന റാങ്കോടെ നേടി. സ്കോളർഷിപ്പ് ലഭിച്ചതോടെ കമല സൊഹോണി ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ ഉപരിപഠനത്തിന് ചേർന്നു. ഡോ. എറിക് റിച്ചർ. ഡോ. റോബിൻ ഹിൽ എന്നീ ശാസ്ത്രജ്ഞ



ക്രോമസോം അറ്റ്ലസ് ഓഫ് കൾട്ടിവേറ്റഡ് പ്ലാന്റ്സ് എന്ന പ്രശസ്ത ഗ്രന്ഥം

രോടൊപ്പം സസ്യകലകളെക്കുറിച്ച് പഠിക്കുകയും സസ്യങ്ങളെ സൈറ്റോക്രോം സി എന്ന രാസാഗ്നി (enzyme) യുടെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്തു. 1939 ൽ കേംബ്രിഡ്ജിലെ ഫ്രെഡറിക് ഹോപ്കിൻസ് ലബോറട്ടറിയിൽ സസ്യങ്ങളിലെ വൈറ്റമിനുകളെ സംബന്ധിച്ച പഠനത്തിനായി അവർക്ക് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. സസ്യങ്ങളുടെ ഓക്സീകരണപ്രവർത്തനത്തിൽ സൈറ്റോക്രോം സി എന്ന രാസാഗ്നിയുടെ പ്രവർത്തനം സംബന്ധിച്ച പഠനത്തിൽ അവർക്ക് ഡോക്ടറേറ്റ് ലഭിച്ചു.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം ഇന്ത്യയിൽ ശക്തമായി തുടരുന്നതിനാൽ വിദേശത്തെ പഠനം മതിയാക്കാനും ഇന്ത്യയിലേക്ക് തിരിച്ച് വരുന്നതിനും കമല സൊഹോണി തീരുമാനിച്ചതിനാൽ 1939 ൽ അവർ ഇന്ത്യയിലെത്തുകയും ന്യൂഡൽഹിയിലെ ലേഡി ഹാർസിങ് കോളജിലെ ജൈവരസതന്ത്ര വിഭാഗം അധ്യക്ഷയായി ജോലിയിൽ ചേരുകയും ചെയ്തു. വിവാഹശേഷം ബോംബെയിലെ റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിൽ ജൈവരസതന്ത്ര വിഭാഗത്തിലേക്ക് മാറുകയും ഗ്രാമീണ മേഖലയിലെ ജനങ്ങൾ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളെക്കുറിച്ച് ഗവേഷണത്തിന് നേതൃത്വം നൽകുകയുമുണ്ടായി.

പനയിൽ നിന്ന് ലഭിക്കുന്ന നീരയെക്കുറിച്ച് പഠിക്കുന്നതിന് രാഷ്ട്രപതി രാജേന്ദ്ര



ഡോ. ജാനകി അമ്മാൾ



ഡോ കമല സൊഹോണി

**സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം ഇന്ത്യയിൽ ശക്തമായി തുടരുന്നതിനാൽ വിദേശത്തെ പഠനം മതിയാക്കാനും ഇന്ത്യയിലേക്ക് തിരിച്ച് വരുന്നതിനും കമല സൊഹോണി തീരുമാനിച്ചതിനാൽ 1939 ൽ അവർ ഇന്ത്യയിലെത്തുകയും ന്യൂഡൽഹിയിലെ ലേഡി ഹാർസിങ് കോളജിലെ ജൈവരസതന്ത്ര വിഭാഗം അധ്യക്ഷയായി ജോലിയിൽ ചേരുകയും ചെയ്തു.**

പ്രസാദ് ഡോ. കമലയോട് നിർദേശിക്കുകയുണ്ടായി. അതിന് അവർക്ക് പ്രസിഡണ്ടിന്റെ മെഡൽ ലഭിച്ചിരുന്നു.

ഉപഭോക്തൃ സംരക്ഷണത്തിനായി രൂപംകൊടുത്ത കൺസ്യൂമർ ഗൈഡൻസ് സൊസൈറ്റി ഒഫ് ഇന്ത്യയുടെ രൂപീകർത്താക്കളിലൊരാളാണ് ഡോ കമല സൊഹോണി. ബോംബെ റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിന്റെ ഡയറക്ടർ പദവിയിൽ നിന്നും 1965 ൽ വിരമിച്ച കമലസൊഹോണി 1998 ൽ അന്തരിച്ചു.

സ്ത്രീയായതുകൊണ്ടുമാത്രം ഉന്നത വിദ്യാഭ്യാസരംഗത്ത് അവഗണിക്കപ്പെട്ട കമല സൊഹോണി ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനം കൊണ്ട് ഇന്ത്യയുടെ ശാസ്ത്രപ്രതിഭയായി വളർന്നത് പുതിയ ചരിത്രം രചിച്ചുകൊണ്ടാണ്. ഡോ. ജാനകി അമ്മാളിന്റെയും ഡോ. കമലസൊഹോണിയുടെയും ജീവിതം എല്ലാവർക്കും പ്രത്യേകിച്ചും വനിതകൾക്കു പ്രചോദനം നൽകുകതന്നെ ചെയ്യും.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# പൂച്ചവര

ബി മുരളി

പയ്യൻ ബഹുമിടുക്കനായിരുന്നു. എപ്പോഴും പ്രകൃതിയിലേക്കു നോക്കിക്കൊണ്ടിരിക്കും. കാര്യങ്ങളെല്ലാം സൂക്ഷ്മമായി നിരീക്ഷിക്കും. പക്ഷേ പണിയൊന്നും ചെയ്യില്ല. വെറുതെ വീട്ടിലിരിക്കുകയേയുള്ളൂ.

അവന്റെ അച്ഛനും അമ്മയ്ക്കും വല്ലാത്ത വിഷമമായി. അവർ കൃഷിക്കാരായിരുന്നു. കഷ്ടപ്പെട്ടു കൃഷിപ്പണിചെയ്യുമ്പോൾ സഹായിക്കാൻ മകൻ കൂടച്ചെല്ലണമല്ലോ. അവൻ പക്ഷേ വീട്ടിലിരിക്കുകയേയുള്ളൂ. എന്നാൽ ഇതിനിടയിൽ അവൻ വേറൊരു പണി ചെയ്യുന്നുണ്ടായിരുന്നു. പടംവര. എപ്പോഴും പടം വരച്ചുകൊണ്ടിരിക്കും. എന്നാൽ ഒരൊറ്റ പടം മാത്രമേ ചെറുക്കൻ വരയ്ക്കൂ. പൂച്ചയുടെ പടം മാത്രം.

പൂച്ചയുടെ പല രൂപത്തിലുള്ള പടങ്ങൾ. വലിയ പൂച്ച, ചെറിയ പൂച്ച, വാലുയർത്തി നിൽക്കുന്ന പൂച്ച, കിടക്കുന്ന പൂച്ച, തുറിച്ചു നോക്കുന്ന പൂച്ച, ചിരിക്കുന്ന പൂച്ച, കരയുന്ന പൂച്ച.

വീട്ടിലൂടെ എപ്പോഴെങ്കിലും ഒരു പൂച്ച നടന്നുപോയാൽ അവൻ അപ്പോൾതന്നെ നിറങ്ങളും കടലാസുമായി ഇരിക്കും. വര തുടങ്ങും. പതുങ്ങി നടക്കുന്ന പൂച്ച. തുള്ളിച്ചാടിയോടുന്ന പൂച്ച, അനങ്ങാതെ നിൽക്കുന്ന പൂച്ച... അങ്ങനെ...

ഒടുവിൽ അവന്റെ അച്ഛൻ അവനെ ശകാരിക്കാൻ തുടങ്ങി. നീ ഒരിക്കലും നല്ലൊരു കൃഷിക്കാരനാകില്ല. ഈ പൂച്ചയെയും വരച്ചോണ്ടിരുന്നാൽ എന്തു പ്രയോജനം? നിനക്കിനി ഞാൻ ആഹാരം തരില്ല. ചോറുവേണമെങ്കിൽ വയലിലിറങ്ങി പണിയെടുക്കണം.

പയ്യൻ അനുസരിച്ചു. പിറ്റേന്നുമുതൽ അച്ഛന്റെ കൂടെ വയലിൽപ്പോയി. പണി തുടങ്ങി രണ്ടുദിവസം പ്രശ്നമില്ലാതെ പോയി. മൂന്നാം ദിവസം അച്ഛൻ ഒന്നു വിശ്രമിക്കാൻ പോയി തിരിച്ചുവന്നപ്പോൾ മകൻ വരമ്പത്തെ തണലിൽ ഇരുന്നു ഒരു പൂച്ചയുടെ പടം വരയ്ക്കുന്നതാണു കണ്ടത്. പണിക്കിടയൽ ഒരു പൂച്ച പാടം മുറിച്ചു കടന്നുപോയതു



വര: ഗോപു പട്ടിത്തറ

കണ്ടതാണു കുഴപ്പമായത്. പയ്യൻ കൈക്കോട്ടു വയലിലിട്ടു വരമ്പിൽ കയറി പൂച്ചവര തുടങ്ങുകയായിരുന്നു.

കലികയറിയ അച്ഛൻ അവനെ ശരിക്കു വഴക്കു പറഞ്ഞു. പിന്നെ മകന്റെ അവസ്ഥയിൽ വിഷമിച്ച അദ്ദേഹം അവനെയും കൂട്ടി അമ്പലത്തിലെ പൂജാരിയുടെ അടുത്തുചെന്നു. ഇവനെ കൃഷിക്കാരനാക്കാൻ കൊള്ളില്ലെന്നു സങ്കടത്തോടെ പറഞ്ഞു.

‘‘ഞാനൊന്നു നോക്കട്ടെ, ഇവനെയൊരു പൂജാരിയാക്കാൻ പറ്റുമോന്ന്...’’ പൂജാരി പറഞ്ഞു.

‘‘ഇവനെ ഇവിടെ നിർത്തിക്കൊള്ളൂ. ഞാൻ പഠിപ്പിച്ചുകൊള്ളാം. എനിക്കൊരു സഹായിയെയും ആവശ്യമുണ്ട്.’’

പക്ഷേ, പയ്യൻ അമ്പലത്തിൽ വച്ചും പൂച്ചവര തുടങ്ങി. അമ്പലപ്രസാദം തിന്നാൻ അവിടെ അസംഖ്യം പൂച്ചകൾ വരുമായിരുന്നു. പൂജാരി അവനെ ശകാരിച്ചു. അവൻ അനുസരിച്ചു. പക്ഷേ ഒരു നാൾ വര അമ്പലത്തിന്റെ ചുവരിലും കൂടി. ഒരു പൂച്ചവര കണ്ടപ്പോൾ പൂജാരി അവനെ വിളിച്ചുപറഞ്ഞു.

‘‘നിന്നെ ഒരു പൂജാരിയാക്കാൻ എനിക്കു പറ്റുമെന്നു തോന്നുന്നില്ല. എനിക്കു മതിയായി. ഇറങ്ങിക്കോ ഇവിടെനിന്ന്, നീ വീട്ടിൽ പൊയ്ക്കോ.’’

അവൻ വിഷമിച്ച് അവിടെ നിന്നിറങ്ങി. വീട്ടിൽ ചെന്നാൽ അച്ഛൻ തല്ലി ശരിയാക്കും. നടന്നുനടന്ന് രാത്രിയായി. വഴിക്ക് പൊളിഞ്ഞു കിടക്കുന്ന വേറൊരമ്പലം ഉണ്ടെന്ന് അവനോർത്തു. തത്കാലം രാത്രി അവിടെ കഴിയാം. നേരം വെളുക്കുമ്പോൾ ഒരു തീരുമാനമെടുക്കാം.

അമ്പലത്തിനുള്ളിലേക്ക് നല്ല നിലാവെളിച്ചം കടന്നുവരുന്നുണ്ടായിരുന്നു. പയ്യന് നല്ല രസവും സന്തോഷവും തോന്നി. അപ്പോൾ അതാ ഇരുട്ടിൽ നിന്ന് ഒരു പൂച്ചക്കരച്ചിൽ.

വേറൊന്നും ചെയ്യാനില്ലല്ലോ. ആരും ശകാരിക്കാനുമില്ല. പയ്യൻ വലിയ ഭിത്തിയിൽ വലിയൊരു പൂച്ചയെ സങ്കൽപ്പിച്ചു വരച്ചു. താൻ ഇത്രയും നാൾ വരച്ചതിൽ ഏറ്റവും വലിയ പൂച്ച.

വരച്ചു തീർത്ത ക്ഷീണത്തിൽ പയ്യൻ തട്ടിൻപ്പുറത്തു കയറിക്കിടന്ന് ഉറക്കമായി. പാതിരാത്രിയിൽ എപ്പോഴോ താഴത്തെ മുറിയിൽ നിന്ന് വല്ലാത്ത ശബ്ദം. എന്തോ ചീറുകയും ഇതുവരെ കേട്ടിട്ടില്ലാത്തതരം ഒച്ചയും ഉണ്ടാക്കുന്നു. പയ്യൻ ആകെ വിരണ്ടു വിറച്ചു. ഇങ്ങോട്ടു വരണ്ടായിരുന്നു. വീട്ടിൽ പോയാൽ മതിയായിരുന്നു. അച്ഛന്റെ ശിക്ഷ സ്വീകരിച്ചാൽ മതിയായിരുന്നു.

താഴത്തെ ശബ്ദം നീണ്ടും കുറുകിയും രാവിലെ വരെ നീണ്ടു. പുലർവെട്ടം പയ്യന് അൽപ്പം ധൈര്യം നൽകി. ഒരുവിധം താഴെയിറങ്ങി നോക്കിയപ്പോൾ കണ്ട കാഴ്ച അവനെ പിന്നെയും വിരട്ടിക്കളഞ്ഞു. പന്നിയുടെയത്രെയും വലിപ്പമുള്ള ഒരു ഭീമനെലി ചോരയിൽകുളിച്ചു ചത്തുകിടക്കുന്നു. താൻ വരച്ച വമ്പൻ പൂച്ചയുടെ പടത്തിനരികിലാണ്. പയ്യൻ മെല്ലെ മുറിയിൽ നിന്നിറങ്ങി വീണ്ടും ചിത്രത്തിലേക്കു നോക്കി. താൻ വരച്ച ദിശയിലേക്കല്ലല്ലോ പൂച്ച നോക്കുന്നത്. ഉറപ്പായും താൻ എതിർദിശയിലേക്കാണ് പൂച്ചയെ വരച്ചത്. ഇപ്പോൾ പൂച്ച എലിയുടെ ഭാഗത്തേക്കാണു നോക്കുന്നത്. പൂച്ചയുടെ മുഖം താൻ വരച്ചതിലും ചുവന്നിട്ടുമുണ്ട്.

പയ്യന് ഒന്നും മനസ്സിലായില്ല. എന്നാൽ എല്ലാം മനസ്സിലാകുകയും ചെയ്തു. അവൻ തന്റെ പൂച്ചയെ വീണ്ടും വീണ്ടും നോക്കി.

നാട്ടുകാർ പയ്യനു വലിയ സ്വീകരണമൊരുക്കി. എല്ലാവരും അവനെ അഭിനന്ദിച്ചു. കാരണം, ഇത്രയും കാലം തങ്ങൾ പിടികൂടാൻ നടന്നിട്ടു വലയിൽ വീഴാതിരുന്ന ഭീമൻ എലിയാണ് ചത്തുമലച്ചു കിടക്കുന്നത്. തങ്ങളുടെ ഒരു വിദ്യയും ഈ ജീവിയുടെയടുത്തു വിലപ്പോയിരുന്നില്ല. തങ്ങളുടെ കൃഷിയെല്ലാം അതു തോണ്ടിയെടുത്തു സർവനാശം വരുത്തുകയായിരുന്നു.

അഭിനന്ദനങ്ങൾ സ്വീകരിച്ചു പുറത്തിറങ്ങിയ പയ്യൻ തന്നോടുതന്നെ പറഞ്ഞു.

‘ഇനിയാരാണു താൻ പൂച്ചയെ വരയ്ക്കുമ്പോൾ ശകാരിക്കാൻ വരുന്നതെന്നു കാണട്ടെ!’

പിന്നീടങ്ങോട്ട് എത്ര പൂച്ചകളെ വരച്ചെന്ന് പയ്യനു തന്നെ കണക്കില്ലായിരുന്നു.

**പക്ഷേ, പയ്യൻ അമ്പലത്തിൽ വച്ചും പൂച്ചവര തുടങ്ങി. അമ്പലപ്രസാദം തിന്നാൻ അവിടെ അസംഖ്യം പൂച്ചകൾ വരുമായിരുന്നു. പൂജാരി അവനെ ശകാരിച്ചു. അവൻ അനുസരിച്ചു. പക്ഷേ ഒരുനാൾ വര അമ്പലത്തിന്റെ ചുവരിലും കൂടി. ഒരു പൂച്ചവര കണ്ടപ്പോൾ പൂജാരി അവനെ വിളിച്ചുപറഞ്ഞു. “നിന്നെ ഒരു പൂജാരിയാക്കാൻ എനിക്കു പറ്റുമെന്നു തോന്നുന്നില്ല. എനിക്കു മതിയായി. ഇറങ്ങിക്കോ ഇവിടെനിന്ന്, നീ വീട്ടിൽ പൊയ്ക്കോ.”**



ഫോട്ടോ: from internet



# തെയ്യം അനുഷ്ഠാനവും കലയും

ഡോ. എ കെ നമ്പ്യാർ

**ദൃശ്യമനോഹാരിതകൊണ്ടും പുരാവൃത്തവൈവിധ്യം കൊണ്ടും എണ്ണമറ്റ അനുഷ്ഠാനങ്ങളാലും സമ്പന്നമായ ഒരനുഷ്ഠാനകലയാണ് തെയ്യം. കേരളസംസ്കാരത്തിന്റെ ഭാഗമായ ഒരു നാടൻകലാരൂപം. ജാതിയുടെയും മതത്തിന്റെയും വിലക്കുകളില്ലാതെ മനുഷ്യർക്കെല്ലാം ഒത്തുചേരാവുന്ന വേദിയാണ് തെയ്യത്തിന്റേത്. കേരളത്തിന്റെ തനതു കലാരൂപമായ തെയ്യത്തെക്കുറിച്ചും വിവിധ തെയ്യക്കോലങ്ങളെ കുറിച്ചും പരാമർശിക്കുന്ന ലേഖനത്തിന്റെ രണ്ടാംഭാഗം വായിക്കൂ..**

## വൈവിധ്യമാർന്ന തെയ്യക്കോലങ്ങൾ

തെയ്യാട്ടത്തില വൈവിധ്യപൂർണമായ ഒട്ടേറെ ആരാധനാരീതികളെ കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വായിച്ചിരുന്നുവല്ലോ.

പുരാണോതിഹാസങ്ങളിൽനിന്ന് കടംകൊണ്ട കഥാപാത്രങ്ങളാണ് വിഷ്ണുമൂർത്തി (നരസിംഹം) ശ്രീരാമൻ, സീത (അതിരാളമ്മ), ലവകുശന്മാർ, അണ്ടലൂർ ദൈവത്താർ (ശ്രീരാമൻ), ബപ്പൂരൻ (ഹനുമാൻ), സുഗ്രീവൻ, പാലോട്ടുദൈവം, ദൈവത്താർ (മത്സ്യാവതാരം) അങ്കക്കാരൻ (ഹയഗ്രീവൻ), ബാലി, ഭൈരവൻ (ശിവൻ), കരിങ്കുട്ടിശ്ശാസ്തൻ(വിഷ്ണുമായ) ഊർപ്പഴശ്ശി (വൈഷ്ണവദേവത) വേട്ടക്കൊരു മകൾ (ശിവാംശം) തുടങ്ങിയ തെയ്യങ്ങൾ. തിരുവർകാട്ട് ഭഗവതി, മടയിൽച്ചാമുണ്ഡി, രക്തചാമുണ്ഡി പഞ്ചുരുളി, മൂവാളംകുഴിച്ചാമുണ്ഡി, പുതിയ ഭഗവതി, കോലസ്വരൂപത്തിങ്കൽത്തായി, ഭദ്രകാളി തുടങ്ങിയ മാതൃദേവതകളും ഈ വിഭാഗത്തിൽപ്പെടും. ഇവടെ സമകാലിക സമൂഹമായി ഇണക്കിച്ചേർത്തതുകൊണ്ട് നാടൻ വ്യാഖ്യാനത്തിൽനിന്നുരുത്തിരിഞ്ഞ മിഴിവുറ്റ കഥാപാത്രങ്ങളായിത്തീർന്നു. ദാരികൻ, ചണ്ഡമുണ്ഡന്മാർ, സുംഭനിസുംഭാദികൾ തുടങ്ങിയ അസുരന്മാരുടെ നിഗ്രഹിച്ച ദേവതയായ കാളി, രക്തച്ചാമുണ്ഡി,

മടയിൽച്ചാമുണ്ഡി, കുണ്ടോർച്ചാമുണ്ഡി, കരിഞ്ചാമുണ്ഡി തുടങ്ങിയവയും നാടൻ വ്യാഖ്യാനത്തിലൂടെ ചെത്തിമിനുക്കപ്പെട്ട തെയ്യങ്ങളാണ്. പുരാണ കഥാപാത്രങ്ങൾ എന്ന നിലയിൽ അവയുടെ അസ്തിത്വം നിലനിൽക്കുമ്പോഴും നാടൻ ജീവിതത്തോട് അവയെ ഇണക്കിച്ചേർത്തപ്പോഴാണ് അവയ്ക്ക് മാനുഷികഭാവംകൂടി കൈവന്നത്. ഇവയ്ക്ക് സമാന്തരമായി നാടൻ പുരാവൃത്തങ്ങളും ഉണ്ട്. ചണ്ഡമുണ്ഡന്മാരെ നിഗ്രഹിച്ച ഭദ്രകാളി എന്ന നിലയിലാണ് കരിഞ്ചാമുണ്ഡി കൊട്ടിയാടിക്കപ്പെടുന്നത്. 'ചണ്ഡമുണ്ഡന്മാർ പെരുമ്പടയോടുകൂടി വന്ന്' എന്നു തുടങ്ങുന്ന ദേവീമാഹാത്മ്യത്തിലെ വരികൾ കരിഞ്ചാമുണ്ഡിയുടെ തോറ്റം എന്ന നിലയിൽ പാടി വരുന്നുണ്ട്. എന്നാൽ പ്രസവവേദനകൊണ്ട് പിടയുന്ന ഒരു മുസ്ലിം സ്ത്രീയുടെ ഭർത്താവ്, പേറ്റിച്ചിയെ തേടിപ്പോയപ്പോൾ കാട്ടിലെ വള്ളിക്കെട്ടിലിരുന്ന് വേഷപ്രച്ഛന്നയായി ഊഞ്ഞാലാടിക്കൊണ്ടിരുന്ന ഒരു യക്ഷി അയാളോടൊപ്പം പേറ്റിച്ചിയാണെന്നവകാശപ്പെട്ട് ചെന്ന് ഗർഭിണിയെക്കൊന്ന് ചോര കുടിച്ചതായുള്ള ഒരു നാടൻ പുരാവൃത്തവും നിലവിലുണ്ട്. സമയം ഏറെ കഴിഞ്ഞിട്ടും മുറിയിൽ നിന്ന് പുറത്തുവരാത്തതിനാൽ മാപ്പിള വാതിൽ ചവിട്ടിത്തുറന്നപ്പോൾ അമ്മയെയും കുട്ടിയെയും കൊന്ന് ചോരകുടിക്കുന്ന യക്ഷിയെയാണ് അയാൾ കണ്ടത്. ഉടൻ ഓടിച്ചെന്ന് ഉലക്കക്കൊണ്ട് യക്ഷിയുടെ നടുവിന് അടി കൊടുത്തുവെന്നും അതിന്റെ ഫലമായി കരിഞ്ചാമുണ്ഡിയായി മാറിയ യക്ഷി, തെയ്യമായപ്പോൾ നടുവൊടിഞ്ഞ നിലയിലായിത്തീർന്നുവെന്നുമാണ് നാടൻവ്യാഖ്യാനം.



ഫോട്ടോ: Vijayakumarblathur

കുലവൻ തെയ്യം

## മൃഗത്തെയ്യങ്ങളും നാഗദേവതകളും

തെയ്യത്തിലെ മറ്റൊരു വിഭാഗം മൃഗത്തെയ്യങ്ങളും നാഗദേവതകളുമാണ് ഭയംകാരണം പ്രാചീനകാലത്ത് നരി, പുലി തുടങ്ങിയ മൃഗങ്ങളെയും പാമ്പുകളെയും ആരാധനയിലൂടെ പ്രീതിപ്പെടുത്താൻ മനുഷ്യർ ശ്രമിച്ചതിന്റെ ഫലമാണ് പുള്ളൂറ് കാളി (പുലിയൂര് കാളി), പുള്ളിക്കരിങ്കാളി, കണ്ടപ്പുളി, മാരപ്പുലി, പുലിക്കണ്ടൻ, പുള്ളൂറ് കണ്ണൻ,



ഫോട്ടോ: Akhilan

കേരളത്തിൽ മലബാറിൽ കാണപ്പെടുന്ന തെയ്യങ്ങളിൽ ഒന്ന്



തോട്ടുങ്കര ഭഗവതി തെയ്യം

ഫോട്ടോ: Navaneeth Kishor



**ഒരുകാലത്ത് തർക്കങ്ങൾ പരിഹരിക്കലും കളവുമുതൽ കണ്ടുപിടിക്കലും മനോരോഗങ്ങൾ മാറ്റലും കുടുംബജീവിതത്തിലെ അറ്റുപോയ കണ്ണികൾ കൂട്ടിച്ചേർക്കലുമെല്ലാം തെയ്യങ്ങളാണ് നിർവഹിച്ചിരുന്നത്.**

പുലിച്ചാമുണ്ഡി തുടങ്ങിയ മൃഗദേവതകൾ തെയ്യക്കഥാപാത്രങ്ങളായിത്തീർന്നത്. നാഗപ്പോതി, നാഗക്കന്നി, നാഗരാജാവ്, നാഗക്കാളി തുടങ്ങിയ നാഗദൈവങ്ങൾ തെയ്യക്കഥാപാത്രങ്ങളായിത്തീർന്നത് ഇത്തരം വിശ്വാസത്തിന്റെ ഫലമായിട്ടാണ്.

## കാവുകളിലെ ജനകീയോത്സവം

ഒരു കാലത്ത് ഗ്രാമീണ സംസ്കൃതിയുടെ സിരാകേന്ദ്രങ്ങളായിരുന്നു കാവുകൾ. ഇന്നും ഒരളവോളം അത് മാറ്റമില്ലാതെ തുടരുന്നു. സാധാരണ ജനതയുടെ മതവും കലയും ഉത്പാദനവും ഉപഭോഗവും വിനോദവും കുടുംബബന്ധങ്ങൾ പങ്കുവയ്ക്കലുമെല്ലാം കാവുകൾ കേന്ദ്രീകരിച്ചായിരുന്നു ഒരുകാലത്ത് നടന്നുവന്നത്. തർക്കങ്ങൾ പരിഹരിക്കലും കളവുമുതൽ കണ്ടുപിടിക്കലും മനോരോഗങ്ങൾ മാറ്റലും കുടുംബജീവിതത്തിലെ അറ്റുപോയ കണ്ണികൾ കൂട്ടിച്ചേർക്കലുമെല്ലാം തെയ്യങ്ങളാണ് നിർവഹിച്ചിരുന്നത്. പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിച്ചുകൊണ്ട് വൃക്ഷങ്ങളും വള്ളിക്കെട്ടുകളും കുളങ്ങളും കിണറുകളുമെല്ലാം ഉൾക്കൊള്ളുന്ന കാവുകൾ ഗ്രാമീണ ജീവിതത്തിന് കുളിർമ നൽകി വരുന്നു.

വ്യത്യസ്ത സമൂഹങ്ങളുടെ കൂട്ടായ്മയാണ് തെയ്യാട്ടത്തിന്റെ വിജയകരമായ നടത്തിപ്പിന് ആധാരമായിട്ടുള്ളത്. പുലയൻ, വേലൻ, കോപ്പാളൻ, മാവിലൻ, മലയൻ, അഞ്ഞൂറ്റാൻ, ചിറവൻ, അടിയാൻ തുടങ്ങി ഇരുപതോളം സമൂഹങ്ങളാണ് തെയ്യംകെട്ടി വരുന്നത്. കളിയാട്ടത്തിന്റെ നാൾ കുറിക്കുന്നത് നാടൻ ജ്യോത്സ്യനായ കണിയാനാണ്. 'മേലേരി' (തീക്കൂന)ക്കു വേണ്ടിയുള്ള മരം മുറിക്കുന്നതിന് തുടക്കമിടേണ്ടത്'മേലാശാരി' (മൂത്താശാരി) യാണ്. മരം മുറിക്കൽ, വിറകുകീറൽ, മേലേരിതയ്യാറാക്കൽ, 'കലശം' എന്ന അനുഷ്ഠാനത്തിന്റെ നിർവഹണം, 'കലശ' ത്തിനുള്ള മദ്യം, വാഴപ്പോള എന്നിവ തയ്യാറാക്കൽ, കുരുത്തോലയും ഓലച്ചൂട്ടും നൽകൽ ആദിയായ കാര്യങ്ങൾ നിർവഹിക്കേണ്ടത് 'തിയ്യ' (ഈഴവർ)രാണ്. കാവിലെ 'അടിയന്തര'ക്കാർക്ക് ധരിക്കാനുള്ള 'മാറ്റ്' (അലക്കി ശുദ്ധമാക്കിയ വസ്ത്രം) നൽകേണ്ടത് നായന്മാരുടെയും വാണിയന്മാരുടെയും കാവുകളിൽ വണ്ണത്താന്മാരും തീയ്യരുടെ കാവുകളിൽ വണ്ണാത്തിമാരുമാണ്. തെയ്യങ്ങളുടെ ആയുധം കടയേണ്ടത് കൊല്ലന്മാരും, വെളിച്ചെണ്ണ എത്തിക്കേണ്ടത് വാണിയ സമുദായക്കാരുമാണ്.

ചോറ് കോരിയിടാനും, അടിയന്തിരക്കാർക്കു വിശ്രമിക്കാനുമുള്ള പായ എത്തിക്കേണ്ടതുമായ ചുമതല പുലയർക്കാണ്. ഓലക്കുട നൽകേണ്ടത് കണിയാനാണ്. കളിയാട്ടത്തിന്റെ ചെലവുകൾ നിർവഹിക്കുന്നതിനുള്ള വിഭവ സമാഹരണത്തിന് നേതൃത്വം നൽകേണ്ടതും കളിയാട്ടത്തിന്റെ മേൽനോട്ടം വഹിക്കേണ്ടതും ഊരാളന്മാരാണ്. മിക്ക കാവുകളിലെയും 'മേലാവികൾ' അഥവാ ഊരാളന്മാർ നായന്മാരായിരിക്കും. നാട്ടിലെ പ്രശ്നങ്ങൾ

ഫോട്ടോ: Rajeshodayanchal

കളിയാട്ടത്തിന്റെ സമാപനദിവസം പറഞ്ഞു തീർക്കുന്നതും അവർ തന്നെയാണ്. കാവിന്റെ ശുദ്ധികലശം അഥവാ 'പുണ്യാഹം' തുടങ്ങിയ കർമങ്ങൾ നിർവഹിക്കാനുള്ള അധികാരം ബ്രാഹ്മണർക്കാണ്. കാവുകളോടനുബന്ധിച്ചുള്ള സർപ്പക്കാവുകളിലെ അനുഷ്ഠാനങ്ങൾ നിർവഹിക്കേണ്ടതും ബ്രാഹ്മണരാണ്. തെയ്യം കാണാനെത്തുന്നവരിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഉണ്ടാകും. ഇങ്ങനെ വ്യത്യസ്ത സമൂഹങ്ങളുടെ ക്രിയാത്മക പങ്കാളിത്തം കാവുകളിലെ കളിയാട്ടത്തിന് അനുപേക്ഷണീയമാണ്. അതുവഴി അക്ഷരാർഥത്തിൽ അതൊരു ജനകീയോത്സവമായിത്തീരുന്നു.

ആയിരത്തിലധികം തെയ്യക്കോലങ്ങളുണ്ട്. ഇവയ്ക്കെല്ലാം ഓരോ പുരാവൃത്തവുമുണ്ട്. അതിനിണങ്ങിയ മുഖത്തെഴുത്തും മുടിയും (കിരീടം) ഉടുത്തുകെട്ടും ആഭരണങ്ങളുമാണ് നൽകിയിരിക്കുന്നത്. ഇവ ഓരോന്നും വ്യത്യസ്തമാണ്. ഓരോ തെയ്യത്തിന്റെയും അന്തർഭാവത്തിന്നനുസരിച്ചുള്ള തോറ്റംപാട്ടും ആട്ടച്ചിട്ടകളുമുണ്ട്. അവയാകട്ടെ തികച്ചും ലളിതവുമാണ്.


മലയിൽക്കാവ് ദേവീക്ഷേത്രം

ഫോട്ടോ: Prof tpms

തെയ്യത്തിന്റെ അവതരണത്തിൽ അഗ്നിക്ക് പ്രധാനസ്ഥാനമുണ്ട്. പുതിയ ഭഗവതി, വീരഞ്ചിറ ഭഗവതി , കണ്ഠാകർണ്ണൻ, ചൂളിയാർ ഭഗവതി, കക്കറ ഭഗവതി, മാക്കപ്പോതി എന്നിവ പന്തംവച്ച തെയ്യങ്ങളാണ്. കുരുത്തോലകൊണ്ടുള്ള 'ഒട' യിലാണ് പന്തം വയ്ക്കുന്നത്. ഒറ്റക്കോലം (തീച്ചാമുണ്ഡി), പൊട്ടൻ ദൈവം (തീപ്പൊട്ടൻ) ഉച്ചിട്ട എന്നിവ തീക്കൂനയിൽ വീഴുന്ന തെയ്യങ്ങളും കണ്ടനാർ കേളൻ തീയിൽച്ചാടുന്ന തെയ്യവുമാണ്. രണ്ടാൾ പൊക്കമുള്ള മേലേരി (തീക്കൂന)യിൽ നൂറും നൂറ്റമ്പതും തവണ വീഴുന്ന ഒറ്റക്കോലം നമ്മെ അമ്പരപ്പിക്കുന്ന തെയ്യക്കോലമാണ്. കുത്തുവിളക്കിന്റെയും ഓലച്ചൂട്ടിന്റെയും വെളിച്ചത്തിലാണ് തെയ്യം അരങ്ങേറുന്നത്.


കണ്ടടുക്കം കരിഞ്ചാമുണ്ഡിക്കാവ്



# ആറാംവയസ്സിൽ തുടങ്ങി, പതിനാലിൽ ഒളിംപിക് സ്വർണം

**സനിൽ പി തോമസ്**

ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന ജിംനാസ്റ്റുകളിൽ ഒരാളായി അറിയപ്പെടുന്ന കായികതാരമാണ് നാദിയ കൊമനേച്ചി. 1976 ലെ മോൺട്രിയോൾ ഒളിംപിക്സിൽ മൂന്നു സ്വർണം നേടുകയും ആദ്യമായി ഒരു ജിംനാസ്റ്റിക് മത്സരത്തിൽ 10 ൽ 10 സ്കോർ നേടുകയും ചെയ്ത നാദിയയുടെ വിജയഗാഥ വായിക്കൂ ഈ ലേഖനത്തിൽ.

അഞ്ചടിപോലും ഉയരമില്ലാത്തൊരു പെൺകുട്ടി. അന്നവൾക്കുപ്രായം 14 വയസ്സും 252 ദിവസവും. അഞ്ചു സെന്റീമീറ്റർ മാത്രം വീതിയുള്ള ബീമിൽ അവൾ അഭ്യാസങ്ങൾ കാട്ടിയപ്പോൾ മോൺട്രിയോൾ ഒളിംപിക്സ് വേദിയിൽ അദ്ഭുതത്തിന്റെ പ്രപഞ്ചം ഒരുങ്ങി. കാണികൾ സ്വപ്നലോകത്തായിരുന്നു. കേവലം ഒരു സർക്കസ് അല്ല; എന്തോ മാജിക് കണ്ട പ്രതീതി.

റുമേനിയക്കാരിയായിരുന്ന നാദിയ കൊമനേച്ചി എന്ന പെൺകുട്ടിയായിരുന്നു അത്. 'പ്ലാസ്റ്റിക് ഗേൾ' എന്ന് എല്ലാവരും അവളെ വിളിച്ചു. കൊച്ചുകുട്ടികൾ ഇലാസ്റ്റിക്കിൽ കൊരുത്ത പ്ലാസ്റ്റിക് പാവക്കുട്ടിയെക്കൊണ്ട് അഭ്യാസം ചെയ്യിക്കുന്നതുപോലെയായിരുന്നു നാദിയായുടെ പ്രകടനം. 1976 ലെ മോൺട്രിയോൾ ഒളിംപിക്സിലാണ് സംഭവം. ജിംനാസ്റ്റിക്സിലെ ടീം ഇനത്തിൽ നിർബന്ധിത അഭ്യാസങ്ങളിൽപ്പെട്ട 'അൺ ഈവൻ ബാർ ആയിരുന്നു മത്സരയിനം.

മത്സരത്തിൽ നാദിയ 10 ൽ 10 നേടി. പക്ഷേ സ്കോർ ബോർഡ് 1.00 എന്നുമാത്രം കാണിച്ചു. കാരണം 9.90 വരെ രേഖപ്പെടുത്തുവാനേ സംവിധാനം ഉണ്ടായിരുന്നുള്ളൂ. 10 ൽ 0 അഥവാ പെർഫെക്ട് ടെൻ ഒളിംപിക്സ് ജിംനാസ്റ്റിക്സ് സങ്കൽപ്പങ്ങൾക്ക് അപ്പുറമായിരുന്നു. നാദിയ മറ്റ് മത്സര ഇനങ്ങളിൽ രണ്ടുതവണ വീതം പെർഫെക്ട് ടെൻ നേടി. ആകെ ഏഴു തവണ.

നാദിയയുടെ പ്രകടനത്തിനുശേഷം ലോക ജിംനാസ്റ്റിക് സംഘടന സ്കോറിങ് രീതി തന്നെ മാറ്റി. 10 ൽ 10 എളുപ്പത്തിൽ കൈവരിക്കാൻ ഇടയാകാത്തവിധം അവർ അത് പരിഷ്കരിച്ചു. മോൺട്രിയോളിൽ നാദിയ മൂന്നു സ്വർണവും ഒരു വെള്ളിയും നേടി. 1980 ൽ മോസ്കോ ഒളിംപിക്സിൽ ലഭിച്ചത് രണ്ടു സ്വർണവും ഒരു വെള്ളിയും. 76 ൽ 85 പൗണ്ട് മാത്രം ഭാരമുണ്ടായിരുന്ന നാദിയ 80 ൽ 110 പൗണ്ടിൽ എത്തിയിരുന്നു. ഉയരം അഞ്ച് അടി നാലിഞ്ച്. ഇടക്കാലത്ത് വിശ്രമിച്ചതാണു ഭാരം കൂട്ടിയത്.

റുമേനിയയിൽ നിന്നു കൂറുമാറി അമേരിക്കയിൽ എത്തിയ നാദിയയോട് എല്ലാവരും ചോദിച്ചു.

“എങ്ങനെയാണ് പെർഫെക്ട് ടെൻ നേടുന്നത്?’’

നാദിയയ്ക്ക് ഒറ്റ മറുപടിയേ ഉണ്ടായിരുന്നുള്ളൂ.

“കഠിനാധ്വാനം ചെയ്യണം. പിന്നെ നിർണായക നിമിഷങ്ങളിൽ ഭാഗ്യം കൂടെ വേണം.’’

കൂടുതൽ ചോദിച്ചവരോടു നാദിയ വിശദീകരിച്ചു.

“കഠിനാധ്വാനം ആണ് പരമപ്രധാനം. പിന്നെ അൽപ്പം കഴിവും നല്ല പരിശീലകനും.’’

നാദിയ കഠിനാധ്വാനം എന്നാണ് തുടങ്ങിയതെന്നറിയുമോ? ആറാം വയസ്സിൽ. 11–ാം വയസ്സിൽ മികവു കാട്ടിത്തുടങ്ങി. 14–ാം വയസ്സിൽ ലോകം കീഴടക്കി. കാർപാത്തിയൻ പർവതനിരകൾക്കു സമീപം, മധ്യ റുമേനിയയിലെ മോൾസാവിയായിലെ ഓനെസ്റ്റ് എന്ന ഫാക്ടറി ടൗണിൽ 1961 ലായിരുന്നു നാദിയയുടെ ജനനം. ജോർജ്–സ്റ്റെഫാനിയ ദമ്പതികളുടെ പുത്രി. ആറാം വയസ്സിൽ അവളെ കോച്ച് ബെലാ കരോലി ഏറ്റെടുത്തു. പോണിടെയ്ൽ കെട്ടിയ മുടിയുമായി ഒരു നഴ്സറിക്കുട്ടിയുടെ ചുവടുകളോടെ അവൾ കോച്ചിങ് തുടങ്ങി. സാധാരണ കുട്ടികൾ ഓടിക്കളിച്ചു നടക്കുന്ന പ്രായത്തിൽ നാദിയ കൃത്യതയോടെ, ശാസ്ത്രീയ പരിശീലനം തുടങ്ങി. ഭക്ഷണത്തിലും വിശ്രമത്തിലും എല്ലാം നിയന്ത്രണം.



പ്രേഗിൽ നടന്ന യൂറോപ്യൻ ചാമ്പ്യൻഷിപ്പിൽ വിജയയിയായപ്പോൾ




1976 ലെ മോൺട്രിയോൾ ഒളിംപിക്സിൽ നാദിയയുടെ പ്രകടനം

ചൂടിലും തണുപ്പിലും എല്ലാം നേരം പുലരുംമുമ്പേ ഉണർന്നു പരീശിലനം തുടങ്ങണം. മാതാപിതാക്കളെ വല്ലപ്പോഴുമേ കാണാൻ കഴിയൂ. ജിംനാസ്റ്റിക് വേദിയായി അവളുടെ ലോകം ബാല്യത്തിലെ സ്വാതന്ത്ര്യവും ഇഷ്ടഭക്ഷണങ്ങളുമെല്ലാം മറന്നുള്ള പരിശീലനം ഫലംകണ്ടുതുടങ്ങി. നാദിയ താരമായി. സൂപ്പർ താരമായി.

‘പെർഫെക്ട് ടെൻ’ എന്താണെന്നൊന്നും നാദിയയ്ക്കു മനസ്സിലായില്ല. സാധാരണ സ്കോർ ബോർഡ് നോക്കാറില്ല. കാതടപ്പിക്കുന്ന കരഘോഷം കേട്ടപ്പോഴാണു ശ്രദ്ധിച്ചത്. സ്കോർ ബോർഡിൽ 1.00 കണ്ടപ്പോൾ സംശയം. ഇതായിരിക്കില്ല. ഇതിൽക്കൂടുതൽ പോയിന്റ് കിട്ടണമല്ലോ. പിന്നെ ഒന്നു പത്തായി. കായികലോകം വിസ്മയിച്ചു.

പുസ്തക പരിചയം




# ഫ്രാങ്കെൻസ്റ്റീൻ

**എൻ എസ് അരുൺകുമാർ**

ലോകത്തിലെ ഏറ്റവും പ്രശസ്തമായ ശാസ്ത്രകഥകളിലൊന്നാണ്ഫ്രാങ്കെൻസ്റ്റീൻ. മേരിഷെല്ലി എന്ന എഴുത്തുകാരി 1818ൽ തന്റെ ഇരുപതാം വയസ്സിലാണ് ഈ കൃതി പ്രസിദ്ധപ്പെടുത്തുന്നത്. ഫ്രാങ്കെൻസ്റ്റീൻ ഓർ ദ മോഡേൺ പ്രൊമിത്യുസ്(Frankenstein or the Modern Prometheus) എന്നു പേരുള്ള ഈ പുസ്തകം എഴുത്തുകാരിയുടെ പേരു വെയ്ക്കാതെയാണ് ആദ്യം പുറത്തുവന്നത്. സ്ത്രീകൾക്കെതിരെ അന്ന് ഇംഗ്ളീഷ് സമൂഹത്തിൽ നിലനിന്നിരുന്ന വിവേചനമായിരുന്നു കാരണം. ഫ്രാൻസിൽ പ്രസിദ്ധീകൃതമായ രണ്ടാം എഡിഷൻ മുതൽ മാത്രമാണ് പേരുണ്ടായത്.

ഒരു ശാസ്ത്രജ്ഞൻ തന്റെ പരീക്ഷണശാലയിൽ രഹസ്യമായി സൃഷ്ടിക്കുന്ന മനുഷ്യരൂപമുള്ള ഭീകരജീവിയുടെ കഥയാണ് ഫ്രാങ്കെൻസ്റ്റീൻ. പലരും തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ, ഈ ഭീകരജീവിയുടെ പേരല്ല ഫ്രാങ്കെൻസ്റ്റീൻ. ആ ഭീകരജീവിയെ സൃഷ്ടിക്കുന്ന ശാസ്ത്രജ്ഞന്റെ പേരാണ് വിക്ടർ ഫ്രാങ്കെൻസ്റ്റീൻ. കൃത്രിമ ജീവനെ സൃഷ്ടിക്കാൻ ശാസ്ത്രത്തിനു കഴിയുന്ന ഒരുകാലം വന്നെത്തുകയാണെങ്കിൽ, അത് ചിലപ്പോൾ വഴിപിഴച്ച ഭീകരജീവികളെയായിരിക്കും സൃഷ്ടിക്കുകയെന്ന് കഥാകാരിയായ മേരിഷെല്ലി ഭയപ്പെട്ടു. അങ്ങനെയൊന്നുസംഭവിച്ചാൽ ഈ ലോകം എങ്ങനെയായിരിക്കും പ്രതികരിക്കുക? അതാണ് ഫ്രാങ്കെൻസ്റ്റീനിലൂടെ മേരിഷെല്ലി പറഞ്ഞ കഥ.

ക്യാപ്റ്റൻ റോബർട്ട് വാൾട്ടൺ അദ്ദേഹത്തിന്റെ സഹോദരിയായ മാർഗരറ്റ് വാൾട്ടൺ സാവില്ലേക്ക് എഴുതുന്ന കത്തുകളുടെ രൂപത്തിലാണ് ഫ്രാങ്കെൻസ്റ്റീനിന്റെ കഥ അവതരിപ്പിക്കപ്പെടുന്നത്. എഴുത്തുകാരനെന്ന നിലയിൽ പേരെടുക്കാനാഗ്രഹിക്കുന്ന ഒരു വ്യക്തിയാണ് ക്യാപ്റ്റൻ റോബർട്ട്വാൾട്ടൺ. അതിനായുള്ള അനുഭവങ്ങൾ തേടി അദ്ദേഹം ഉത്തരധ്രുവത്തിലേക്ക് യാത്രചെയ്യുന്നു. മഞ്ഞുമൂടിയ ലോകത്തുവച്ച് വളരെ വിചിത്രമായ ഒരു കാഴ്ച അവർ കാണുന്നു. തെന്നുവണ്ടി വലിക്കുന്ന അസാമാന്യവലിപ്പമുള്ള ഒരു ഭീകരസത്വം. പക്ഷേ, കൂടുതലെന്തെങ്കിലും സംഭവിക്കുന്നതിനുമുമ്പ് ആ ഭീകരരൂപം മഞ്ഞിൽ മറയുന്നു. അല്പം കഴിഞ്ഞ് മഞ്ഞണിഞ്ഞ നിലത്ത് തണുത്തവശനായികിടക്കുന്ന ഒരു മനുഷ്യനെ ക്യാപ്റ്റന്റെ സംഘം കണ്ടെത്തുന്നു. അന്വേഷണത്തിൽ, വിക്ടർ ഫ്രാങ്കെൻസ്റ്റീൻ എന്ന പേരു പറയുന്ന അയാൾ

ഒരു ഭീകരജീവിയെ അന്വേഷിക്കുകയായിരുന്നു. ഏതാണാ ജീവിയെന്ന ചോദ്യത്തിനു മറുപടിയായി ഫ്രാങ്കെൻസ്റ്റീൻ തന്റെ കഥ പറയാനാരംഭിക്കുന്നു.

ജനീവയിലെ ഒരു ധനിക കുടുംബത്തിലായിരുന്നു വിക്ടർ ഫ്രാങ്കെൻസ്റ്റീനിന്റെ ജനനം. വിക്ടറുടെ ബാല്യകാലസഖിയായിരുന്നു എലിസബത്ത് ലവെൻസ. വിക്ടറുടെ കുടുംബം ദത്തെടുത്ത് വളർത്തിയതായിരുന്നു എലിസബത്തിനെ. അവർ ചെറുപ്പത്തിലേ പ്രണയബദ്ധരായിത്തീർന്നു. ശാസ്ത്ര വിഷയങ്ങളിൽ തത്പരനായിരുന്ന വിക്ടർ വീട്ടിലെ നിലവറയിൽ ഒരു രഹസ്യപരീക്ഷണശാല സജ്ജമാക്കിയിരുന്നു. ജീവനില്ലാത്ത വസ്തുക്കളെ സംയോജിപ്പിച്ച് കൃത്രിമജീവൻ സൃഷ്ടിക്കുന്ന ഒരു വിദ്യ സ്വായത്തമാക്കിക്കൊണ്ടാണ് ബിരുദപഠനം കഴിഞ്ഞ വിക്ടർ വീട്ടിലെത്തിയത്. അത് പരീക്ഷിക്കുന്നതിലൂടെ ഒരു കൃത്രിമ മനുഷ്യന് വിക്ടർ ജൻമം നൽകി. മനുഷ്യന്റെ അവയവങ്ങൾ അതേ വലിപ്പത്തിൽ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ടു പരിഹരിക്കുന്നതിനായി വളരെ വലിപ്പത്തിലാണ് വിക്ടർ സൃഷ്ടി നടത്തിയത്. ഫലമോ, എട്ടടിയോളം ഉയരമുള്ള ഒരു ഭീകരസത്വം! കണ്ണുകൾ മഞ്ഞനിറത്തിൽ തിളങ്ങിയിരുന്ന ആ സത്വത്തിന്റെ ത്വക്ക് കണ്ണാടി പോലെ സുതാര്യമായിരുന്നതിനാൽ അതിനടിയിലെ മാംസപേശികളും രക്തക്കുഴലുകളും പുറത്തുകാണാവുന്ന തരത്തിലുമായിരുന്നു.

എത്ര ഭീകരമാണ് ഫ്രാങ്കെൻസ്റ്റീനിന്റെ രൂപം എന്നു നോക്കൂ. സുതാര്യമായ തൊലി എന്നുപറഞ്ഞാൽ തൊലിയുരിച്ചപോലുള്ള രൂപം. രക്തക്കുഴലുകളും രക്തമോടുന്ന മാംസപേശികൾ പുറത്തുകാണാൻ കഴിയുന്നതുമായ രൂപം. എട്ടടിയോളമുള്ള പൊക്കം. ഇത്തരത്തിലുള്ള ഒരു ജീവിയെ, അതിന് മനുഷ്യാകാരമാണെങ്കിൽപ്പോലും ആരും അടുപ്പിക്കാൻ പോലും തയ്യാറാവില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മനുഷ്യൻ ഒരു സമൂഹജീവിയാണെും സഹജീവികളിൽ



നിന്നുമുള്ള സ്നേഹം, കരുണ, വാൽസല്യം തുടങ്ങിയവയ്ക്കു മാത്രമേ ഏതൊരു മനുഷ്യനിൽനിന്നും അവയെ പ്രതിഫലിപ്പിക്കാൻ കഴിയൂ എന്നതിനുമുള്ള ഏറ്റവും ലളിതമായ ഉദാഹരണമാണ് ഫ്രാങ്കെൻസ്റ്റീനിന്റെ സത്വം.

തന്റെ സൃഷ്ടിയുടെ അന്തിമരൂപം കണ്ടു ഞെട്ടിയ വിക്ടർ അതിനെ മുറിയിലടച്ചിട്ട ശേഷം പുറത്തുപോവുന്നു. എന്നാൽ തിരികെയെത്തുന്നതിനിടെ സത്വം അവിടെ നിന്നും രക്ഷപ്പെടുന്നു. നാലുമാസങ്ങൾക്കു ശേഷം വിക്ടറിന്റെ സഹോദരനായ വില്ല്യംസ് കൊല്ലപ്പെടുന്നു. കൊല നടന്ന സ്ഥലത്ത് സത്വത്തിന്റെ സാന്നിധ്യം വിക്ടർ തിരിച്ചറിയുന്നു.
പക്ഷേ, സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ വില്ല്യംസിന്റെ ഭാര്യ കുറ്റവാളിയാണെന്ന് വിധിക്കപ്പെടുന്നു. അവരെ തൂക്കിക്കൊല്ലുന്നു.

പശ്ചാത്താപവിവശനായ വിക്ടർ വിജനമായ ഇടങ്ങളിലും കാടുകളിലും അലഞ്ഞുനടക്കുന്നു. അവിടെ വെച്ച് സത്വം വിക്ടറിനെ സന്ദർശിക്കുന്നു. തന്നെ ആരും സ്നേഹിക്കുന്നില്ലെന്നും തനിക്ക് ഒരു ഇണയെ സൃഷ്ടിച്ചു തരണമെന്നും സത്വം വിക്ടറിനോട് പറയുന്നു. അല്ലാത്ത പക്ഷം വിക്ടറിന് പ്രിയപ്പെട്ടവരെയെല്ലാം ഒന്നൊന്നായി വധിക്കുമെന്ന ഭീഷണിയുയർത്തിയശേഷം സത്വം പിൻവാങ്ങുന്നു.

സത്വത്തിന്റെ ഭീഷണിക്കു വഴങ്ങിക്കൊണ്ട് വിക്ടർ ഒരു പെൺസത്വത്തെ സൃഷ്ടിക്കുന്നു. എന്നാൽ സൃഷ്ടി പൂർത്തിയാക്കുന്നതിനു മുമ്പ് ഒരു ചിന്ത മിന്നൽപ്പിണർ പോലെ വിക്ടറുടെ മനസിലൂടെ കടന്നുപോവുന്നു. ഈ പെൺസത്വവും ആൺസത്വവും സന്തതികളെ ഉത്പാദിപ്പിക്കാൻ തുടങ്ങിയാൽ മനുഷ്യരാശിയുടെ സ്ഥിതിഎന്താവും? അതോർത്തു ഞെട്ടിയ വിക്ടർ പെൺസത്വത്തിന്റെ സൃഷ്ടി പകുതി വെച്ച് തകർത്തെറിഞ്ഞു. ആരും ഇത് കണ്ടില്ലെന്നാണ് വിക്ടർ കരുതിയതെങ്കിലും പരീക്ഷണശാലയുടെ കിളിവാതിലിൽ രണ്ടു മഞ്ഞക്കണ്ണുകൾ അതെല്ലാം കാണുന്നു

ണ്ടായിരുന്നു, സത്വത്തിന്റെ!

ശാസ്ത്രത്തിന് നഷ്ട മാവുന്ന മനുഷ്യമുഖം തന്നെയാണ് ഫ്രാങ്കെൻസ്റ്റീനിനെക്കൊണ്ട് അരുതാത്തത് ചെയ്യിക്കുന്ന സത്വത്തിന്റെ രൂപത്തിൽ മേരിഷെല്ലി അവതരിപ്പിക്കുന്നത്. ആധുനിക ലോകത്തിൽ ഈ രൂപം ഏറ്റെടുത്തിരിക്കുന്നത്, ശാസ്ത്രജ്ഞരെ കൂലിക്കുവെച്ച് അവരുടെ കണ്ടുപിടുത്തങ്ങളിലൂടെ ലാഭമുണ്ടാക്കാൻ ശ്രമിക്കുന്ന വൻകിട കുത്തകകളെയാവാം.അത്തരം കോർപ്പറേറ്റുകൾക്ക് ഒരു സാധാരണക്കാരന്റെ ജീവിതത്തെപ്പോലും എങ്ങനെ ദോഷകരമായി സ്വാധീനിക്കാനാവും എന്നതിന്റെ ഉദാഹരണമാണ് ഫ്രാങ്കെൻസ്റ്റീനിന്റെ സത്വം. വിക്ടറിന്റെ നീക്കങ്ങളെ രഹസ്യമായി പിൻതുടരുന്ന സത്വം അദ്ദേഹത്തിന്റെ ഒരു സുഹൃത്തിനെ കൊല്ലുന്നതിലൂടെ വിക്ടറിനെ കൊലയാളിയാക്കുന്നതുവരെയുള്ള കാര്യങ്ങൾ ചെയ്യുന്നു.

സത്വം വിക്ടറുമായി വീണ്ടും സന്ധിക്കുകയും പരീക്ഷണങ്ങൾ തുടരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.'നിന്റെ വിവാഹരാത്രിയിൽഞാനുണ്ടാവും' എന്ന സത്വത്തിന്റെ മുറിയിപ്പ് അവഗണിച്ചുകൊണ്ട് വിക്ടർ വിവാഹിതനാവാൻ തീരുമാനിക്കുന്നു. വിവാഹരാത്രിയിൽ തോക്കും തിരകളുമായി സത്വത്തെ നേരിടാനിറങ്ങുന്ന വിക്ടർ ജനാലയിലൂടെ കാണുന്നത് നവവധുവിനെ സത്വം കഴുത്തു ഞെരിച്ചു കൊല്ലുന്നതാണ്. വിക്ടർ വെടിവെച്ചുവെങ്കിലും സത്വം പരിക്കില്ലാതെ രക്ഷപ്പെടുന്നു.

സത്വത്തിനെ വകവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട വിക്ടർ അതിനെ പിൻതുടർന്ന് ഉത്തരധ്രുവമേഖലയിലെത്തുന്നത്. എന്നാൽ കൊടുംശൈത്യത്തിൽ പിടിച്ചുനിൽക്കാനാവാതെ അദ്ദേഹം വീണുപോവുന്നു. ആസന്നമരണനായ വിക്ടറിനെ ക്യാപ്റ്റൻ റോബർട്ട് വാൾട്ടണിന്റെ സംഘം ഒരു തകർന്ന കപ്പലിന്റെ മേൽത്തട്ടിലെത്തിക്കുന്നു. വൈകാതെ വിക്ടർ അന്ത്യശ്വാസം വലിക്കുന്നു. അടുത്തനിമിഷം അവർ കാണുന്നത് വിക്ടറുടെ മൃതശരീരത്തിൽ വീണു കരയുന്ന സത്വത്തെയാണ്. തന്റെ അവസാന പ്രതീക്ഷയായിരുന്നു വിക്ടർ എന്നു പറഞ്ഞുവിലപിക്കുന്ന സത്വം ഇനി ഞാൻ പുറംലോകത്തിലേക്കില്ല എന്നുപറഞ്ഞ് മഞ്ഞുവണ്ടിയും വലിച്ചുകൊണ്ട് നടന്നു മറയുന്നിടത്ത് മേരിഷെല്ലിയുടെ ഫ്രാങ്കെൻസ്റ്റീൻ പൂർണമാവുന്നു.

ശാസ്ത്രത്തിന്റെ നൈതികതയും നഷ്ടമാവുന്ന മനുഷ്യമുഖവുമൊക്കെ ചർച്ചയാവുന്ന ഏതൊരവസരത്തിലും എന്നും ഉയർന്നുകേൾക്കുന്ന പേരാണ് ഫ്രാങ്കെൻസ്റ്റീനിന്റേത്. ജനിതക എൻജിനീയറിങ്ങും മനുഷ്യക്ലോണിങ്ങുമൊന്നും കേട്ടുകേൾവിപോലും ആകാതിരുന്ന ഒരുകാലത്ത്മേരി ഷെല്ലി ഭയപ്പെട്ടിരുന്നത് ഇന്ന് സംഭവ്യമായിരിക്കുന്നു. ഡോളി എന്ന ചെമ്മരിയാടിന്റെ സൃഷ്ടിയാഥാർത്ഥ്യമായതിൽ നിന്നും ബഹുദൂരം ശാസ്ത്രം മുന്നേറിയിരിക്കുന്നു.

മനുഷ്യനെ ക്ളോൺ ചെയ്യുന്നതിന് ശാസ്ത്രജ്ഞർക്കുള്ള തടസ്സം മനുഷ്യക്ളോണിങ്ങിനെതിരായി വിവിധ രാജ്യങ്ങളിൽ നിലനിൽക്കുന്ന നിയമപരമായ വിലക്കുകൾ മാത്രമാണ്. എങ്കിലും ലോകത്തിലെ ഏതെങ്കിലുമൊരു കോണിലെ പരീക്ഷണശാലയുടെ രഹസ്യനിലവറകളിൽ ഫ്രാങ്കെൻസ്റ്റീനിന്റെ സത്വങ്ങൾ ജീവിക്കുന്നുണ്ടാവാം. അതുകൊണ്ട്എന്നും പ്രസക്തമായ, എല്ലാവരും ഒരാവർത്തിയെങ്കിലും വായിച്ചിരിക്കേണ്ട പുസ്തകമാണ് മേരിഷെല്ലിയുടെ ഫ്രാങ്കെൻസ്റ്റീൻ.

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# അമ്മപ്പക്ഷിപോലെ

രാജഗോപാലൻ നാട്ടുകൽ




നമ്മുടെ വിദ്യാലയമിതു കണ്ടോ,
അമ്മപ്പക്ഷി കണക്കല്ലോ!
അരുമക്കുട്ടികളായിരമുണ്ടേ
ചിറകിന്നടിയിലൊളിച്ചീടാൻ!
ചിക്കിച്ചികയാൻ, വാക്കുകൾ-അക്ഷര-
മുത്തുകൾ കൊത്തിയെടുപ്പാനും;
ഇത്തിരി മഴയും വെയിലും കൊണ്ടീ
മുറ്റത്തൂടെ കളിപ്പാനും;
വായ്ക്കും സ്നേഹത്തോടെത്തമ്മിൽ
കൊക്കുകൾ തമ്മിലുരുമ്മാനും;
കല്ലും മുള്ളും കൂർത്തു കിടക്കേ
മെല്ലെ കാലുകൾ വയ്ക്കാനും;
വേവും ചൂടിലകപ്പെട്ടെന്നാൽ
നോവറിയാതെ നടപ്പാനും
പല പല 'വിദ്യ'കളുണ്ടിവയെല്ലാം
പതിവായ് പക്ഷി പഠിപ്പിക്കും!
പിന്നെയൊരിക്കൽ കുഞ്ഞുങ്ങളെയും
ചുമ്മാ കൊത്തിയകറ്റീടും!....



വര: ബോബി എം പ്രഭ

# വലിയവീട്ടിലെ കുട്ടി

വലിയ വീട്ടിലെ കുട്ടിക്ക് തീരെ വിശപ്പില്ല. ഡോക്ടർമാർ പല മരുന്നുകളും പരീക്ഷിച്ചിട്ടും ഫലമൊന്നും കാണുന്നില്ല. ഇഷ്ടംപോലെ കേക്കും ഐസ്ക്രീമും ചിക്കൻ ബിരിയാണിയും ചോക്ലേറ്റും കോംപ്ലാനുമൊക്കെ തട്ടിവിട്ടുകൊണ്ടിരുന്നവനാണ്. വണ്ണം ഇത്തിരി അധികമുണ്ടെങ്കിലും എല്ലാറ്റിനും മിടുക്കനാണ്. അവനാണ് ഇപ്പോൾ മരുന്നും വിശ്രമവുമായി വലയുന്നത്. എപ്പോഴും മൗനം, വിഷാദം. അച്ഛൻ പറഞ്ഞു

''ഇത് വിഷാദരോഗമായിക്കൂടാ. ഒരു മാറ്റം നല്ലതാണ്. നമുക്ക് നാട്ടിൻപുറത്ത് അപ്പൂപ്പന്റെ വീട്ടിൽ കൊണ്ടുപോയി അവധിക്ക് കുറച്ചുനാൾ നിർത്താം. മരുന്നുകൾ തുടരട്ടെ.''

അങ്ങനെ രാജുമോനെ അപ്പൂപ്പന്റെ വീട്ടിൽ കൊണ്ടുചെന്നാക്കി അച്ഛനമ്മമാർ മടങ്ങിപ്പോയി. അവനെ നോക്കേണ്ടവിധത്തിന്റെ ഒരു ലിസ്റ്റു കൊടുത്തിട്ടാണു പോയത്. പക്ഷേ പിറ്റേന്നു രാവിലെ അപ്പൂപ്പൻ ആ ലിസ്റ്റെടുത്തു നോക്കിയിട്ടു പറഞ്ഞു.

''രാവിലെ 7.30 ന് കുളി– ചൂടുവെള്ളം നിർബന്ധം. മോനേ, ഇന്ന് അപ്പൂപ്പന്റെ കൂടെ അമ്പലത്തിൽ നീയും വാ. നമുക്ക് കുളിയൊക്കെ



വര: സന്തോഷ് വെളിയന്നൂർ

അവിടെ നടത്താം.''

രാജു മനസ്സില്ലാമനസ്സോടെ അപ്പൂപ്പന്റെ കൂടെ നടന്നു. അമ്പലക്കുളത്തിൽ തിരക്കൊന്നുമില്ല അപ്പൂപ്പൻ ഒരു തോർത്തു മുടുപ്പിച്ച് ആ പത്തുവയസ്സുകാരനെ കൈപിടിച്ചു കുളത്തിലിറക്കി. ഹൊ! എന്തൊരു തണുപ്പ്! അവനെ മുങ്ങിക്കുളിക്കാൻ അപ്പൂപ്പൻ പഠിപ്പിച്ചു. തണുത്തുവിറയ്ക്കുന്നെങ്കിലും രാജുവിന് നല്ല രസം തോന്നി. അപ്പൂപ്പൻ പറഞ്ഞു.

''നാളെ മുതൽ നിന്നെ നീന്താൻ പഠിപ്പിക്കാം.''

നനഞ്ഞ തോർത്തു പിഴിഞ്ഞുടുത്ത് അമ്പലത്തിലേക്കുപോകാൻ അവനു മടിയായിരുന്നു. എങ്കിലും അപ്പൂപ്പനെ എതിർക്കാനാവാഞ്ഞ് കൂടെപ്പോയി. തൊഴുതു പ്രസാദം വാങ്ങുമ്പോൾ പൂജാരി ചോദിച്ചു.

''ഏതാ ഈ ഉണ്ണിഗണപതി? കൊച്ചുമോനാ?''

രാജുവിന് അതുതീരെ പിടിച്ചില്ലെങ്കിലും ഒന്നും മിണ്ടിയില്ല. വാശിയും കരച്ചിലുമൊന്നും അപ്പൂപ്പന്റെയടുക്കൽ പറ്റുകയില്ലെന്ന് അവനറിയാം. പ്രാതലിന് കഞ്ഞിയും പയറും ഉപ്പിലിട്ടതും. അവന്റെ മുഖം ചുളിഞ്ഞു. ബ്രെഡ്ഡും ബട്ടറും കേക്കും ഓംലറ്റും ഒന്നുമില്ല. അല്ലെങ്കിലും അവന് അതൊന്നും വേണ്ടാതായിരിക്കുന്നു.

''കുടിക്കൂ മോനേ...''

അമ്മൂമ്മ ഒരു പ്ലാവില കോട്ടി കൈയിൽ കൊടുത്തു. ഒരു ഉരുള വെണ്ണയും ഇത്തിരി ഉപ്പും കഞ്ഞിയിലിട്ടുകൊടുത്തു.

''ഇനി കഴിച്ചു നോക്കൂ.''

''ഒരു സ്പൂൺ കൊടുക്കൂ അവന്.'' അപ്പൂപ്പൻ കൽപ്പിച്ചു.

''കുടിച്ചു നോക്ക് വേണ്ടെങ്കിൽ കഴിക്കണ്ടാ..''

അവൻ രണ്ട് സ്പൂൺ കഞ്ഞി കുടിച്ചു. രുചിയുണ്ടെങ്കിലും വിശപ്പില്ലല്ലോ.

കഞ്ഞികുടി കഴിഞ്ഞ് അപ്പൂപ്പൻ പറഞ്ഞു.

''എടാ മോനേ നമുക്കു വയലു കാണാൻ പോകാം.''

വയലിൽ കൃഷിപ്പണി നടക്കുന്നു. പച്ചനിറത്തിൽ ഓളമടിക്കുന്ന വലിയ പാടവും വരമ്പിലെ പൂവിട്ടുനിൽക്കുന്ന കൊച്ചുകൊച്ചു ചെടികളും അതിനെ.''

ഉച്ചയ്ക്ക് നാടൻ കറികളും കൂട്ടി ഒരുപിടിച്ചോറ്, സന്ധ്യയ്ക്ക് നാമജപം, രാത്രിയിൽ ഒന്നും കഴിക്കാതെ രാജു ഉറങ്ങിപ്പോയി. ആരുമവനെ വിളിച്ചുണർത്തി 'പിസാ', 'ഓവൻ ടിൻ'എന്നൊന്നും നിർബന്ധിച്ചില്ല.

**നനഞ്ഞ തോർത്തു പിഴിഞ്ഞുടുത്ത് അമ്പലത്തിലേക്കുപോകാൻ അവനു മടിയായിരുന്നു. എങ്കിലും അപ്പൂപ്പനെ എതിർക്കാനാവാഞ്ഞ് കൂടെപ്പോയി. തൊഴുതു പ്രസാദം വാങ്ങുമ്പോൾ പൂജാരി ചോദിച്ചു.**
**"ഏതാ ഈ ഉണ്ണിഗണപതി? കൊച്ചുമോനാ?"**
**രാജുവിന് അതുതീരെ പിടിച്ചില്ലെങ്കിലും ഒന്നും മിണ്ടിയില്ല.**

തോട്ടുവെള്ളത്തിൽ തല പൊക്കി നോക്കുന്ന മാനത്തുകണ്ണികളും ഉതങ്ങിൻപ്പൊത്തിലിരുന്ന് ക്ടോം ക്ടോം ശബ്ദമുണ്ടാക്കുന്ന മരംകൊത്തിപ്പക്ഷിയുമെല്ലാം അവന് പുതുമയുള്ള ദൃശ്യങ്ങളായിരുന്നു. മിന്നൽപോലെ താണുവന്ന് മീൻകൊത്തി പറന്നുപൊങ്ങുന്ന നീലക്കിളിയുടെ പേര് പൊന്മാനാണെന്ന് അപ്പൂപ്പൻ പറഞ്ഞു. മടങ്ങിവന്നപ്പോഴേക്ക് വെയിൽ മൂത്തിരുന്നു. രാജുവിന് കുറേശ്ശെ തലവേദന തുടങ്ങി. എങ്കിലും വീട്ടിലെത്തി ഒരു ഗ്ലാസ് സംഭാരം കുടിച്ച് കുറച്ചുനേരം കിടന്നു മയങ്ങി. അപ്പൂപ്പൻ കുലുക്കിവിളിച്ചു.

''കിണറ്റിൻകരെ വാ മോനേ, നിന്റെ തലവേദന ഇപ്പോമാറ്റിത്തരാം.''

കിണറ്റിൽ നിന്ന് നാലഞ്ചു തൊട്ടി വെള്ളം കോരി അവന്റെ തലയിലൊഴിച്ചത് അപ്പൂപ്പൻ തന്നെയാണ്. അൽപ്പനേരം കഴിഞ്ഞപ്പോൾ അമ്പരപ്പോടെ അവൻ മനസ്സിലാക്കി തന്റെ തലവേദന പോയി! ഒരു മരുന്നും കഴിക്കാതെ. അപ്പൂപ്പൻ ചിരിച്ചു.

''അതേയ് ഞാനൊരു മന്ത്രം ചൊല്ലി ഓടിച്ചതാ

പിറ്റേന്നും ഇതെല്ലാം ആവർത്തിച്ചു. പക്ഷേ വൈകുന്നേരമായപ്പോൾ അപ്പൂപ്പനുണ്ട് രണ്ടു തൂമ്പായുമെടുത്ത് പുരയിടത്തിലേക്കിറങ്ങുന്നു. 'ഇറങ്ങിവാടാ കുട്ടാ.' എന്നൊരു വിളിയും. നല്ല തെളിച്ചമുള്ളൊരിടംനോക്കി അപ്പൂപ്പൻ കിളച്ചുതുടങ്ങി. കൈയിൽ കരുതിയിരുന്ന കൊച്ചു തൂമ്പാ അവനെ ഏൽപ്പിച്ചു.

''കിളച്ചുനോക്ക് നമുക്ക് ചീരയും പയറും വെണ്ടയുമൊക്കെ നടാം.''

തൂമ്പാ കണ്ടിട്ടില്ല, പിടിച്ചിട്ടില്ല. അപ്പൂപ്പൻ കിളയ്ക്കുന്നതുപോലെ അവനും ശ്രമിച്ചുനോക്കി. കൊച്ചു കൈ നോവുന്നു. എങ്കിലും കുറച്ചുനേരം കൂടി അവൻ കിളച്ചു. തൊഴുത്തിൽ ഉണങ്ങിയ ചാണകപ്പൊടി ഒരറ്റത്തു വച്ചിരുന്നത് വാരിക്കൊണ്ടുവന്നിട്ടു. വെള്ളം നനച്ചു. വിത്തുകൾ നട്ടു. തലവേദന അന്നുമുണ്ടായെങ്കിലും കിണറ്റുവെള്ളം കോരിയൊഴിച്ചപ്പോൾ അത് ഓടിപ്പോയി. കുറച്ചു കഞ്ഞിയും കുടിച്ചു. അവധിക്കാലമാണ് ദിവസങ്ങൾ പറന്നുപോകുന്നു. മമ്മി ദിവസവും വിളിക്കും.

''മോനേ മരുന്നു കഴിച്ചോ?

ക്ഷീണം കുറവുണ്ടോ? എന്നൊക്കെ ചോദിക്കുമ്പോൾ അവൻ ചിരിക്കും. ‘അതൊക്കെ അപ്പൂപ്പൻ നോക്കിക്കോളും മമ്മീ’ എന്നു മറുപടി നൽകും. മരുന്നൊന്നും കൊടുക്കാറില്ല അപ്പൂപ്പൻ. രണ്ടുമാസം കഴിഞ്ഞു. ഒരു പ്രഭാതത്തിൽ അപ്പൂപ്പനും അവനും കുളിയും അമ്പലത്തിൽപോക്കും കഴിഞ്ഞ് കൃഷിത്തോട്ടത്തിൽ പണിയിലാണ്. ഒരു കാർ വന്നുനിൽക്കുന്ന ശബ്ദം കേട്ടാണ് അവർ തലപൊക്കി നോക്കിയത്. അവന്റെ മമ്മി അതാ ആകെ സംഭ്രമിച്ച് വിവശയായി നിൽക്കുന്നു. അവന്റെ ഡാഡി പുഞ്ചിരിയോടെ പിന്നിലുണ്ട്. മമ്മി കണ്ടു Raju's Garden എന്ന ഒരു പലകയിൽ എഴുതി തൂക്കിയിരിക്കുന്നതിനു ചുവട്ടിൽ കൈയിൽ തൂമ്പയുമായി ഉടുപ്പിടാതെ ഒരു നിക്കർ മാത്രമിട്ടു നിന്നു കിളയ്ക്കുന്ന മകനെ. അവൻ മെലിഞ്ഞു പോയി! കറുത്തുപോയി. അവന്റെ ഉണ്ണിക്കുടവയർ കാണാനില്ല. പക്ഷേ അവന്റെ മുഖത്തുണ്ടായിരുന്ന മടുപ്പും വിഷാദവും എങ്ങോ മറഞ്ഞ് പകരം പ്രകാശമാനമായ ഒരു പുഞ്ചിരി തെളിയുന്നു. മമ്മി പൊട്ടിക്കരഞ്ഞു.

**രണ്ടുമാസം കഴിഞ്ഞു. ഒരു പ്രഭാതത്തിൽ അപ്പൂപ്പനും അവനും കുളിയും അമ്പലത്തിൽപോക്കും കഴിഞ്ഞ് കൃഷിത്തോട്ടത്തിൽപണിയിലാണ്. ഒരു കാർ വന്നുനിൽക്കുന്ന ശബ്ദം കേട്ടാണ് അവർ തലപൊക്കി നോക്കിയത്. അവന്റെ മമ്മി അതാ ആകെ സംഭ്രമിച്ച് വിവശയായി നിൽക്കുന്നു. അവന്റെ ഡാഡി പുഞ്ചിരിയോടെ പിന്നിലുണ്ട്.**

‘‘എന്റെ മോൻ വല്ലാതെ ക്ഷീണിച്ചല്ലോ..’’

അച്ഛൻ ചിരിച്ചു. ‘‘അതിനല്ലേ ഞാൻ നിർബന്ധമായി അവനെ ഇവിടെ കൊണ്ടുവന്ന് ഏൽപ്പിച്ചത്.’’

രാജു അഭിമാനത്തോടെ ചൂണ്ടിക്കാണിച്ചു.

‘‘ഡാഡീ, ആ ചീരയും പയറുമൊക്കെ ഞാൻ തനിച്ചു നട്ടു വളർത്തിയതാ.’’

പ്രാതലിന് ഇരുന്നപ്പോഴാണ് അവർ മറ്റൊരത്ഭുതം കണ്ടത്. കാലും മുഖവും കഴുകിവന്ന് തങ്ങളുടെ വിശപ്പില്ലാത്ത വിഷാദരോഗിയായ കൊച്ചുമകൻ അപ്പൂപ്പന്റെയരികിലിരുന്ന് ഒറ്റയിരിപ്പിൽ നാലഞ്ച് ഇഡ്ഡലി ചമ്മന്തി കൂട്ടി രുചിയോടെ തിന്നുന്നു! മമ്മിപറഞ്ഞു

"It is a Miracle..’’

ഡാഡി ചിരിച്ചതേയുള്ളൂ. രാജു ഒന്നും ശ്രദ്ധിക്കാതെ ഒരു ഏത്തപ്പഴം തൊലിച്ച് രസത്തോടെ തിന്നുകയാണ്. അപ്പൂപ്പൻ ഒന്നു നീട്ടി മൂളുകമാത്രം ചെയ്തു. രാജു ചോദിച്ചു. ‘‘അപ്പൂപ്പനെന്താ നമ്മുടെ ഉണ്ടക്കണ്ണൻ മൂങ്ങയെപ്പോലെ മൂളുന്നത്?’’ മമ്മിക്കു മനസ്സിലാകുന്നില്ല.

‘‘ Raju what is ഉണ്ടക്കണ്ണൻ മൂങ്ങ!’’



# അക്ഷരഗണിതം

പള്ളിയറ ശ്രീധരൻ

ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനം സംഖ്യകളാണെന്നു പറയാം. അക്കങ്ങൾ ചേർന്നാണ് സംഖ്യകളുണ്ടാവുന്നത്. സംഖ്യകളുടെ എണ്ണത്തിന് പരിമിതി ഇല്ല. എങ്കിലും അക്കങ്ങൾ പത്തെണ്ണമേയുള്ളൂ. 0,1,2,3,4,5,6,7,8,9 എന്നിങ്ങനെ പത്ത് അക്കങ്ങൾ മാത്രം.

സംഖ്യകൾക്കെല്ലാം സ്ഥിരമായ വിലകളുണ്ട്. അതിനാൽ ഇവ സ്ഥിരങ്ങൾ (Constants) എന്നറിയപ്പെടുന്നു. സ്ഥിരങ്ങളല്ലാത്ത സംഖ്യകളെപ്പറ്റി നമുക്ക് പലപ്പോഴും പരിഗണിക്കേണ്ടിവരും. ഉദാഹരണമായി ഒരു സ്ഥലത്തെ താപനില മാറിക്കൊണ്ടിരിക്കുമെങ്കിലും എപ്പോഴും ഒരു സംഖ്യയായിരിക്കും. ഒരേ സംഖ്യ അല്ലെന്നു മാത്രം. മാറിക്കൊണ്ടിരിക്കുന്ന സ്ഥിരമല്ലാത്ത ഇത്തരം സംഖ്യകൾ ചരങ്ങൾ (Variables)എന്നാണ് അറിയപ്പെടുന്നത്. നിശ്ചിതവിലയില്ലാത്ത ഇത്തരം സംഖ്യകളെ സാധാരണയായി a,b,c....എന്നിങ്ങനെയുള്ള അക്ഷരങ്ങൾ ഉപയോഗിച്ചാണ് സൂചിപ്പിക്കാറുള്ളത്. ഇങ്ങനെയുള്ള കണക്കുകൾ കൈകാര്യം ചെയ്യുന്ന ശാഖ ബീജഗണിതം (Algebra) എന്നറിയപ്പെടുന്നു.

ഒരു പ്രശ്നത്തിൽ അക്ഷരങ്ങളെ തന്നെ സ്ഥിരമായി കണക്കാക്കുന്ന ഒരു വിഭാഗമുണ്ട് ഗണിതത്തിൽ. നമുക്ക് ഒരു ഉദാഹരണം പരിശോധിക്കാം.

TWO + TWO = FOUR

ഇത് സത്യമായ ഒരു വാക്യമാണ്. 2 + 2 = 4

പക്ഷേ അക്കത്തിനുപകരം അക്ഷരത്തിലാണ് എഴുതിയിരിക്കുന്നത്. ഒരു അക്കമായ 2 നെ മൂന്ന് അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതിയിരിക്കുന്നു. ഇത് ഒരു മൂന്നക്കസംഖ്യയായി പരിഗണിച്ചാലോ? നമുക്ക് മൂന്നക്കമുള്ള രണ്ടു സംഖ്യകളുടെ തുക നാലക്കമുള്ള ഒരു സംഖ്യയായി മാറുന്നു.

ഇതിലെ ഓരോ അക്ഷരവും ഓരോ അക്കമായി പരിഗണിച്ചാൽ ഈ അക്ഷരങ്ങൾക്ക് നിശ്ചിത വില കാണാൻ പറ്റുമോ?

O മൂന്നിലും ഉണ്ട്. O യ്ക്ക് ഒരു വില മാത്രമേ പാടുള്ളൂ. അതുപോലെ മറ്റ് അക്ഷരങ്ങൾക്കും.

765+765= 1530 ആണല്ലോ

ഇവിടെ T=7, W=6, O=5

F=1, U=3, R=0 അപ്പോൾ TWO + TWO = FOUR

എന്നത് സംഖ്യകളുടെ കാര്യത്തിൽ ശരിയായി. ഇത്തരം പ്രശ്നങ്ങൾ അക്ഷരഗണിത പ്രശ്നങ്ങൾ (Alfa Numeric puzzles ) എന്നാണ് അറിയപ്പെടുന്നത്.

ഇത്തരം പ്രശ്നങ്ങളിൽ 10 അക്ഷരങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. പക്ഷേ 26 അക്ഷരങ്ങൾ ഏതുമാവാം. ഒരക്ഷരത്തിന് ഒരക്കം മാത്രമേ പാടുള്ളൂ. ഇത്തരം പ്രശ്നങ്ങളിൽ ഉപയോഗിക്കുന്ന അക്ഷരവും ബീജഗണിതത്തിൽ ഉപയോഗിക്കുന്ന ചരങ്ങളും തമ്മിൽ വലിയ ഒരു വ്യത്യാസമുണ്ട്. ബീജഗണിതത്തിൽ AB എന്നാൽ Aയും Bയും തമ്മിലുള്ള ഗുണനമാണ് അർഥമാക്കുന്നത്. പക്ഷേ അക്ഷരഗണിതപ്രശ്നത്തിൽ 43 എന്നതുപോലെയുള്ള വിലകളാണ് AB ക്കുള്ളത്.

കൂടുതൽ പണമയക്കൂ എന്നതിനെ SEND MORE MONEY എന്ന് പറയാമല്ലോ.

SEND + MORE = MONEY എന്നത് ശരിയാകത്തക്കവിധത്തിൽ അക്ഷരങ്ങൾക്ക് നിശ്ചിത അക്കങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുമോ എന്ന് നിങ്ങൾ ശ്രമിച്ചുനോക്കൂ.

palliyarasreedharan@gmail.com

സ്മാരകവിശേഷം



ഫോട്ടോ: Hari Om Prakash

# 32 ചാർമിനാർ

**കെ യതീന്ദ്രനാഥൻ**

> 2012 ൽ ലോകഭൂപടത്തിൽ സ്ഥാനം നേടിയ 'ചാർമിനാർ' നിർമിച്ചത് 1591 ൽ ആണ്. നാല് മിനാരങ്ങളുള്ള പള്ളി എന്നാണ് ചാർമിനാർ എന്നതിന്റെ അർഥം. ഹൈദ്രാബാദിൽ നിന്നും പ്ലേഗ് നിർമാർജനം ചെയ്യുന്നതിന്റെ സ്മരണാർഥമാണ് ചാർമിനാർ നിർമിച്ചത്. കുതുബ് ഷാഹി രാജവംശത്തിലെ മുഹമ്മദ് ഷാഹി കുതുബ് ഷാ ആണ് ഈ സ്മാരകം നിർമിച്ചത്.

ഇന്നത്തെ തെലുങ്കാനാ സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഹൈദ്രബാദിന്റെ ഒത്തമധ്യത്തായി കാണപ്പെടുന്ന മനോഹരമായ ഗോപുരമാണ് ചാർമിനാർ. വാക്കിനർഥം നാലുഗോപുരങ്ങൾ എന്നാണ്. ഒരുപക്ഷേ താജ്മഹലിനോടു പോലും മത്സരിക്കാവുന്നത്ര ശില്പഭംഗി ഇതിനുണ്ട്. താജ്മഹൽ ശാന്തഗംഭീരമെന്നു വിശേഷിപ്പിക്കപ്പെടാമെങ്കിൽ അതിനു കടകവിരുദ്ധമായ ചാർമിനാർ എപ്പോഴും ശബ്ദമുഖരിതമായേ കാണാനാകൂ. ആയിരക്കണക്കിനു കടകൾ നിറഞ്ഞ നാലുറോഡുകളുടെ സംഗമസ്ഥലമാണത്.

ഹൈദ്രബാദ് നഗരം നിർമിക്കുന്നതിന്റെ ഭാഗമായി 1591 ൽ പണിതുയർത്തിയതാണീ ഗോപുരം. അതിനു ചുറ്റുമായി നഗരം വളർന്നു പന്തലിച്ചു. ഇതിന്റെ നിർമിതിയെക്കുറിച്ചു പല കഥകൾ പ്രചരിക്കുന്നുണ്ട്. മഹാമാരിയായ പ്ലേഗു പടർന്നു പിടിച്ച് ആയിരങ്ങൾ മരണമടഞ്ഞപ്പോൾ ഇക്കെടുതിയിൽ നിന്നും രക്ഷിക്കാനായി കുതുബ് ഷാ ദൈവത്തോടു പ്രാർഥിച്ചെന്നും അങ്ങനെ പ്ലേഗു കെട്ടടങ്ങിയപ്പോൾ നന്ദി സൂചകമായി ഈ ഗോപുരം പണിഞ്ഞുവെന്നുമാണ് ഒരു കഥ. പഴയ തലസ്ഥാനമായിരുന്ന ഗോൽക്കൊണ്ടയെ ഒഴിവാക്കി പുതിയ നഗരം നിർമിക്കുന്നതിന്റെ ഭാഗമായാണ് ചാർമിനാർ നിർമിച്ചതെന്നു മറ്റൊരുകഥ. ഫ്രഞ്ചുസഞ്ചാരിയായ തേവനാട്ട് പറഞ്ഞത് ഹിജറാവർഷത്തിന്റെ ആയിരാമതു

വാർഷികം ലോകമെമ്പാടും ആഘോഷിച്ചുവെന്നും അതിന്റെ ഓർമക്കായാണ് ഈ ഗോപുരം നിർമിച്ചതെന്നുമാണ്. ഒരു പ്രണയസാഫല്യത്തിന്റെ സ്മാരകമായും ഈ ഗോപുരത്തെ വിശേഷിപ്പിക്കുന്നവരുണ്ട്. കുതുബ് ഷാ ഒരു ഹിന്ദുയുവതിയായ ഭാഗ്മതിയിൽ ആകൃഷ്ടനായെന്നും അദ്ദേഹം അവരെ മതംമാറ്റി ബീഗമായി സ്വീകരിച്ചുവെന്നുമാണ് കഥ. ആ പ്രേമസാഫല്യത്തിനായാണുപോലും അദ്ദേഹം ഈ ഗോപുരം പണിഞ്ഞതത്രെ.

കഥ എന്തുതന്നെയായാലും ഈ ഗോപുരം മറ്റേതു മന്ദിരത്തേക്കാളും വ്യത്യസ്തവും മനോഹരവുമാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. വൈകുന്നേരം ഏഴുമണിമുതൽ 9 മണിവരെ നീളുന്ന ദീപാലങ്കാരത്തിൽ ഈ ഗോപുരം പലപലവർണങ്ങളിൽ പ്രത്യക്ഷപ്പെട്ട് ജനങ്ങളെ ഹരംപിടിപ്പിക്കുന്നു.

താജ്മഹൽ അടക്കമുള്ള സ്മാരകങ്ങളിലും പള്ളികളിലും നടുക്കായി ഒരു രമ്യഹർമ്യവും ചുറ്റും മതിലുകളുമായിയാണല്ലോ പണിഞ്ഞിരിക്കുന്നത്. ഇസ്ലാമിക്/പേർഷ്യൻ ശില്പഭംഗിയിൽ അധിഷ്ഠിതമാണീ മന്ദിരങ്ങൾ. എന്നാൽ ചാർമിനാറിൽ പള്ളിയോടു ചേർന്നുനിൽക്കുന്ന അഥവാ പള്ളിയുടെ ഭാഗമായ നാലു ഗോപുരങ്ങളാണുള്ളത്. നാല് ദിക്കുകളിലുമായി നാല് കമാനങ്ങൾ (ആർച്ചുകൾ) കാണാം. ഓരോന്നും ഓരോ റോഡുകളിലേക്കുള്ള കവാടവുമാണ്. മുകൾഭാഗത്തായി പള്ളിയും നിസ്കാരത്തറകളും പണിഞ്ഞിരിക്കുന്നു. ഇതിന്റെ ഓരോ മൂലയിലായിട്ടാണ് ഗോപുരങ്ങൾ പണിഞ്ഞിരിക്കുന്നത്. മുകളിലത്തെ നിലകളിലായി രണ്ടു നിലയുള്ള ബാൽക്കണികൾ ഉയർന്നു നിൽക്കുന്നതുകാണാം. ഗോപുരങ്ങളിൽ രണ്ടു നിലകളിലായി ചെറിയ ബാൽക്കണികൾ ഉണ്ട്. ഇവയിൽ രണ്ടുനിലകളിലും ബാൽക്കണികളും മുകളറ്റത്ത് ഒരു കുംഭഗോപുരവുമുണ്ട്. ഇവയുടെ ചുവട്ടിൽ ഹൈന്ദവ മാതൃകയിൽ പുഷ്പദളങ്ങൾ പണിഞ്ഞിരിക്കുന്നു.

ചുരുക്കം പറഞ്ഞാൽ മൂന്ന് സംസ്കാരങ്ങളുടെയും

**ഒരു പ്രണയസാഫല്യത്തിന്റെ സ്മാരകമായും ഈ ഗോപുരത്തെ വിശേഷിപ്പിക്കുന്നവരുണ്ട്. കുതുബ് ഷാ ഒരുഹിന്ദുയുവതിയായ ഭാഗ്മതിയിൽ ആകൃഷ്ടനായെന്നും അദ്ദേഹം അവരെ മതംമാറ്റി ബീഗമായി സ്വീകരിച്ചുവെന്നുമാണ് കഥ. ആ പ്രേമസാഫല്യത്തിനായാണുപോലും അദ്ദേഹം ഈ ഗോപുരം പണിഞ്ഞത്.**



ചാർമിനാറിലെ മിനാരങ്ങളിലൊന്ന്

ഫോട്ടോ: Vu2sga

സ്വാധീനം കാണാനാകും. ഇസ്ലാമിക് വാസ്തുവിദ്യയുടെ സംഭാവനയാണ് ചെറു ഗോപുരങ്ങൾ (മിനാരറ്റുകൾ). ആർച്ചുകളും കുംഭഗോപുരവും പേർഷ്യൻ സ്വാധീനം കാട്ടുന്നു. ബാൽക്കണികൾ, അലങ്കാരപ്പണികൾ എന്നിവ ഹൈന്ദവ സംസ്കാരത്തിൽ നിന്നും കടംകൊണ്ടിരിക്കുന്നു.


149 പടികൾ ചവിട്ടി വേണം പള്ളി നിലകൊള്ളുന്ന ഇടത്തിലെത്താൻ. പടിഞ്ഞാറു ഭാഗത്തായി പള്ളി പണിഞ്ഞിരിക്കുന്നു. ബാക്കി ഭാഗം തുറസ്സായി ഇട്ടിരിക്കുകയാണ്.

ഗോൽകൊണ്ട കൊട്ടാരത്തിലേക്കു നയിക്കുന്ന ഒരു ഗുഹ ഭൂമിക്കടിയിൽ പണിഞ്ഞിരുന്നു എന്നാണ് വിശ്വാസമെങ്കിലും അതു തെളിയിക്കാനായില്ല. നൈസാമിനു രക്ഷപ്പെടാനുള്ള മാർഗമായി ഈ തുരങ്കങ്ങൾ പ്രയോജനപ്പെട്ടിരുന്നു എന്നാണ് നാട്ടുകാരുടെ വിശ്വാസം.

കരിങ്കല്ല്, ചുണ്ണാമ്പുകല്ല്, മാർബിൾപ്പൊടി എന്നിവ ഉപയോഗിച്ചാണ് ഈ ഗോപുരം പണിഞ്ഞിരിക്കുന്നത്. പ്രധാനമന്ത്രിയായിരുന്ന മോമിൻ അസ്റ്റാറാബാദിയാണ് ഈ


ഫോട്ടോ: Gopikrishna Narla

**ഗോൽകൊണ്ട കൊട്ടാരത്തിലേക്കു നയിക്കുന്ന ഒരു ഗുഹ ഭൂമിക്കടിയിൽ പണിഞ്ഞിരുന്നു എന്നാണ് വിശ്വാസമെങ്കിലും അതു തെളിയിക്കാനായില്ല. നൈസാമിനു രക്ഷപ്പെടാനുള്ള മാർഗമായി ഈ തുരങ്കങ്ങൾ പ്രയോജനപ്പെട്ടിരുന്നു എന്നാണ് നാട്ടുകാരുടെ വിശ്വാസം.**


ഫോട്ടോ: Rishi Gupta

മനോഹര ഗോപുരം നിർമിച്ചതെന്നുവിശ്വസിക്കപ്പെടുന്നു. ഹൈദ്രാബാദ് നഗരം പണിഞ്ഞതും ഈ ശിൽപ്പിയായിരുന്നത്രെ.

കളിയായിട്ടാണെങ്കിലും ചാർമിനാറിനെക്കുറിച്ച് ഒരു ചൊല്ലുണ്ട്. നാലുഗോപുരങ്ങളും നാലു റോഡുകളിലേക്ക് നയിക്കുന്ന ഈ പാതകൾക്കിരുവശവുമായി നിലകൊള്ളുന്ന ആയിരക്കണക്കിനു കടകൾ, അവിടെ തിങ്ങിനിറഞ്ഞുനിൽക്കുന്ന ആൾക്കൂട്ടം, നാവിൽ വെള്ളമൂറുന്ന സ്വാദിഷ്ടമായ ബിരിയാണി, ഇറാനിചായ എന്നിവ കൂടി ചേർത്താലേ ചാർമിനാറാകൂ എന്നാണ് അവിടുത്തുകാർ കരുതുന്നത്.

സന്ദർശകരെ ആകർഷിക്കുന്ന വളകൾ, മറ്റ് ആഭരണങ്ങൾ, മുത്തും മുത്തുമാലകളും (ഹൈദ്രാബാദ് മുത്തുകൾ) വസ്ത്രങ്ങൾ, അലങ്കാരവസ്തുക്കൾ എന്നിവയാണ് കടകമ്പോളങ്ങളിൽ നിറഞ്ഞുകിടക്കുന്നത്.

തൊട്ടടുത്തായി പ്രസിദ്ധമായ മസ്ജിദ് നിലകൊള്ളുന്നു. മക്കയിൽ നിന്നും മണ്ണു വരുത്തി പള്ളി പണിഞ്ഞതുകൊണ്ട് ഇതിന് മക്കാപള്ളി എന്നും പേരുണ്ട്.

ഉണ്ടാക്കാം

# ആറുകാലൻ ചിലന്തി


അരവിന്ദ് ഗുപ്ത

പ്ലാസ്റ്റിക് കുപ്പികൊണ്ടൊരു ചിലന്തിയെ ഉണ്ടാക്കിയാലോ.




**ആവശ്യമുള്ള സാധനങ്ങൾ**


- പ്ലാസ്റ്റിക് കുപ്പി
- കുപ്പിയുടെ മൂടി
- സ്ട്രോ
- പ്ലാസ്റ്റിക് സ്പൈറൽസ്
- സ്കെച്ച് പെൻ
- റബ്ബർ പശ




1. ചിത്രത്തിൽ കാണുന്നതുപോലെ പ്ലാസ്റ്റിക് കുപ്പിയുടെ അടിവശത്തു നിന്നും ഏകദേശം 4 സെ.മീ. മുറിച്ചെടുക്കുക.



2. പ്ലാസ്റ്റിക് സ്പൈറൽ മുറിച്ചെടുത്ത് കുപ്പിയുടെ അടിഭാഗത്ത് ഒട്ടിച്ച് ചില ന്തിയുടെ കാലുകൾ ഉണ്ടാ ക്കാം.



3. കുപ്പിയുടെ മൂടി ഒട്ടിച്ച് ചിലന്തിയുടെ തലയുണ്ടാക്കാം. സ്ട്രോ മുറിച്ച് കു പ്പിയുടെ മൂടിയിൽ സ്ഥാപിച്ച് കണ്ണുകളുണ്ടാക്കാം. ചിലന്തി യുടെ വായ കൂടി വരച്ച് ചിലന്തിയെ മുഴുവനാക്കാം



4. ചിലന്തിയെ നിറമടിച്ച് മനോഹരമാക്കാം. ഇനി നമ്മുടെ ചിലന്തിയെ ചുവ രിലെ ആണിയിൽ തൂക്കിയി ട്ടാലോ...

# വീട്ടുമുറ്റത്തെ പക്ഷികളും പഴങ്ങളും

കെ എസ് പുരുഷോത്തമൻ



മുറ്റത്തു നീണ്ടുയർന്നു വളർന്നു നിന്ന പപ്പായയിലെ പഴുത്ത കായ പറിക്കാനെത്തിയതാണ്. മേലോട്ടു നോക്കിയപ്പോൾ വല്ലാതായി. എടുത്ത വലിയ തോട്ടി താഴെ വച്ചു. രാവിലെ കണ്ടുവച്ച കായ അതിന്റെ അവകാശികൾ കൊത്തി തിന്നിരിക്കുന്നു. പോരാത്തതിന് അതിന്റെ അടുത്തു നിന്നിരുന്ന കായും കൊത്തിയിരിക്കുന്നു.

രണ്ട് നല്ല വലിയ കായകൾ. ചുവന്നു തുടുത്ത വലിയ കായകൾ കൊത്തിത്തിന്നുന്നതു വീട്ടിലുണ്ടായിട്ടും ഞങ്ങൾ വീട്ടുകാരറിഞ്ഞില്ല.

വളരെ തഞ്ചത്തിൽ ആരും അറിയാതെ ഇഷ്ടം പോലെ കൊത്തിത്തിന്ന കിളികളോടു അൽപ്പം പരിഭവം

വര: സുജിത് പി വി

തോന്നി. പഠിക്കാൻ പോയ മക്കൾ ഹോസ്റ്റലിലെ താമസം കഴിഞ്ഞ് ആഴ്ചയവസാനം വീട്ടിലെത്തുമ്പോൾ തൊലി ചെത്തി മുറിച്ചു കഴിക്കാൻ പാകത്തിനു കൊടുക്കാൻ തയ്യാറായ അച്ഛനെ പക്ഷിക്കൂട്ടം പറ്റിച്ചു.

അവരുടെ ആക്രമണത്തിനു മുമ്പേ പറിച്ചെടുക്കാൻ ജാഗ്രത കാട്ടിയിരുന്ന എന്നെ അവ പലപ്പോഴും തോൽപ്പിക്കാറുണ്ട്. അതുകൊണ്ടു കൂടുതൽ കരുതലോടെ കായ പറിക്കുന്നതിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. എന്നിട്ടും അവ എന്നെ തോൽപ്പിച്ചു. കിളികളുടെ ദൃഷ്ടിയാണല്ലോ മറ്റുള്ളവരുടെ ദൃഷ്ടിയേക്കാൾ കർക്കശമായിട്ടുള്ളത് എന്നതു പുരാണ പ്രസിദ്ധം.

പപ്പയ്ക്കായുടെ മൂപ്പും പഴുപ്പും എന്നേക്കാൾ മുമ്പേ പക്ഷികൾ ഗ്രഹിച്ചു. പഴുത്ത കായ മുമ്പേ ഞാൻ പറിച്ചാൽ പക്ഷികളുടെ തീറ്റ മുടങ്ങും. അവർ മറ്റെവിടെയെങ്കിലും പോയി ഭക്ഷണം കഴിക്കേണ്ടിവരും. അതിനു കഴിയില്ല. ഞാൻ കാത്തുസൂക്ഷിച്ച പഴം തന്നെ വേണം...

എന്റെ പരിഭവം വല്ലാതെ വളർന്നു. അക്ഷരങ്ങളെക്കുറിച്ചും പാട്ടുകളെപ്പറ്റിയും ഒന്നും അറിഞ്ഞുകൂടാതിരുന്ന കൊച്ചു പ്രായത്തിൽ ആരോ പാടിക്കേട്ട ആ വരികൾ ഓർമയിൽ വന്നു.

'കാത്തുസൂക്ഷിച്ചൊരു
കസ്തൂരി മാമ്പഴം കാക്ക
കൊത്തിപ്പോയി.. അയ്യോ
കാക്കച്ചി കൊത്തിപ്പോയി...'

പാട്ടിൽ കസ്തൂരി മാമ്പഴമാണെങ്കിലും ഇവിടെ പപ്പായയാണ്. കസ്തൂരി മാമ്പഴത്തേക്കാൾ എത്രയോ വലുതും സ്വാദേറിയതും.

ആ പാട്ടിന്റെ വരികൾ ഇതു തന്നെയാണോ എന്നറിഞ്ഞുകൂടാ. വളരെ ധന്യാത്മകമായി ഹൃദയത്തിൽ തങ്ങിനിൽക്കുന്ന ഗാനം. എത്രയോ വർഷങ്ങൾക്കുമുമ്പ് ആ പാട്ടുകേട്ടാണു മലയാളിവളർന്നതെന്നോർക്കുമ്പോൾ അഭിമാനം തോന്നുന്നു. ആ വരികൾ കേൾക്കുന്ന ഏതൊരുമനുഷ്യനും അതിനനുഗുണമായ ഒരനുഭവം പറയാനുണ്ടാകും. തീർച്ച. എന്നാൽ ആരും ഇതേവരെ പറഞ്ഞു കേട്ടിട്ടില്ല എന്നതത്ഭുതപ്പെടുത്തുന്നു. മനസ്സിൽ പാടിനടന്ന നഷ്ടസ്വപ്നങ്ങളുടെ ഒരു മധുരഗാനം. പേനയെടുത്ത് ആർക്കും അതേപ്പറ്റി എഴുതാവുന്നതാണ്. എന്നാൽ, എഴുതിയതൊന്നും വായിച്ചതായി ഓർമയിൽ വരുന്നില്ല.

ഒരു സുഹൃത്ത് ഒരിക്കൽ മാവിന്റെ വിലാപം പോലെ എഴുതിയതു വായിച്ചതോർക്കുന്നു. അദ്ദേഹം കുട്ടികൾക്കുവേണ്ടി എഴുതിയ കവിതയിൽ മാവ് പക്ഷികളോടു പറഞ്ഞു.

''നിങ്ങൾ എന്റെ പഴങ്ങൾ
കൊത്തി തിന്നുകൊള്ളൂ
അണ്ടിമാവിൽ തന്നെ
നിർത്തരുത്
അതെനിക്കു സങ്കടമാണ്.''

ചനച്ചമാങ്ങ കൊത്തി തിന്നുതിന്നു ഞെട്ടിൽ മഞ്ഞ നിറത്തിൽ അണ്ടിമാത്രം തൂങ്ങി നിൽക്കുന്ന മാവിലെ കാഴ്ച. മാങ്ങ തിന്നുന്ന കിളികൾ അതെത്ര ഭംഗിയായി ചെയ്യുന്നു എന്നോർക്കുമ്പോഴും, സങ്കടമാണ് ആ കാഴ്ച. മാംസം അടർന്നുപോയി മുള്ളു മാത്രമായ മീൻ വെള്ളത്തിൽ നീന്തും പോലെ.

പപ്പായ ചെടിയിൽ കിളികളിലാരും താമസമില്ല. അടുത്തുള്ള മരങ്ങളിലും ആരും കൂടുകൂട്ടി താമസിക്കുന്നതായി കണ്ടിട്ടില്ല. കിളികൾ കരയുന്നതുകേൾക്കാം. അതിനിടെ കാക്കകൾ കാറും. ഉപ്പൻ കൊക്കും. വശകൻ ചിലയ്ക്കും...

ഓ... വശകന്റെ കാര്യം പറഞ്ഞപ്പോഴാണ് മുത്തശ്ശി പറയുന്ന കാര്യം ഓർമയിലെത്തിയത്. എല്ലാ പക്ഷിക്കും ചിലയ്ക്കാം വശകനു മാത്രം ചിലച്ചുകൂടാ.


മുത്തശ്ശിയുടെ കാലശേഷം കുഞ്ഞമ്മയാണതു പറഞ്ഞു കേട്ടിട്ടുള്ളത്, അച്ഛന്റെ അനുജന്റെ ഭാര്യ. വല്ലപ്പോഴും മരകൊത്തി കരഞ്ഞുകൊണ്ടു പറന്നുപോകുമ്പോൾ എന്തോ ഒരസഹ്യത. അതിന്റെ ശബ്ദത്തിന്റെ വലിപ്പം കൊണ്ടാണോ? അതോ, കരയലും പറക്കലും കൂടി നടത്തുന്നതുകൊണ്ടോ? കാര്യം മനസ്സിലായില്ല. അമ്മയോടു ചോദിച്ചു.

''എന്താ അമ്മേ വശകന്റെ ചിലയ്ക്കലിനുള്ള ദോഷം?''

''അത് വെറും അന്ധവിശ്വാസമാണെടാ മോനേ...'' അമ്മയ്ക്ക് ഉത്തരം കൃത്യമാണ്. മരകൊത്തി ചിലച്ചാൽ ആപത്തുണ്ടാകുമെന്നു പേടി. അമ്മ അതിനത്ര ഗൗരവം കൊടുത്തില്ല. ഞാനും.

വിശ്വാസം എന്തായാലും ഇപ്പോൾ അങ്ങനെ ആരും പറഞ്ഞു കേൾക്കുന്നില്ല. അന്ധ

**എത്രയോ വർഷങ്ങൾക്കുമുമ്പ് ആ പാട്ടുകേട്ടാണു മലയാളി വളർന്നതെന്നോർക്കുമ്പോൾ അഭിമാനം തോന്നുന്നു. ആ വരികൾ കേൾക്കുന്ന ഏതൊരുമനുഷ്യനും അതിനനുഗുണമായ ഒരനുഭവം പറയാനുണ്ടാകും. തീർച്ച. എന്നാൽ ആരും ഇതേവരെ പറഞ്ഞുകേട്ടിട്ടില്ല എന്നതത്ഭുതപ്പെടുത്തുന്നു.**





വിശ്വാസങ്ങൾ സൂക്ഷിച്ചിരുന്ന തലമുറ നമ്മിൽനിന്നും വിട്ട കന്നു കഴിഞ്ഞോ?

പപ്പായ കൊത്താൻ അവ നുമുണ്ടുകൂടെ. മരം കൊത്തി തുളയ്ക്കാൻമാത്രം വലിയ കൊക്കും അഴകാർന്ന തല യെടുപ്പും ആകർഷകമായ പൂവും ഉള്ള മരംകൊത്തിക്കു പഴുത്തു തുടുത്ത പപ്പായ കൊത്തി തിന്നാൻ പ്രയാസ മില്ലെന്നു തോന്നുന്നു. പക്ഷേ പപ്പായ ആദ്യംകൊത്തുന്നതു മരം കൊത്തിയാണെന്നു തോന്നുന്നില്ല.

വിരുന്നുകാരെപ്പോലെ രണ്ടു പച്ചക്കിളികൾ വരും. എപ്പോഴും കാണുന്നവരല്ല അവർ. കായ കൾ മൂത്തു ചനച്ചു പഴുക്കാറാ കുമ്പോൾ വിരുന്നുവരുന്നവരാ ണവർ. ഒരാൾ ചനച്ചകായുടെ അടുത്തിരിക്കുമ്പോൾ മറ്റേ യാൾ അടുത്തമരക്കൊമ്പിലാ ണിരിക്കുക. ആദ്യത്തേത് കായ കൊത്തി തിന്നുതുടങ്ങിയാൽ അടുത്തത് അടുത്തെത്തി അപ്പു റത്തുനിന്നും തീറ്റ തുടങ്ങും. രണ്ടുപേരും തീറ്റികഴിഞ്ഞു പോയാൽ അടുത്ത അവകാശി കളുടെ വരവായി. അക്കൂട്ടത്തി ലാണു മരംകൊത്തിയെ കണ്ടി ട്ടുള്ളത്. അവൻ കൊത്തിപ്പറി ച്ചുകൊണ്ടിരിക്കുമ്പോൾ നമ്മ ളാരെങ്കിലും ചെന്നാൽ പറന്ന ടുത്ത തെങ്ങിൽ പോയിരിക്കും. അതിനിടെ കരച്ചിലും ബഹള വുമൊക്കെയുണ്ട്. ഇല്ലെങ്കിൽ ഒന്നുമില്ല.

കാക്കയും ഉപ്പനും വാൽ ക്കിളിയും എല്ലാം ചുമന്നു തുടുത്ത പഴം ആവശ്യത്തിനു കഴിക്കും. പോകും. ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അടുത്ത ദിവസം എത്തിക്കോളും. ആദ്യം ആ പച്ചക്കിളികൾ. തുടരെ മറ്റു ള്ളവർ എത്തും. ഞെട്ടു മര ത്തിൽനിർത്തി തൊലി താഴെ വീഴുംവരെ ...

മക്കൾ വരുന്ന ദിവസം കാത്തു പറിക്കാൻ നിർത്തിയ പഴം എനിക്കു പറിക്കാൻ കഴി യുന്നതിനു മുമ്പേ കൊത്തി തിന്നുതുടങ്ങി. തിന്നുകൊള്ളട്ടെ. മക്കൾക്കു രണ്ട് പേരയ്ക്ക പറിച്ചുവയ്ക്കാം.

മൂത്തു ചനച്ച പാകമായ പഴങ്ങൾ ചിലതിൽ എന്തോ ഒക്കെ കൊത്തിയിരിക്കുന്നു. അവ മാറ്റി നിർത്തി രണ്ടു ചനച്ച പേരയ്ക്ക പറിച്ചു. വീട്ടു മുറ്റത്തു നിൽക്കുന്ന പഴങ്ങൾ പറിച്ചു തിന്നാൻ നേരമില്ലാത്ത മക്കൾ. അവർക്കു തിന്നണമെ ങ്കിൽ അച്ഛൻ പറിച്ചു പാക ത്തിൽ വയ്ക്കണം.

മക്കൾ വരുമ്പോൾ അവർ ക്കു കൊടുക്കാനുള്ള സാധാ രണ ഭക്ഷണങ്ങൾ അമ്മ ഒരു ക്കിയിട്ടുണ്ട്. അതിനുമുമ്പ് ഹോസ്റ്റലിലെ ഭക്ഷണവും വഴിയിലെ തീറ്റയും കഴിച്ചു വന്ന മകനും മകൾക്കും അച്ഛൻ പറിച്ചു സൂക്ഷിച്ചു വച്ച വീട്ടുമുറ്റത്തെ പഴം അവർ അതിഷ്ടപ്പെട്ട രുചി യോടെ കഴിക്കുമ്പോൾ ഞാൻ നിർവൃതിയോടെ നോക്കിയി രിക്കും... മക്കളോടു വിശേ ഷങ്ങൾ പങ്കുവയ്ക്കും. അതൊ ക്കെയാണല്ലോ ജീവിതത്തിലെ സുഖങ്ങൾ.



## ഒരു കൊച്ചു പാചകക്കുറിപ്പ്

ആരോഗ്യത്തിന് ഏറ്റവും നല്ലത് പ്രകൃതിയിൽനിന്നു നേരിട്ട് കിട്ടുന്ന വിഭവങ്ങളാണ്. രാസവളവും കീടനാശിനിയുമൊന്നും വിഷമയമാക്കാത്തവ. അങ്ങനെയുള്ളൊരു വാഴയുടെ പിണ്ടി, വാഴത്തട എന്നും പറയും. കുല വെട്ടിക്കഴിഞ്ഞ് വാഴയുടെ പോളകൾ നീക്കികഴിഞ്ഞാൽ കിട്ടുന്ന വെളുത്ത സുന്ദരമായ, തണുത്ത ഭാഗമാണ് വാഴപ്പിണ്ടി. അങ്ങനെയൊരു പിണ്ടിയെടുത്ത് ഒരല്പം മാത്രം നീളമുള്ള ചെറുകഷണങ്ങളായി മുറിക്കുക. നാം സവാളയും മറ്റും അരിയുന്നതുപോലെ. എന്നിട്ട് അതിൽ കുറച്ച് ഉപ്പും നാരങ്ങാനീരും ചേർത്ത് ഇളക്കുക. പിന്നീട് കുറച്ചു കുരുമുളകുപൊടി തൂവുക. വാഴപ്പിണ്ടി സാലഡ് റെഡി. മോരൊഴിച്ച ചോറിനൊപ്പം ഏറെ രുചികരമാണീ ലളിതമായ ഔഷധഗുണം ഏറെയുള്ള നാടൻ സാലഡ്. അമ്മയ്ക്ക് പിണ്ടിത്തോരനും അവിയലും പുളിങ്കറിയുമെല്ലാം വയ്ക്കാമറിയാമായിരിക്കും. പക്ഷേ ഇത് അറിഞ്ഞുകൂടെന്നാണു ഞങ്ങൾക്കു തോന്നുന്നത്. ഒന്നു ശ്രമിച്ചുനോക്കൂ.




# അക്ഷരപ്രാർഥന

**ദിവാകരൻ വിഷ്ണുമംഗലം**



അക്ഷരദീപമെന്നുള്ളിൽ വിളങ്ങണേ-
യിക്ഷിതിതന്നിൽ സമത്വം പുലർത്തുവാൻ
വൃത്തിയും വാക്കും വിചാരവുമൊന്നായി
സത്യധർമത്തിൻ പഥത്തിൽ ചരിക്കുവാൻ.
ഇപ്രപഞ്ചത്തിലെ സർവചരാചര-
ഹൃത്തിലും മിന്നുന്നൊരേക ചൈതന്യമേ,
ചിത്തത്തിലെന്നും തെളിഞ്ഞുനിൽക്കേണമേ
വിശ്വത്തിനുണ്മയാം സ്നേഹപ്രഭാവമേ.



വര: ആശ ആർ

# അക്കിലിസിന്റെ കണങ്കാൽ

എം ഗീതാഞ്ജ്‌ലി

സമുദ്രദേവിയായ തേറ്റിസ് ദേവിയുടെയും പീലിയൂസ് രാജാവിന്റെയും ഏറ്റവും ഇളയമകനാണ് അക്കിലിസ്. ദേവിയായ തേറ്റിസിന് എല്ലാ പുത്രന്മാരെയും മറ്റുദേവന്മാരെ പ്പോലെ അമർത്യരാക്കണം എന്ന ആഗ്രഹമുണ്ടായിരുന്നു. അതിനായി പാതാളനദിയായ സ്റ്റിംഗ്സിൽ ദേവി മക്കളെയെല്ലാം മുക്കിയെടുത്തു. അവരെല്ലാം അമർത്യരായ ദേവന്മാരായി മാറി.

ഏറ്റവും ഇളയ രാജകുമാരനായ അക്കിലിസിനെയും തേറ്റിസ് ദേവി സ്റ്റിംഗ്സിൽ മുക്കിയെടുത്തു. കാലിൽ പിടിച്ച് തലകീഴായാണത്രെ മുക്കിയത്. കണങ്കാലൊഴിച്ചുള്ള ശരീരത്തിലെ മറ്റെല്ലാ ഭാഗങ്ങളും സ്റ്റിംഗ്സ് നദിയിലെ ജലത്തിൽ മുങ്ങിയതിനാൽ അവിടെയെല്ലാം നല്ല ഉരുക്കുചട്ടയണിഞ്ഞപോലെയായിത്തീർന്നു. മനുഷ്യനിർമിതമായ ഒരു ആയുധത്തിനും അക്കിലിസിന്റെ ശരീരത്തി



വര: ടി ആർ രാജേഷ്

ലെവിടെയും ഒരു പോറൽ പോലും ഉണ്ടാക്കാൻ കഴിയില്ല. എത്ര വീരശൂരനായ പോരാളിക്കുപോലും അയാളെ തോൽപ്പിക്കാനാവില്ല. എന്നാൽ കണങ്കാൽ സ്റ്റിംഗ്സ് നദിയിൽ മുങ്ങാതിരുന്നതിനാൽ ആ ഭാഗം മാത്രം ദുർബലമായി. അവിടെയാണ് ആയുധമേൽക്കുന്നതെങ്കിൽ പിന്നെ ഒരു രക്ഷയുമില്ല.

വീരപരാക്രമിയായ ഒരു പോരാളിയായി അക്കിലിസ് രാജകുമാരൻ വളർന്നുവന്നു. ഏറ്റവും ഇളയ പുത്രൻ എന്നതിനാൽ അച്ഛനുമമ്മയ്ക്കും പ്രത്യേക വാത്സല്യം അയാളോട് ഉണ്ടായിരുന്നു.

അക്കാലത്താണ് ഗ്രീസിലെ സ്പാർട്ടനഗരം ഭരിച്ചിരുന്ന തിൻഡാരിയൂസ് രാജാവിന്റെയും ലീഡാ രാജ്ഞിയുടെയും ഓമനപുത്രിയായ ഹെലന്റെ വിവാഹം നടന്നത്. അതീവ സുന്ദരിയായ ഹെലനെ ഗ്രീസിലെ എല്ലാ നഗരരാഷ്ട്രങ്ങളിലെയും രാജകുമാരന്മാർ പത്നിയാക്കുവാൻ മോഹിച്ചിരുന്നു. എന്നാൽ ഹെലൻ തന്റെ ഭർത്താവായി സ്വീകരിച്ചത് മെനലാവൂസ് രാജകുമാരനെയാണ്. വൈകാതതന്നെ സ്പാർട്ടയിലെ ഭരണാധികാരം രാജാവ് മെനലാവൂസിനും ഹെലനും ഏൽപ്പിച്ചു കൊടുത്തു.

സ്പാർട്ടയിൽനിന്ന് ഏറെ അകലെയായി ഈജിയൻ കടലിലുള്ള ഒരു രാജ്യമാണ് ട്രോയ്. അവിടത്തെ രാജകുമാരന്മാരാണ് ഹെക്റ്ററും പാരീസും. ചങ്ങാതിമാരോടൊപ്പം കപ്പൽയാത്രകളിൽ ഏറെ തത്പരനായിരുന്ന പാരീസ് ഒരിക്കൽ സ്പാർട്ടയിലേക്ക് യാത്ര പുറപ്പെട്ടു. സ്പാർട്ടയിലെത്തിയ പാരീസ് രാജകുമാരനെ അവിടത്തെ ഭരണാധികാരികളായ മെനലാവൂസും ഹെലനും ഹൃദ്യമായി സ്വീകരിച്ചു. തങ്ങളോടൊത്ത് കുറച്ചുദിവസങ്ങൾ അവിടെ കഴിയാൻ ക്ഷണിക്കുകയും ചെയ്തു. അതിസുന്ദരിയായ ഹെലനെ കണ്ടമാത്രയിലെ പാരീസ് പ്രണയപരവശനായി. അതിനാൽ ആ ക്ഷണം അയാൾ സ്വീകരിച്ചു.

**പാരീസ് ഹെലനെ മോഷ്ടിച്ചുകൊണ്ടുവന്നതുമുതൽ ട്രോയിയിലെ സൈന്യവും അതീവ ജാഗ്രതയിലായിരുന്നു. ഒരു യുദ്ധം തീർച്ചയായും ഉണ്ടാവുമെന്ന് അവർക്കറിയാമായിരുന്നു. സമീപപ്രദേശത്തുള്ള രാജാക്കന്മാരെയെല്ലാം അവരും സഹായത്തിനു വിളിച്ചു. ഹെലനുവേണ്ടി ഗ്രീക്ക് രാജാക്കന്മാരും ട്രോയ് രാജ്യവും തമ്മിലുണ്ടായ യുദ്ധം പത്തു വർഷം നീണ്ടുനിന്നു എന്നാണ് പറയപ്പെടുന്നത്.**

അങ്ങനെ പാരീസ് സ്പാർട്ടയിൽ കഴിയവെ ഒരുനാൾ മെനലാവൂസിന് അടിയന്തിരമായി ഒരു യാത്ര പോകേണ്ടി വന്നു. ഈ അവസരം മുതലെടുത്ത് പാരീസ് ഹെലന് ട്രോയിലേക്ക് കട്ടുകൊണ്ടു പോയി. വിവരം അറിഞ്ഞ മെനലാവൂസ് ഞെട്ടിത്തരിച്ചു പോയി. അയാൾ വേഗം തന്നെ സ്പാർട്ടയിലേക്കു തിരിച്ചുവന്നു. പാരീസിനെ എതിരിട്ട് തോൽപ്പിക്കാൻ ഗ്രീസിലെ എല്ലാ രാജാക്കന്മാരുടെയും സഹായം അയാൾ അഭ്യർഥിച്ചു. എല്ലാവരും സഹായം വാഗ്ദാനം ചെയ്ത് യുദ്ധത്തിനൊരുങ്ങി വന്നു. അക്കൂട്ടത്തിൽ അജയനായ അക്കിലിസ് രാജകുമാരനുമുണ്ടായിരുന്നു.

ഗ്രീസിലെ പരാക്രമികളും യുദ്ധവീരന്മാരുമായ രാജാക്കന്മാരെല്ലാം ഒന്നിച്ചുചേർന്ന് അനേകം പടക്കപ്പലുകളിലായി ഈജിയൻ കടലിലൂടെ ട്രോയ് നഗരത്തിലേക്കു നീങ്ങി. അതിഭയങ്കരമായ ഒരു യുദ്ധത്തിനുള്ള പുറപ്പാടായിരുന്നു അത്.

പാരീസ് ഹെലനെ മോഷ്ടിച്ചുകൊണ്ടുവന്നതുമുതൽ ട്രോയിയിലെ സൈന്യവും അതീവ ജാഗ്രതയിലായിരുന്നു. ഒരു യുദ്ധം തീർച്ചയായും ഉണ്ടാവുമെന്ന് അവർക്കറിയാമായിരുന്നു. സമീപപ്രദേശത്തുള്ള രാജാക്കന്മാരെയെല്ലാം അവരും സഹായത്തിനു വിളിച്ചു. ഹെലനുവേണ്ടി ഗ്രീക്ക് രാജാക്കന്മാരും ട്രോയ് രാജ്യവും തമ്മിലുണ്ടായ യുദ്ധം പത്തു വർഷം നീണ്ടുനിന്നു എന്നാണ് പറയപ്പെടുന്നത്.

മെനലാവൂസ് അദ്ദേഹത്തിന്റെ സഹോദരൻ അഗമെംനോൺ, ഇത്താക്കയുടെ രാജാവായ ഒഡീസിയൂസ്, അക്കിലിസ്, ഡിയോമേഡസ്, നെസ്റ്റർ രാജാവ്, പ്രോട്ടിലസ് രാജകുമാരൻ, പെട്രോക്ലോസ് തുടങ്ങിയവർ ഗ്രീക്കുപക്ഷത്തെ നയിച്ചവരിൽ പ്രമുഖരായിരുന്നു.

പാരീസും ജ്യേഷ്ഠനായ ഹെക്ടറുമാണ് ട്രോജൻ സൈന്യത്തെ നയിച്ചത്. അവരോടൊപ്പം സൈക്നൂസ്, എനിയാസ്, സർവിഡോൺ, മെംനോൺ രാജാവ് തുടങ്ങിയ വീരപരാക്രമികളും ഉണ്ടായിരുന്നു.

ഈ യുദ്ധത്തിൽ ട്രോജൻ സൈന്യത്തിലെ ഭീമാകാരനും വീരപരാക്രമിയുമായ സൈക്നൂസിനെ ഭയങ്കരമായ പോരാട്ടത്തിൽ അക്കിലിസ് രാജകുമാരൻ തോൽപ്പിച്ചു കൊന്നു. ഗ്രീക്കുപടയിലെ വലിയ വീരന്മാർ മുറിവേറ്റ് ക്ഷീണിതനായ അവസരത്തിൽ സൈന്യത്തെ മുഴുവൻ നയിച്ചത് അക്കിലിസായിരുന്നു.

യുദ്ധത്തിനിടയിൽ പാരീസിന്റെ ജ്യേഷ്ഠനായ ഹെക്ടർ അക്കിലിസിന്റെ അടുത്ത സുഹൃ

ത്തായ പെട്രോക്ലോസിനെ ചതിവിൽ കൊന്നു. അതിൽ രോഷംപൂണ്ട് അക്കിലിസ് പരാക്രമത്തോടെ ട്രോജൻ പടയാളികളെ അരിഞ്ഞു വീഴ്ത്താൻ തുടങ്ങി. തന്റെ സുഹൃത്തിനെ കൊന്ന ഹെക്ടറെ ഒടുവിൽ അക്കിലിസ് വധിച്ചു.

**കോട്ടവാതിൽക്കലേക്ക് ആഞ്ഞടിച്ചുകയറിയ അക്കിലിസിന്റെ കണങ്കാലിൽ ഒരമ്പുവന്നു തറച്ചു. പാരീസിന്റെ അമ്പായിരുന്നു അത്. ആ വീരപരാക്രമി ഒരാർത്തനാദത്തോടെ യുദ്ധഭൂമിയിലേക്കു വീണു. കണങ്കാലിലെ മുറിവിൽ നിന്ന് ധാരയായി രക്തമൊഴുകി. അൽപ്പസമയത്തിനുള്ളിൽ അക്കിലിസ് മരണമടഞ്ഞു. അങ്ങനെ അമൃത ജലത്തിന്റെ സംരക്ഷണമില്ലാതിരുന്ന തന്റെ കണങ്കാലിൽ അമ്പേറ്റ് ആ പരാക്രമി വീരസ്വർഗം പൂകി.**




ട്രോജൻ സൈന്യത്തിലെ വീരന്മാരെയെല്ലാം കൊന്ന് അക്കിലിസും ഗ്രീക്കുസൈന്യവും മുന്നേറി. ട്രോജൻ കോട്ടയുടെ മുന്നിലവരെത്തി. വിജയം ഗ്രീക്കുസൈന്യത്തിനുതന്നെ എന്നുറപ്പായ നേരം. കോട്ടവാതിൽക്കലേക്ക് ആഞ്ഞടിച്ചുകയറിയ അക്കിലിസിന്റെ കണങ്കാലിൽ ഒരമ്പുവന്നു തറച്ചു. പാരീസിന്റെ അമ്പായിരുന്നു അത്. ആ വീരപരാക്രമി ഒരാർത്തനാദത്തോടെ യുദ്ധഭൂമിയിലേക്കു വീണു. കണങ്കാലിലെ മുറിവിൽ നിന്ന് ധാരയായി രക്തമൊഴുകി. അൽപ്പസമയത്തിനുള്ളിൽ അക്കിലിസ് മരണമടഞ്ഞു. അങ്ങനെ അമൃത ജലത്തിന്റെ സംരക്ഷണമില്ലാതിരുന്ന തന്റെ കണങ്കാലിൽ അമ്പേറ്റ് ആ പരാക്രമി വീരസ്വർഗം പൂകി.

ഗ്രീക്ക്- ട്രോജൻ യുദ്ധം പിന്നെയും തുടർന്നു. ഒടുവിൽ ഒഡീസിയൂസിന്റെ നേതൃത്വത്തിൽ ഗ്രീക്കുസൈന്യം ട്രോയിയെ നശിപ്പിച്ച് ഹെലനെ വീണ്ടെടുത്തു.

അക്കിലിസിന്റെ ഈ കഥയിൽനിന്നാണ് അക്കിലിസിന്റെ കണങ്കാൽ (achilles heel) എന്ന ശൈലി ഇംഗ്ലീഷിൽ വന്നത്. ഒരു വ്യക്തിയുടെ സ്വഭാവത്തിലെ ഏറ്റവും ദുർബലമോ മർമപ്രധാനമോ ആയിട്ടുള്ള ഒരു സംഗതി, അത് അയാളുടെ തന്നെ പതനത്തിനു കാരണമാവുമെങ്കിൽ അതിനെയാണ് 'അക്കിലിസ് ഹീൽ' എന്നു പറയുന്നത്.

# കൊതുക്

മനോഹർ ഇരിങ്ങൽ




ചോരക്കള്ളൻ
കൊതിയനിവൻ
മൂളിപ്പാടും
വിരുതനിവൻ
ഓടയ്ക്കുള്ളിൽ
കഴിയുമിവൻ
രാവിൽചുറ്റി
നടക്കുമിവൻ
പലപല
രോഗം പക-
രുമിവൻ!
ഇവനോടൊപ്പം
കളിയരുതേ....!
ഇവനെ കൂട്ടു-
പിടിക്കരുതേ...!

വര: ആശ ആർ



## രചനകൾ ക്ഷണിക്കുന്നു

മഹാത്മാഗാന്ധിയുടെ എഴുപതാം രക്തസാക്ഷിത്വവാർഷികം വിപുലമായ പരിപാടികളോടെ കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ആചരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മഹാത്മാഗാന്ധിയെക്കുറിച്ചുള്ള ബാലസാഹിത്യ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ സംഭാവനകൾ, കേരളവുമായുള്ള ബന്ധം, ഗാന്ധിജിയുടെ ജീവിതം തുടങ്ങി ലളിതവും ആകർഷകവുമായ ശൈലിയിൽ ആധികാരികമായ വിവരങ്ങളോടെ കുട്ടികൾക്ക് പരിചയപ്പെടാൻ കഴിയുന്നതരം പുസ്തകങ്ങളാണ് വേണ്ടത്. പ്രീ പ്രൈമറി മുതൽ ഹൈസ്കൂൾതലം വരെയുള്ള കുട്ടികളെ മുന്നിൽക്കണ്ടാവണം രചന നിർവഹിക്കേണ്ടത്. ഏതു പ്രായക്കാർക്കുള്ള സ്ക്രിപ്റ്റാണ് എന്നത് പ്രത്യേകം രേഖപ്പെടുത്തയിരിക്കണം. നവീനമായ ആഖ്യാനശൈലിയിലുള്ള സ്ക്രിപ്റ്റുകൾക്ക് മുൻഗണന ലഭിക്കും. വിശദമായ പരിശോധനയ്ക്കുശേഷം പ്രസിദ്ധീകരണയോഗ്യമെന്നു ബോധ്യപ്പെടുന്ന സ്ക്രിപ്റ്റുകൾ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. കുട്ടികൾക്കായി എഴുതാൻ താത്പര്യവും കഴിവുമുള്ളവർക്ക് സ്ക്രിപ്റ്റുകൾ അയച്ചുതരാവുന്നതാണ്. ഏപ്രിൽ 30 നു മുമ്പായി സ്ക്രിപ്റ്റുകൾ ലഭിക്കണം.





# ഗാന്ധിജി അനന്യമീ ധർമപഥം

**ഡി പ്രദീപ് കുമാർ**

*(മഹാത്മാഗാന്ധിയുടെ ജീവിതത്തിലെ ചില ചരിത്രവിസ്മയങ്ങൾ)*

ജീവിതത്തിലുടനീളം സമയനിഷ്ഠ പുലർത്താൻ ശ്രമിച്ച ഗാന്ധിജിക്ക് ആ ദിവസം അത് പാലിക്കാനായില്ല. 1948 ജനുവരി 30 ന് ഡൽഹി ബിർലാമന്ദിരത്തിലെ പ്രാർഥനാഹാളിലേക്ക് അദ്ദേഹം എത്തിയത് പത്ത് മിനിറ്റ് വൈകിയായിരുന്നു. സർദാർ പട്ടേലുമായുള്ള അദ്ദേഹത്തിന്റെ ചർച്ച നീണ്ടുപോയപ്പോൾ ആഭ, ഗാന്ധിജിയുടെ വാച്ച് എടുത്ത് കാട്ടി. സമയം വൈകി എന്ന് അറിയിച്ചു.എന്നും അരയിൽ ഇടതുഭാഗത്ത് തന്റെ നിക്കൽ വാച്ച് കെട്ടുന്നത് ശീലമാക്കിയ ഗാന്ധിജി അന്ന് അതിന് നിൽക്കാതെ ധൃതിയിൽ പുറത്തിറങ്ങി നടന്നു. അപ്പോൾ തമാശയായി ആഭ പറഞ്ഞു. ''വാച്ചിനെ അങ്ങ് ഇന്ന് ഗൗനിക്കാത്തതിൽ അതിന് സങ്കടമുണ്ടാകും. ഇന്നതിനെ അങ്ങ് നോക്കുകപോലും ചെയ്തില്ല.'' സമയം തെറ്റിയതിൽ അസ്വസ്ഥനായി വേഗത്തിൽ നടന്നുനീങ്ങിയ അദ്ദേഹം ഹാളിൽ പ്രവേശിക്കുംമുൻപ് നാഥുറാം ഗോഡ്സെയുടെ വെടിയേറ്റ് നിലം പതിച്ചു.

* * * * *

വിലാപയാത്രയിൽ ഗാന്ധിജിയുടെ മൃതദേഹം വഹിച്ച ആ വാഹനം- ഗൺ കാര്യേജ് ഏറെ ദശാബ്ദങ്ങൾക്കുശേഷം മറ്റൊരു മഹദ്‌വ്യക്തിയുടെ വിലാപയാത്രയിലും ശവമഞ്ചംപേറി 1997 ൽ മദർ തെരേസയുടെ മൃതദേഹവും ഇതേ ഗൺകാര്യേജാണ് വഹിച്ചത്

ഗാന്ധിജി വെടിയേറ്റു മരിച്ച വാർത്തപ്രക്ഷേപണം ചെയ്തശേഷം ശ്രീലങ്ക റേഡിയോ അദ്ദേഹത്തോടുള്ള ആദരസൂചകമായി അടുത്ത 24 മണിക്കൂർ പ്രക്ഷേപണം നിർത്തിവച്ചു.

* * * * *

ഫോട്ടോ എടുക്കുന്നതിനോട് ഗാന്ധിജിക്ക് ഒട്ടും താത്പര്യമുണ്ടായിരുന്നില്ല. പക്ഷേ, ജീവിതകാലത്ത് ഏറ്റവുമധികം ചിത്രമെടുക്കപ്പെട്ടവരിലൊരാളും ഗാന്ധിജിയായിരുന്നു. നമ്മുടെ കറൻസി നോട്ടുകളിൽ കാണുന്ന ഗാന്ധിജിയുടെ പുഞ്ചിരിക്കുന്ന ചിത്രം ചിത്രകാരന്റെ ഭാവനയിൽ വിരിഞ്ഞ ഒന്നല്ല. അജ്ഞാത

നായ ഒരു ഫോട്ടോഗ്രാഫർ 1946 ൽ എടുത്ത ചിത്രത്തിൽ നിന്ന് വികസിപ്പിച്ചെടുത്ത താണ്. ബ്രിട്ടീഷ് സെക്രട്ട റിയായിരുന്ന ഫ്രെഡറിക് പെത്തിക് ലോറൻസിനെ അന്നത്തെ വൈസ്രോയി ഹൗസിൽ (ഇന്നത്തെ രാഷ്ട്ര പതിഭവൻ) അദ്ദേഹം സന്ദർ ശിച്ചപ്പോൾ എടുത്ത ചിത്ര മാണ് ഇതിന്റെ ഉറവിടം. ലോറൻസും അംഗരക്ഷകരും കൂടി ചിത്രത്തിലുണ്ടായി രുന്നു. ഇതിന്റെ കണ്ണാടി യിൽ പതിപ്പിച്ച പ്രതിച്ഛായ യിൽനിന്ന് ഗാന്ധിജി ഇട ത്തേക്കു നോക്കിനിൽക്കുന്ന തലഭാഗം മാത്രമെടുത്ത് കറൻ സിയിൽ ചേർക്കുകയായി രുന്നു. അങ്ങനെ ഗാന്ധിജി യുടെ പുഞ്ചിരിക്കുന്ന മുഖം ഓരോ ഭാരതീയന്റെയും മന സ്സിൽ പതിഞ്ഞു.

* * * * *


ഗാന്ധിജി സ്വാതന്ത്ര്യസമ രകാലത്ത് പല തവണയായി മൊത്തം 6 വർഷവും 5 മാസ വും ജയിലിൽ കഴിഞ്ഞു.

1921 വരെ ഗാന്ധിജി ശരീരം മുഴുവൻ മറയ്ക്കുന്ന വസ്ത്ര മായിരുന്നു ധരിച്ചിരുന്നത്. അന്നൊരിക്കൽ മധുരയിലേക്കു നടത്തിയ ഒരു യാത്രയായി രുന്നു അദ്ദേഹത്തെ നമുക്ക് സുപരിചിതമായ ഒറ്റ ദോത്തി യിലേക്കു മാറ്റിയത്. മധുര യിൽ അദ്ദേഹത്തെ കാണാ നെത്തിയവരിലേറെയും നഗ്നത മറയ്ക്കാൻ പോലു മുള്ള വസ്ത്രം ധരിക്കാൻ കെൽപ്പില്ലാത്ത പട്ടിണിപ്പാവ ങ്ങളായിരുന്നു. ഈ പാവങ്ങ ളെപ്പോലെയേ താനുമിനി വസ്ത്രം ധരിക്കൂ എന്ന് അദ്ദേ ഹം തീരുമാനിച്ചു. പിന്നീട് സ്വന്തം ചർക്കയിൽ നൂൽനൂറ്റ് നെയ്തെടുത്ത ഖാദിവസ്ത്രം മാത്രമേ അർധനഗ്നനായ ആ ഫക്കീർ ധരിച്ചുള്ളൂ. സ്വന്തം വസ്ത്രങ്ങൾ കഴുകി വൃത്തി യാക്കിയിരുന്നതും, അദ്ദേഹ മായിരുന്നു.

**മധുരയിൽ അദ്ദേഹത്തെ കാണാനെത്തിയവരിലേറെയും നഗ്നത മറയ്ക്കാൻ പോലുമുള്ള വസ്ത്രം ധരിക്കാൻ കെൽപ്പില്ലാത്ത പട്ടിണിപ്പാവങ്ങളായിരുന്നു. ഈ പാവ ങ്ങളെപ്പോലെയേ താനുമിനി വസ്ത്രം ധരിക്കൂ എന്ന് തീരുമാനിച്ചു. പിന്നീട് സ്വന്തം ചർക്കയിൽ നൂൽ നൂറ്റ് നെയ് തെടുത്ത ഖാദിവസ്ത്രം മാത്രമേ അദ്ദേഹം ധരിച്ചുള്ളൂ.**

* * * * *

ഗാന്ധിജി ഒരിക്കലും വിമാനയാത്ര നടത്തിയിട്ടില്ല. വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുക്കാൻ ലണ്ടനിൽ പോയത് കപ്പലിൽ. ഇന്ത്യ യിലെമ്പാടും സഞ്ചരിച്ചത് തീവണ്ടിയിലെ മൂന്നാം ക്ലാസ് കമ്പാർട്ടുമെന്റിൽ.



ഗാന്ധിജി ഉപ്പുസത്യഗ്രഹവേളയിൽ

ഗ്രാമങ്ങൾതോറും സഞ്ചരിച്ചത് മിക്കപ്പോഴും കാൽനടയായി തന്നെ. വളരെക്കുറച്ച് ആഹാരം മാത്രമേ അദ്ദേഹം കഴിച്ചിരുന്നുള്ളൂ. പഴങ്ങളും ആട്ടിൻപാലുമായിരുന്നു ഇഷ്ട ആഹാരം. ഒലിവ് ഓയിലും കഴിച്ചിരുന്നു. അദ്ദേഹത്തിന് ഒരുസെറ്റ് വെപ്പ് പല്ലുകളുണ്ടായിരുന്നു. ആഹാരം കഴിച്ച ശേഷം അദ്ദേഹം അതെടുത്ത് കഴുകി വൃത്തിയാക്കി തുണിയിൽ പൊതിഞ്ഞ് വയ്ക്കും. ആവശ്യം വരുമ്പോൾ മാത്രം പിന്നെയെടുക്കും.

സ്കൂൾ വിദ്യർഥിയായിരിക്കുമ്പോഴേ വളരെവേഗത്തിൽ നടന്നുശീലിച്ച അദ്ദേഹം നടത്തമാണ് ഏറ്റവും വലിയ വ്യായാമം എന്നു വിശ്വസിച്ചു. ലണ്ടനിൽ നിയമവിദ്യാർഥിയായിരിക്കെ പണം ലാഭിക്കാനായി അദ്ദേഹം ദിവസവും എട്ടുപത്ത് കിലോമീറ്ററുകൾ നടക്കുക ശീലമാക്കി. ഇത് തനിക്ക് ഉറച്ച ശരീരം സമ്മാനിച്ചതായി അദ്ദേഹം എഴുതിയിട്ടുണ്ട്. 1930 ൽ മുപ്പത്തിയൊന്നാം വയസ്സിൽ, ഉപ്പു സത്യഗ്രഹം നടത്താൻ തന്റെ ആശ്രമത്തിൽ നിന്ന് 77 അനുയായികൾക്കൊപ്പം ദാണ്ഡി കടപ്പുറത്തേക്ക് അദ്ദേഹം നടന്നത് 241 മൈലായിരുന്നു. ദിവസവും 20 കിലോമീറ്റർ വീതം 24 ദിവസംകൊണ്ട് അവർ ലക്ഷ്യസ്ഥാനത്തെത്തി.



ഗാന്ധിജി ബിർളാമന്ദിരത്തിലേക്കുള്ള യാത്രയ്ക്കിടയിൽ

# രക്തസാക്ഷ്യം 2018
# സ്കൂൾകുട്ടികൾക്കായുള്ള ലേഖനമത്സരം

**മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70–ാം വാർഷികം 2018 ജനുവരി 30 മുതൽ ഒരു വർഷക്കാലം വിവിധ പരിപാടികളോടെ ആചരിക്കുവാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. 'രക്തസാക്ഷ്യം 2018' ആചരണ പരിപാടികളുടെ ഭാഗമായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി ലേഖനമത്സരം സംഘടിപ്പിക്കുന്നു. വിഷയം : 'ഗാന്ധി' (ഗാന്ധിയുമായി ബന്ധപ്പെട്ടതെന്തും വിഷയത്തിന്റെ പരിധിയിൽപ്പെടും.) ഇതിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 25 ലേഖന കർത്താക്കൾക്കായി (ഇരുവിഭാഗത്തിലും) ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പ് സംഘടിപ്പിക്കുകയും അതിൽ നിന്നുള്ള രചനകൾ ഉൾപ്പെടുത്തി ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്യും. ഹൈസ്കൂൾ വിഭാഗത്തിൽ വിജയികളാകുന്ന കുട്ടികൾക്ക് യഥാക്രമം 5000, 3000, 2000 രൂപ മുഖവിലയുള്ള പുസ്തകങ്ങളാണ് സമ്മാനമായി ലഭിക്കുക. ഹയർ സെക്കൻഡറി വിഭാഗത്തിൽ വിജയികളാകുന്നവർക്ക് യഥാക്രമം 6000, 4000, 3000 രൂപ മുഖവിലയുള്ള പുസ്തകങ്ങളും. ലേഖനങ്ങൾ ഏപ്രിൽ 30 നകം ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിക്കത്തക്കവിധം ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃതകോളജ് കാമ്പസ്, പാളയം തിരുവനന്തപുരം–34 എന്ന വിലാസത്തിൽ അയയ്ക്കാവുന്നതാണ്**

# രണ്ടു മമ്മിമാർ

രാജേശ്വരി തോന്നയ്ക്കൽ

നഗരത്തിനു വെളിയിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായൊരു കോൺവെന്റ് സ്കൂളാണ് വേദി. സ്കൂളിൽ പ്രിൻസിപ്പാളിന്റെ ഓഫീസ് റൂമിനു സമീപത്തുള്ള സന്ദർശകമുറിയിൽ ഏതാനും രക്ഷിതാക്കൾ നിശ്ശബ്ദതപാലിച്ചു കാത്തിരിക്കുന്നു. എല്ലാവരുടെ കൈയിലും സ്മാർട്ട്ഫോൺ ഉള്ളതുകൊണ്ടാകാം മുഖത്ത് കാത്തിരിപ്പിന്റെ വിരസതയില്ലായിരുന്നു.

അക്കൂട്ടത്തിൽ ഒരു മൂലയ്ക്കായി ഇരിക്കുകയായിരുന്ന രണ്ടമ്മമാർ പതിയെ സംസാരിക്കുന്നുണ്ടായിരുന്നു. ഒരാൾ 'സെവൻത്ത് ബി' യിൽ പഠിക്കുന്ന നിഥിൻ പണിക്കറുടെ മമ്മി നിർമലാ പണിക്കർ. മറ്റേയാൾ 'ഫിഫ്ത് എ' യിലെ സൂസന്നാ വർഗീസിന്റെ മമ്മി മേരി വർഗീസ്.

സംഭാഷണം തുടരുകയാണ്.

''മോന്റെ ഡാഡി തിരക്കിലായതുകൊണ്ട് എന്നെ പറഞ്ഞയച്ചതാ... മോൻ ഫോറസ്ട്രീ ക്ലബിലുണ്ട്. അവൻ ഒഴിവാകാൻ നോക്കിയതാ... മിസ് സമ്മതിക്കുന്നില്ല. വെട്ടലും കിളയലുമൊക്കെ നടത്തി കൈയൊക്കെ ചുമന്നുവീർത്തു വെയിലേറ്റ് മുഖവും വല്ലാണ്ടായി.

സ്കൂളിൽ വിടുന്നത് പഠിക്കാനല്ലേ? വെട്ടാനും കിളയ്ക്കാനുമാണേൽ ഇവിടംവരെ വരണ്ടല്ലോന്നാണ് അവന്റെ ഡാഡിയും പറയുന്നത്.

പ്രിൻസിപ്പാളിനെ കണ്ട് ക്ലബ്ബീന്ന് ഒഴിവാക്കിത്തരാൻ പറയാനാണ് ഞാൻ വന്നത്...''

നിർമലാ പണിക്കർ പറഞ്ഞുനിർത്തും മുമ്പ് മേരീ വർഗീസ് തുടർന്നു

''ആണോ, അതു പറയാനാണോ വന്നത്? ഞാനും അതേക്കുറിച്ചു പറയാനാ വന്നത്.... ന്താ...ന്നു വച്ചാല് മോളും ഫോറസ്ട്രീ ക്ലബിലെ മെമ്പറാ... ഇപ്പോ, കൈക്കോട്ടെടുത്തു വെട്ടാനും കുഴിയെടുക്കാനുമൊക്കെ നല്ല മിടുക്കത്തിയായി. കഴിഞ്ഞ ദിവസം മുറ്റത്ത് പൂച്ചയെങ്ങാണ്ടു പിടിച്ചുകൊന്നിട്ടേച്ചു പോയ ഒരു കുഞ്ഞുപാമ്പിനെ കുഴിച്ചിടാൻ അവള് മൺവെട്ടിയുമെടുത്തു ചാടി ഇറങ്ങിയിരിക്കുന്നു.

'എയ്ത്തി'ലും, 'ടെൻത്'ലും പഠിക്കുന്ന രണ്ട് ആങ്ങളമാര് അതിനു കഴിയാതെ നോക്കി നിന്നപ്പോ എത്ര സമർഥമായാ അവളതു ചെയ്തത്.... മോൾടെ പപ്പയ്ക്കു നിർബന്ധമായി. ഇന്നുതന്നെ പ്രിൻസിപ്പാളിനെ കണ്ട് പ്രത്യേക നന്ദി അറിയിക്കണമെന്ന്....



വര: സചീന്ദ്രൻ കാറഡുക്ക






# അങ്ങനെ സ്റ്റെതസ്കോപ്പ് ഉണ്ടായി

**പി പി കെ പൊതുവാൾ**

1816ലെ ഒരു ദിവസം ഹൃദ് രോഗ വിദഗ്ദ്ധനായ ഡോ. ഹയാസിന്തെലെന്നക്ക് പതിവു പോലെ അന്നും തന്റെ ക്ലിനിക്കിലെത്തി രോഗികളെ പരിശോധിക്കാൻ തുടങ്ങി. ഇടയ്ക്ക് ഏറെ തടിച്ചിയായ ഒരു യുവ തരുണി ഡോക്ടറുടെ മുമ്പിലുള്ള ഇരിപ്പിടത്തിൽ വന്നിരുന്ന് രോഗവിവരങ്ങൾ വിസ്തരിക്കാൻ തുടങ്ങി. ക്ഷയരോഗബാധിതയായ ഒരു സ്ത്രീയായിരുന്നു അവർ. രോഗനിർണയവുമായി ബന്ധപ്പെട്ട് ഹൃദയമിടിപ്പ് പരിശോധിക്കേണ്ടതുണ്ടായിരുന്നു. രോഗിയുടെ നെഞ്ചിൽ ചെവി ചേർത്ത് ഹൃദയമിടിപ്പു ശ്രദ്ധിക്കുകയെന്നതാണ് പതിവു രീതി. അത്യാവശ്യമാണെന്നു തോന്നിയാൽ മാത്രമേ അക്കാലത്ത് ഹൃദയമിടിപ്പ് അറിയാൻ ശ്രമിക്കാറുണ്ടായിരുന്നുള്ളൂ. ഈ രോഗിയെ സംബന്ധിച്ച് അത്തരമൊരു പരിശോധന അനുപേക്ഷണീയമായിരുന്നു. എന്നാൽ, ഏറെ തടിയുള്ള ആ സ്ത്രീയുടെ നെഞ്ചത്ത് ചെവി ചേർക്കാൻ ഡോക്ടർക്ക് എന്തോ ഒരു വിമുഖത തോന്നി. മേശപ്പുറത്തു കിടന്ന അന്നത്തെ പത്രമെടുത്ത് കുഴൽ രൂപത്തിലാക്കി നെഞ്ചത്തുചേർത്തു വച്ച് മറു ഭാഗത്ത് കാതു ചേർത്ത് ശ്രദ്ധിച്ച് വല്ല ഒച്ചയും കേൾക്കുന്നുണ്ടോ എന്നറിയാൻ ശ്രദ്ധിച്ചു. ഹൃദയമിടിപ്പിന്റെ ഒച്ച കേട്ടു എന്നു മാത്രമല്ല, സാധാരണയിലും കൂടുതൽ വ്യക്തമായി തന്നെ കേട്ടു. പിന്നീട് ഹൃദയമിടിപ്പ് അറിയേണ്ടി വരുമ്പോഴെല്ലാം

ഇതൊരു പതിവാക്കി.

ഡോക്ടർമാർ കഴുത്തിലണിഞ്ഞു നടക്കുന്ന സ്റ്റെതസ്കോപ്പ് എന്ന ഉപകരണം ഉണ്ടായത് മേൽ പറഞ്ഞ രീതിയിലുള്ള ഒരു ആകസ്മികതയിൽ നിന്നാണ്.

എന്നുവച്ചാൽ, കടലാസ് കുഴലായി ഉപയോഗിച്ചുകൊണ്ടുള്ള തന്റെ ആദ്യ സംരംഭത്തിൽ നിന്ന്, ഭാവനാ സമ്പന്നനും പ്രായോഗിക മതിയുമായ ഡോ. ലെന്നക്ക് ഏറെ മുന്നോട്ടുപോയി.

അതിനിടെ ലെന്നക്ക് പത്രം ചുരുട്ടി ഹൃദയമിടിപ്പ് കണ്ടുപിടിക്കുന്ന രീതിയെക്കുറിച്ച് തന്റെ സുഹൃത്തുക്കളായ പല ഡോക്ടർമാരോടും സംസാരിച്ചു കഴിഞ്ഞിരുന്നു. അവരും ലെന്നക്കിനെ അനുകരിക്കാൻ തുടങ്ങി. ഈ പേപ്പർക്കുഴൽ രീതിയിൽ ഓരോരുത്തരും അവരുടേതായ രീതികളിൽ പരിഷ്കരണങ്ങൾ വരുത്താൻ തുടങ്ങി. അങ്ങനെ ഒന്നിലധികം സ്റ്റെതസ്കോപ്പുകളുണ്ടായി. പേപ്പർക്കുഴലിനു പകരം ലോഹക്കുഴലുകൾ നിലവിൽ വന്നു. ഇരു ചെവികളിലായി ഉറപ്പിച്ച് ഹൃദയമിടിപ്പുകൾ ശ്രവിക്കുന്ന സമ്പ്രദായം ലെന്നക്കു തന്നെയാണ് ആവിഷ്ക്കരിച്ചത്. പേപ്പർ കുഴലിനു പകരം മരക്കുഴലുകൾ ആദ്യം ഉപയോഗിച്ചതും അദ്ദേഹം തന്നെയായിരുന്നു

സുഹൃത്തുക്കളായ മറ്റു ഭിഷഗ്വരന്മാരൊന്നും ചെയ്യാൻ മിനക്കെടാത്ത ഒരു കാര്യം കൂടി അദ്ദേഹം ചെയ്തു. സ്റ്റെതസ്കോപ്പ് ഉപയോഗിച്ചു നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നൊഴിയാതെ അദ്ദേഹം തന്റെ നോട്ടുബുക്കിൽ രേഖപ്പെടുത്തി വച്ചു. ഹൃദയമിടിപ്പു മാത്രമല്ല, മറ്റു ശരീരഭാഗങ്ങളിലെ പല ശബ്ദങ്ങളും അദ്ദേഹം അതിലൂടെ കേട്ടു. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിവിധ രോഗികളിൽ, വിവിധ സമയങ്ങളിൽ സ്റ്റെതസ്കോപ്പു വച്ച് പരിശോധനാവിവരങ്ങൾ വിശദമായി കുറിച്ചു വച്ചു. താനുണ്ടാക്കിയ പലതരം സ്റ്റെതസ്കോപ്പുകളുടെ ഗുണങ്ങളും ദോഷങ്ങളും കൃത്യമായി എഴുതിവെക്കാനും അദ്ദേഹം മറന്നില്ല.

മറ്റുള്ളവരുടേതിൽ നിന്ന് വ്യത്യസ്തമായി ലെന്നക്ക് നിർവ്വഹിച്ച ഇത്തരം പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ ശാസ്ത്രജ്ഞരുടെ പദവിയിലേക്ക് ഉയർത്തിയത് എന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. സ്ഥിരോത്സാഹം ഭാവന, നിരീക്ഷണപാടവം, കൃത്യമായ അനുമാനങ്ങളിൽ എത്താനുള്ള കഴിവ് ഇതെല്ലാം ഒരു ശാസ്ത്രഗവേഷകന് അനുപേക്ഷണീയമായ സിദ്ധികളാണ്. താൻ കുറിച്ചു വച്ച കുറിപ്പുകളെല്ലാം അദ്ദേഹം ശാസ്ത്രസമിതിക്ക് കൈമാറുകയുണ്ടായി. സ്റ്റെതസ്കോപ്പിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ ശാസ്ത്ര ചരിത്രത്തിൽ അദ്ദേഹത്തിന് സ്ഥാനം ഉറച്ചുകിട്ടിയത് ഈ രേഖകളുടെ അടിസ്ഥാനത്തിലാണ്.

വൈദ്യശാസ്ത്ര രംഗത്ത് എന്തെല്ലാം വലിയ വലിയ കണ്ടുപിടിത്തങ്ങൾ പിന്നീടുള്ള നാളുകളിൽ സംഭവിച്ചിരിക്കുന്നു. ഏറെ സങ്കീർണമായ രോഗനിർണയ രീതികൾ തന്നെ ഇപ്പോൾ പ്രചാരം നേടിയിരിക്കുന്നു. സ്റ്റെതസ്കോപ്പ് എന്ന അതി ലളിതമായ ഉപകരണത്തിന് ഇപ്പോഴിതാ വയസ്സ് ഇരുനൂറു തികയാൻ പോകുന്നു. ഇപ്പൊഴും അത് ഡോക്ടർമാരുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനാണ്. കഴുത്തിൽ സ്റ്റെതസ്ക്കോപ്പ് അണിയാത്ത ഒരു ഡോക്ടറെ നമുക്കു സങ്കൽപ്പിക്കാനാകുമോ? രോഗനിർണയത്തിന് ഏത് ആതുര ശുശ്രൂഷകനും ആദ്യം ആശ്രയിക്കുന്ന ഉപകരണം സ്റ്റെതസ്കോപ്പു തന്നെ !

പക്ഷേ ലെന്നക്കിന്റെ ആദ്യത്തെ ആ സ്റ്റെതസ്കോപ്പിന് ഇന്നത്തെ രൂപമായിരുന്നില്ലെന്നു മാത്രം. ഇരുചെവികളിലുമായി ഉറപ്പിക്കാവുന്ന ഇത്തരം ഉപകരണങ്ങൾ ജോർജ് കാമൺ (1840) എന്ന ഡോക്ടറുടെ സൃഷ്ടിയാണ്. പ്രവർത്തനതത്വത്തിൽ മാറ്റമില്ലെന്നു മാത്രം!

*(ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന 'കണ്ടുപിടുത്തങ്ങളുടെ കഥ' എന്ന പുസ്തകത്തിൽ നിന്ന്)*

## റെനെ ഹയാസിന്തെ ലെന്നക്ക്



(1781-1826) ഫെബ്രുവരി 17 ന് ഫ്രാൻസിൽ ജനിച്ചു. കോളെജ് ഡിഫ്രാൻസിൽ വൈദ്യശാസ്ത്ര അധ്യാപകനായിരിക്കെ 1816-ൽ സ്റ്റെതസ്കോപ്പ് കണ്ടുപിടിച്ചു. ഗ്രന്ഥകാരനെന്ന നിലയിലും പ്രസിദ്ധനാണ്. 1826 ആഗസ്റ്റ് 13 ന് അന്തരിച്ചു. ശബ്ദതരംഗങ്ങളുടെ ആവർത്തിച്ചുള്ള പ്രതിഫലനമാണ് സ്റ്റെതസ്കോപ്പിനു പിന്നിലെ ശാസ്ത്രതത്വം.

## സുഗതകുമാരി

### 88

അപ്പോൾ മന്ദഹാസം തൂകിക്കൊണ്ട് ശ്രീഭഗവാൻ ഇങ്ങനെ അരുളിച്ചെയ്തു.

'അർജുനാ, അറിവുള്ളവർ മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും കുറിച്ചു ദു:ഖിക്കുന്നില്ല. കുട്ടിക്കാലം, യൗവനം, വാർധക്യം എന്നീ അവസ്ഥകൾ ശരീരത്തിനുണ്ടാകുന്നു. അതുപോലെയൊരു അവസ്ഥ മാത്രമാണ് മരണവും. അനിത്യമാണു ശരീരം, നിത്യമായത് ആത്മാവുമാത്രം. അർജുനാ, നീ നശ്വരമായ ഈ ശരീരത്തെക്കുറിച്ചോ അമൃതമായ ആത്മാവിനെക്കുറിച്ചോ ദു:ഖിക്കുന്നത്? ആത്മാവ് കൊല്ലുന്നില്ല. ആരാലും കൊല്ലപ്പെടുന്നുമില്ല എന്നറിയുക.

മരണമെന്നാൽ ഇത്രമാത്രമാണു പാർഥാ, പഴകിയ, കീറിയ വസ്ത്രം ഉപേക്ഷിച്ച് നാം പുതിയ വസ്ത്രം ധരിക്കുന്നു. ജീർണമായ ശരീരത്തെ ഉപേക്ഷിച്ച് ആത്മാവ് മറ്റൊരു പുതിയ ശരീരം സ്വീകരിക്കുന്നു. ആത്മാവിനെ ഒരായുധവും മുറിവേൽപ്പിക്കുകയില്ല. അഗ്നി അതിനെ ചുട്ടെരിക്കുന്നില്ല, ജലം നനയ്ക്കുകയുമില്ല, വായു ഉണക്കുകയുമില്ല. ആത്മാവ് എന്നും അക്ഷയവും ശാശ്വതവുമത്രെ.

മറ്റൊരുവിധത്തിൽ ചിന്തിച്ചാലോ! ജനിക്കുന്നവന് മരണം നിശ്ചയമാണ്. മരിക്കുന്നവനു ജനനവും നിശ്ചിതമത്രേ. അതിനാൽ എന്നും മരിച്ചും ജനിച്ചും കഴിയുന്ന ഒന്നിനെപ്പറ്റി നീ ദു:ഖിക്കേണ്ടതുണ്ടോ? പരിഹരിക്കാനാവാത്ത ഒരു കാര്യത്തെപ്പറ്റി കരഞ്ഞിട്ടെന്തുകാര്യം അർജുനാ?

പാർഥാ, ജനിക്കുന്നതിനു മുമ്പ് നാം എവിടെയായിരുന്നു? മരിച്ചതിനുശേഷം നമുക്ക് എന്തു സംഭവിക്കും? ഇതു രണ്ടും അവ്യക്തമത്രേ. ആദ്യവും അന്ത്യവും അവ്യക്തം. മധ്യഭാഗം മാത്രം, ജീവിതം മാത്രം, വ്യക്തം. ഇങ്ങനെയിരിക്കെ ഇവിടെ സങ്കടത്തിനു പ്രസക്തിയെന്ത്!

പാർഥാ, മറ്റൊരുവശം കൂടി ആലോചിക്കുക. ഇതു നിന്റെ ധർമമാണ്. യുദ്ധം ചെയ്യുക എന്നതു ക്ഷത്രിയ ധർമമത്രേ. യദൃച്ഛയാ തുറക്കപ്പെടുന്ന സ്വർഗദ്വാരം പോലെയാണ് ഈ യുദ്ധം. യുദ്ധത്തിൽ മരിച്ചാൽ സ്വർഗം ലഭ്യമാകുന്നു! ജയിച്ചാലോ രാജ്യവും! അല്ലാതെ സ്വധർമം ചെയ്യാതെ മാറിനിന്നാലോ, ഭീരുവെന്ന ദുഷ്കീർത്തിയും മാനഹാനിയുമാകും ഫലം.

എന്നാൽ ഭാരതാ, നീ നിന്റെ ധർമം ചെയ്യുന്നത് ഈ വിധത്തിലായിരിക്കണം. സുഖത്തെയും ദു:ഖത്തെയും നീ ഒരുപോലെ കാണണം. ലാഭവും നഷ്ടവും ജയവും പരാജയവുമൊന്നും നിന്റെ മനസ്സിളക്കരുത്. അങ്ങനെയാണെങ്കിൽ യുദ്ധത്തിന്റെ പാപം നിന്നെ തൊടുകയില്ല. അർജുനാ, നിനക്ക് കർമംചെയ്യുവാൻ മാത്രമേ അധികാരമുള്ളൂ. കർമഫലത്തിൽ മോഹമരുത്. എന്തിലെങ്കിലും മോഹമുണ്ടായാൽ അതു നിന്നെ കെട്ടിയിടുകതന്നെ ചെയ്യും. പാർഥാ, നീ സ്ഥിതപ്രജ്ഞനാവുക.'

## ഭഗവദ്ഗീത

അർജുനൻ ചോദിച്ചു. 'ഹേ കേശവാ, സ്ഥിതപ്രജ്ഞൻ എന്നാൽ എന്താണ്? പറഞ്ഞുതന്നാലും.'

ശ്രീഭഗവാൻ പറഞ്ഞു. 'പാർഥാ, ദു:ഖമുണ്ടാകുമ്പോൾ ക്ഷോഭിക്കാതെയും സുഖം വേണമെന്നു കൊതിക്കാതെയുമിരിക്കുന്നവൻ സ്ഥിതപ്രജ്ഞൻ. അവന് എന്തെങ്കിലും വേണമെന്ന് ആഗ്രഹമില്ല, ഒന്നിനോടും കോപമില്ല, ഭയമില്ല, എന്തുണ്ടായാലും അവൻ ശാന്തനായി ഇളക്കമില്ലാത്തവനായിരിക്കുന്നു.

നമ്മുടെ ഇന്ദ്രിയങ്ങൾ, കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി എന്നിവ ഓരോന്നിനും വേണ്ടി കൊതിക്കുന്നു. ആ വസ്തുവെപ്പറ്റി ചിന്തിക്കുന്തോറും അതിനുവേണ്ടിയുള്ള കൊതി വർധിക്കുന്നു. അതു കിട്ടാതെ വരുമ്പോൾ കോപമുണ്ടാകുന്നു. കോപത്താൽ വിവേകം നഷ്ടപ്പെടുന്നു. സമ്മോഹത്താൽ ഓർമകെട്ടു ഭ്രാന്തമായ തോന്നലുകളുണ്ടാകുന്നു, അവയിൽ നിന്ന് ബുദ്ധിനാശമുണ്ടാകുന്നു. അർജുനാ, ബുദ്ധിനാശമുണ്ടായവൻ നശിച്ചുപോകുന്നു.

മനസ്സിനെ നിയന്ത്രിക്കുവാൻ കഴിയുന്നവന്, അതിമോഹങ്ങളും വിദ്വേഷങ്ങളുമില്ലാത്തവന്, മന:പ്രസാദമുണ്ടാകുന്നു. മന:പ്രസാദമുള്ളവന് ദു:ഖമുണ്ടാവുകയില്ല. അവന്റെ ബുദ്ധിക്ക് ഇളക്കം തട്ടുന്നില്ല. നേരേമറിച്ച് മോഹവും ക്ഷോഭവും ക്രോധവുമുള്ളവന് ദു:ഖമുണ്ടാകുന്നു. അവന്റെ മനസ്സ് അശാന്തമാവുന്നു. പാർഥാ, അശാന്തന് എവിടെനിന്നാണു സുഖം കിട്ടുക?...

ഒരു കർമവും ചെയ്യാതെ വെറുതേയിരിക്കുവാൻ ആർക്കും സാധ്യമല്ല. ഒരുനിമിഷം പോലും ഒരുവൻ കർമം ചെയ്യാതെ ഇരിക്കുന്നില്ല. ഈശ്വരൻപോലും കർമം ചെയ്തുകൊണ്ടിരിക്കുന്നതിനാലത്രേ ഈ പ്രപഞ്ചം നാശം പ്രാപിക്കാത്തത്. അതിനാൽ പാർഥാ, നിനക്കു വിധിക്കപ്പെട്ട കർമം ചെയ്യുക. ആ

**മൂന്നു ഗുണങ്ങളാണ് എല്ലാ കർമങ്ങൾക്കും കാരണം. ഇവയാണ് ദേഹിയെ ദേഹവുമായി ബന്ധിപ്പിക്കുന്നത്. സത്വം, രജസ്സ്, തമസ്സ്. ഇവയിൽ സത്വഗുണം ഏറ്റവും ഉയർന്നതാകുന്നു. സത്വഗുണമുള്ളവന് ജ്ഞാനമുണ്ടാകുന്നു. ശുദ്ധവും തെളിഞ്ഞതും കാമവും ക്രോധവും അലസതയും തീണ്ടാത്തതും അഹങ്കാരമില്ലാത്തതും ശാന്തവുമായിരിക്കും സത്വഗുണമുള്ള വ്യക്തിയുടെ മനസ്സ്. അങ്ങനെയുള്ളയാളുടെ കർമങ്ങളെല്ലാം നിസ്വാർഥവും ഈശ്വരാർപിതവുമായിരിക്കും.**

കർമത്തിൽനിന്ന് എന്തെങ്കിലും കിട്ടുമെന്നു മോഹിക്കാതെ സർവവും ഈശ്വരനു സമർപ്പിച്ചുകൊണ്ടു കർമം ചെയ്യുക.

ഉത്തമനായ മനുഷ്യർ ഏതുവിധത്തിൽ പ്രവർത്തിക്കുന്നു എന്നു മറ്റുള്ളവരും നോക്കുന്നു. അതു മാതൃകയാക്കുകയും ചെയ്യുന്നു എന്നോർക്കുക.

മൂന്നു ഗുണങ്ങളാണ് എല്ലാ കർമങ്ങൾക്കും കാരണം. ഇവയാണ് ദേഹിയെ ദേഹവുമായി ബന്ധിപ്പിക്കുന്നത്. സത്വം, രജസ്സ്, തമസ്സ്. ഇവയിൽ സത്വഗുണം ഏറ്റവും ഉയർന്നതാകുന്നു. സത്വഗുണമുള്ളവന് ജ്ഞാനമുണ്ടാകുന്നു. ശുദ്ധവും തെളിഞ്ഞതും കാമവും ക്രോധവും അലസതയും തീണ്ടാത്തതും അഹങ്കാരമില്ലാത്തതും ശാന്തവുമായിരിക്കും സത്വഗുണമുള്ള വ്യക്തിയുടെ മനസ്സ്. അങ്ങനെയുള്ളയാളുടെ കർമങ്ങളെല്ലാം നിസ്വാർഥവും ഈശ്വരാർപ്പിതവുമായിരിക്കും.

രജസ്സ് ജീവിതരതിയുടെയും വീര്യത്തിന്റെയും ആഗ്രഹങ്ങളുടെയും ക്രോധത്തിന്റെയും അഹങ്കാരത്തിന്റെയും തീക്ഷ്ണതയുടെയും അക്ഷമയുടെയും കാരണമാണ്. യുദ്ധങ്ങളുടെയും മത്സരങ്ങളുടെയും പിടിച്ചടക്കലുകളുടെയും വാശിയുടെയും പിന്നിലുള്ളത് ഇതത്രേ.

തമോഗുണം അജ്ഞാനത്തിൽ നിന്നുണ്ടാകുന്നതും രാക്ഷസസ്വഭാവമുള്ളതുമാണ്. ഇങ്ങനെയുള്ളവരിൽ ക്രൂരതയും ആലസ്യവും ബുദ്ധിക്ക് മങ്ങലും പ്രമാദവും കാമവും ക്രോധവും അസൂയയും മദവും ലോഭവും നിറഞ്ഞിരിക്കും. ഇവർക്ക് ഗുണദോഷങ്ങളെപ്പറ്റിയോ പുണ്യപാപങ്ങളെപ്പറ്റിയോ ശ്രദ്ധയുണ്ടാവുകയില്ല. ഇരുണ്ട മനസ്സാണിവരുടേത്.

*(തുടരും)*



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കത്ത്

**അനാമിക മുരളി, 6 സി, ജെ എം ഹൈസ്കൂൾ,**
**ശാസ്താംകോട്ട, പോരുവഴി പി ഒ, കൊല്ലം 690520**



വര: ഗോപു പട്ടിത്തറ

സബ്‌വേ സർഫേസ് കളിച്ച് അപ്പു മടുത്തു. അപ്പോഴാണ് അവന് ഒരാശയം തോന്നിയത്. അച്ഛമ്മയ്ക്ക് ഒരു കത്തെഴുതിയാലോ... അവൻ അച്ഛന്റെ മേശയിൽ നിന്നും ഇൻലൻഡ് എടുത്തു. അച്ഛനും അമ്മയും ലാപ്ടോപ്പിലും ഐ പാഡിലും മുഴുകിയിരിക്കുകയാണ്. അവൻ പഴയ തന്റെ പ്രിയപ്പെട്ട മഷിപ്പേന എടുത്തു. അച്ഛമ്മ സമ്മാനിച്ചതാണത്. മഷിയുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം സ്റ്റൂൾ വലിച്ചിട്ട് കത്തെഴുതിത്തുടങ്ങി.

പ്രിയപ്പെട്ട അച്ഛമ്മയ്ക്ക്....

പിന്നങ്ങോട്ട് പതിനഞ്ചുമിനിറ്റോളം ഒരു നീണ്ട നിശ്ശബ്ദതയായിരുന്നു. അവൻ എഴുത്തിൽ നിന്നുണർന്ന് ആ കത്ത് അഭിമാനപൂർവം വായിച്ചു. പിന്നീട് മടക്കി തന്റെ ടെക്സ്റ്റ് ബുക്കിന്റെ അടിയിൽ വെച്ചു.

''അപ്പു.... നിനക്ക് കഴിക്കാറായില്ലേ...?'' അമ്മ വിളിച്ചു ചോദിച്ചു.

അവൻ അടുക്കളയിലേക്ക് പ്രതീക്ഷയോടെ ചെന്നു.

''ഇന്നും ബർഗറാ...?'' അവൻ നിരാശയോടെ ചോദിച്ചു.

''പിന്നെന്തു വേണം.... ചോറും സാമ്പാറുമൊന്നും എനിക്ക് വയ്ക്കാൻ വയ്യ. മെയ്ഡിനെ ഒന്നും വിശ്വസിക്കാൻ കൊള്ളില്ല. കണ്ണു തെറ്റിയാൽ മതി അലമാരയിൽ നിന്ന് ഓരോന്നായി പോകും. ഇതിപ്പോ നീ ഒരിക്കലും കഴിക്കാത്ത സാധനമൊന്നുമല്ലല്ലോ... ബർഗർ വേണ്ടെങ്കിൽ ഫ്രിഡ്ജിൽ നിന്ന് ഐസ്ക്രീം എടുത്തു കഴിച്ചോ. ചോറും സാമ്പാറും പിന്നെ നിന്റച്ഛമ്മയുടെ അടുത്ത് പോകുമ്പോൾ കഴിച്ചാൽ മതി.''

''എന്താ അവിടെ ഒരു ബഹളം.'' അച്ഛൻ കടന്നുവന്നു.

''ഇവന് ബർഗർ വേണ്ടാത്രേ. പിന്നെ ഞാനെന്തു കൊടുക്കാനാ?''

''സിറ്റിയിലെ ഭക്ഷണമൊന്നും നിനക്കിഷ്ടപ്പെടുന്നില്ലെങ്കിൽ നീ നിന്റെ ഗ്രാന്റ് പാരന്റ്സിന്റെ കൂടെപ്പോയി നിന്നോ. ഞങ്ങൾക്ക് വലിയ നഷ്ടമൊന്നും വരാനില്ല.''

അത് അമ്മയുടെ സ്ഥിരം പല്ലവിയാണ്. അവൻ ഫ്രിഡ്ജ് തുറന്ന് ഒരു ബൗൾ നിറയെ സ്ട്രോബറി ഐസ്ക്രീം പകർന്നു. ഐസ്ക്രീം പതിയെകഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവൻ കത്തിനെക്കുറിച്ചോർത്തു... സത്യം പറഞ്ഞാൽ അമ്മ എന്നെ ഒട്ടും മനസ്സിലാക്കുന്നില്ല. അച്ഛൻ കുറച്ചൊക്കെ മനസ്സിലാക്കും. അതുകൊണ്ട് അച്ഛനോട് കത്ത് പോസ്റ്റുചെയ്യാൻ പറയാം. ഓഫീസിൽ പോകുംവഴി അച്ഛൻ പോസ്റ്റ് ചെയ്തോളും. അമ്മയ്ക്ക് ഇത്തരം പ്രവൃത്തികളോട് ഒട്ടും താത്പര്യമില്ല.

'ഒരു മെസേജിന്റെയോ ഇ-മെയിലിന്റെയോ കാര്യമല്ലേയുള്ളൂ. എന്തിനാ മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ ഇതൊക്കെ' എന്നായിരിക്കും അമ്മയുടെ മറുപടി. അപ്പുവിന് ബാംഗ്ലൂരിൽ നിൽക്കുന്നതിനേക്കാൾ അച്ചച്ചന്റെയും അച്ചമ്മയുടെയും കൂടെ നാട്ടിൽ നിൽക്കുന്നതാണ് ഇഷ്ടം.

അവൻ അച്ഛന്റെ അരികിലേക്ക് പതിയെ ചെന്നു. അച്ഛൻ നെറ്റിൽ സെർച്ച് ചെയ്യുകയായിരുന്നു.

''എന്താടാ കുട്ടാ... എന്തോ ഉദ്ദേശവുമായാണല്ലോ നിന്റെ വരവ്. അച്ഛനോടു പറയ്''

അച്ഛൻ അവനിലേക്ക് ശ്രദ്ധ പതിപ്പിച്ചു. അമ്മ തൊട്ടരികിലിരുന്നു ലാപ്ടോപ്പിൽ തന്റെ പ്രിയ സീരിയലായ നീലക്കടൽ കാണുകയാണ്. അവൻ തീരെ താണസ്വരത്തിൽ അച്ഛനോട് പറഞ്ഞു.

''അച്ഛാ എനിക്കൊരു കത്തയയ്ക്കണം.''

''ആർക്ക്? എന്തിന്?''

അച്ഛൻ വിടർന്ന കണ്ണുകളോടെ ചോദിച്ചു

''അച്ഛമ്മയ്ക്ക്. അച്ഛനത് പോസ്റ്റു ചെയ്യാമോ? അമ്മയോട് പറഞ്ഞാൽ അമ്മ സമ്മതിക്കില്ല.''

''നീ അതിങ്ങു കൊണ്ടുവാ.'' അച്ഛൻ ആകാംക്ഷയോടെ പറഞ്ഞു. അപ്പു ഓടിപ്പോയി കത്തെടുത്തുകൊണ്ടു വന്നു. കത്ത് തുറന്നതും അച്ഛൻ അന്തംവിട്ടുപോയി.

''നീ എപ്പോഴാടാ മലയാളം പഠിച്ചത്?''

''അച്ഛമ്മ പഠിപ്പിച്ചു തന്നതാ.''

''നീ ആളുമിടുക്കനാണല്ലോ.''

അച്ഛൻ കത്തുവായിച്ച് ഒരു നിമിഷം മൗനംപാലിച്ചു.

''എനിക്ക് തോന്നാത്തത് നിനക്കു തോന്നിയല്ലോടാ.''

അദ്ദേഹം കണ്ണുതുടച്ചു. അച്ഛൻ തീർച്ചയായും കത്ത് പോസ്റ്റുചെയ്യും. അപ്പുവിന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.

പിറ്റേന്ന് ഓഫീസിൽ പോകുംവഴി അപ്പുവിനു വാക്കുകൊടുത്തപോലെ അദ്ദേഹമത് പോസ്റ്റ് ബോക്സിൽ നിക്ഷേപിച്ചു. ഏതോ ഒരു ഭാരം തന്നെ വിട്ടുപോയതായി അദ്ദേഹം അറിഞ്ഞു. പിന്നെ ശാന്തമായ മനസ്സോടെ ഓഫീസിലേക്ക് തിരിച്ചു.



# വേദനകളുടെ അമ്മ

ആദ്യാക്ഷരമാണമ്മ,
ആദ്യം പറഞ്ഞതും അമ്മ
അറിവായ്, നിറവായ്
നിറയുന്നോരമ്മ
നന്മനിലാവാണമ്മ.
വാത്സല്യത്തിൻ നിറകുടമമ്മ,
വാക്കിൽ തേനിൻ മധുരവുമമ്മ
വെയിലത്തും മഴയത്തും
തുണയാകുന്നമ്മ
നെഞ്ചിൽ വേദന നിറയുമ്പോൾ
നെഞ്ചിൽ ചേർത്തു പിടിച്ചീടും
നീയൊരു പെണ്ണാണെൻ കുഞ്ഞേ എൻ
വേദന നീയെന്തറിയുന്നു
ഞാനുണരുമ്പോൾ അമ്മയടുപ്പിൽ
തീയോടെന്തോ ചൊല്ലുന്നു.
ഞാനറിയുന്നു ഉള്ളിൽ മറ്റൊരു
തീയെരിയുന്നതുമറിയുന്നു



**ഋതുപർണ പി എസ്, ക്ലാസ് 5, ഗവ. എൽ പി എസ്
മണലകം, കുടവൂർ പി ഒ, തോന്നയ്ക്കൽ**

# കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ 10 ബാലസാഹിത്യകൃതികൾ പ്രകാശനം ചെയ്തു



ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളുടെ പ്രകാശനം ബെന്യാമിൻ നിർവഹിക്കുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങൾ ഡി സി ബുക്സ് കോഴിക്കോട് സംഘടിപ്പിച്ച കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ വേദിയിൽ ഫെബ്രുവരി 11 ന് പ്രശസ്ത സാഹിത്യകാരൻ ബെന്യാമിൻ പ്രകാശനം ചെയ്തു. ഡോ. കെ ശ്രീകുമാർ, ഇന്ദുമേനോൻ, മലയത്ത് അപ്പുണ്ണി എന്നിവർ പുസ്തകം ഏറ്റുവാങ്ങി. ആലേ ആലേ അരയാലേ (മലയത്ത് അപ്പുണ്ണി), ഓർമയുടെ അവകാശികൾ (ഡോ അശോക് എ ഡിക്രൂസ്), വിശ്വോത്തരകഥകൾ(പുന: ജി മോഹനകുമാരി), നേരിന്റെ വെളിച്ചം(എസ് ഡി ചുള്ളിമാനൂർ), മിന്നാമിന്നി(ലതീഷ് കീഴല്ലൂർ), ബഹുമാന്യനായ പാദുഷ(ഡോ എൻ പി ഹാഫിസ് മുഹമ്മദ്), ഒരു ഗ്രാമത്തിന്റെ കഥ(കെ കെ പല്ലശ്ശന), മുയലുകളുടെ ടാറ്റൂ(ഷിനോജ് രാജ്), കട് കിഡ് പിന്നെ ടിക് ടിക് (ഷിനോജ് രാജ്), മഴത്തുള്ളികൾ(എസ് സതീദേവി) എന്നീ പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. ഗ്രന്ഥകർത്താക്കളായ മലയത്ത് അപ്പുണ്ണി, ഡോ. അശോക് എ ഡിക്രൂസ്, ഷിനോജ് രാജ്, ഡോ. എൻ പി ഹാഫിസ് മുഹമ്മദ്, എസ് സതീദേവി എന്നിവർ പങ്കെടുത്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ജാനമ്മ കുഞ്ഞുണ്ണി സ്വാഗതവും എഡിറ്റോറിയൽ അസിസ്റ്റന്റ് സഫിയ ഒ സി നന്ദിയും പറഞ്ഞു.

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും നടന്നു.

# തൃശ്ശൂർ വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ 10 പുസ്തകങ്ങൾ പ്രകാശനം ചെയ്തു



10 പുസ്തകങ്ങളുടെ പ്രകാശനകർമ്മം വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ ഡോ. പ്രഭാകരൻ പഴശ്ശി നിർവഹിക്കുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങളുടെ പ്രകാശനകർമ്മം തൃശ്ശൂർ വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ പ്രശസ്ത സാഹിത്യകാരൻ ഡോ. പ്രഭാകരൻ പഴശ്ശി നിർവഹിച്ചു. കുട്ടികൾക്കു വേണ്ടി എഴുതുകയെന്നത് അത്യന്തം ശ്രമകരമാണ്. പക്ഷേ അവർക്ക് ഏറെ ശ്രദ്ധ ലഭിക്കാതെ പോകുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

മുന്നാഴി മുത്ത്(ഇന്ദിര അശോക്), കൂട്ടുകൂടുന്ന കഥകൾ(എം.ആർ രേണുകുമാർ), താഴ്മൊഴി( സിന്ധുസാജൻ), ലൂയി ബ്രെയ്ൽ (ഗംഗാധരൻ ചെങ്ങാലൂർ), മുഹമ്മദ് അബ്ദുറഹ്മാൻ(ഡോ എൻ പി ഹാഫിസ് മുഹമ്മദ്), നിലാവിലെ പാട്ടുകാർ(സൈജ എസ്), അങ്ങനെ ഞാനൊരു പോക്രോം പോക്രോം (ചിഞ്ജുപ്രകാശ്), സുകുമാർ അഴീക്കോട് (വി. ദത്തൻ), അപ്പുക്കുട്ടനും കട്ടുറുമ്പും ( ടി ആർ രാധികാദേവി), വായിച്ചുവളർന്ന കഥ(പോൾ മണലിൽ) എന്നീ പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരയാത്ര 2018

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചതിനെത്തുടർന്ന് മാതൃഭാഷയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കാനും വായനാശീലം വളർത്തുവാനുമായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച അക്ഷരയാത്ര പൂത്തോട്ട ശ്രീനാരായണ പബ്ലിക് സ്കൂളിൽ സാഹിത്യകാരൻ തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സെബാസ്റ്റ്യൻ പള്ളിത്തോട് അധ്യക്ഷനായിരുന്നു.

അക്ഷരയാത്രയുടെ ഉദയംപേരൂർ എസ് എൻ ഡി പി ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം സിപ്പി പള്ളിപ്പുറംനിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അധ്യക്ഷനായിരുന്നു.

അക്ഷരയാത്രയുടെ വീട്ടൂർ എബനേസർ ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം സാഹിത്യ അക്കാദമി മുൻ സെക്രട്ടറിയും സാഹിത്യകാരനുമായ പായിപ്ര രാധാകൃഷ്ണൻ നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ മധു അധ്യക്ഷത വഹിച്ചു.

അക്ഷരയാത്രയുടെ ഏരൂർ ഭവൻസ് വിദ്യാമന്ദിർ സ്കൂളിലെ ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരി തനൂജ എസ് ഭട്ടതിരി നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം പയ്യന്നൂർ കുഞ്ഞിരാമനായിരുന്നു അധ്യക്ഷത വഹിച്ചത്.

അക്ഷരയാത്രയുടെ പിറവം ഫാത്തിമ സ്കൂളിലെ ഉദ്ഘാടനം സിപ്പി പള്ളിപ്പുറം നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സെബാസ്റ്റ്യൻ പള്ളിത്തോട് അധ്യക്ഷനായിരുന്നു.

ഒരു മാസക്കാലമായി എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിലൂടെ കടന്നുപോയ അക്ഷരയാത്ര ഫെബ്രുവരി 6 നു സമാപിച്ചു. ജില്ലയിലെ പത്തു സ്കൂളുകളിലായിരുന്നു അക്ഷരയാത്ര നടന്നത്. എല്ലാ സ്കൂളുകളിലും ഗുരുപൂജ നടത്തുകയും വായനാമത്സരവും കാവ്യാലാപനമത്സരവും നടത്തി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പകുതി വിലയ്ക്കാണ് അക്ഷരയാത്രാ പദ്ധതിയിലൂടെ കുട്ടികൾക്കു ലഭ്യമാക്കിയത്. ഇരുപതുലക്ഷം രൂപ മുഖവിലയുള്ള പുസ്തകങ്ങളാണ് അക്ഷരയാത്രയിലൂടെ കുട്ടികളുടെ കരങ്ങളിൽ എത്തിച്ചേർന്നത്.



എറണാകുളം പൂത്തോട്ട ശ്രീനാരായണ പബ്ലിക്സ്കൂളിൽ തോമസ് ജോസഫ് അക്ഷരയാത്ര ഉദ്ഘാടനം ചെയ്യുന്നു.



വീട്ടൂർ എബനേസർ ഹയർ സെക്കൻഡറി സ്കൂളിൽ പായിപ്ര രാധാകൃഷ്ണൻ അക്ഷരയാത്ര ഉദ്ഘാടനം ചെയ്യുന്നു.




ഏരൂർ ഭവൻസ് വിദ്യാമന്ദിർ സ്കൂളിൽ തനൂജ എസ് ഭട്ടതിരി അക്ഷരയാത്ര ഉദ്ഘാടനം ചെയ്യുന്നു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2018-20

RNI No. 20076/70 March 2018
Regd KL/TV (N)/399/2018-2020 Published on 28-02-2018 Vol:24, Issue:03, ₹20

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




## തളിര്
### കുട്ടികളുടെ മാസിക
### വില 20രൂപ

### വാർഷികവരിസംഖ്യ 200രൂപ
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.